www.malankaralibrary.com

# മലങ്കര നാദം

RHYTHM OF FAITH

2022 ഡിസംബർ വാല്യം 6 ലക്കം 2



www.malankaralibrary.com



**കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാ ബാവയ്ക്ക്**

## പ്രാർത്ഥനാശംസകൾ

www.malankaralibrary.com

# Contents




5 കൂട്ട് നൽകാൻ വന്ന ദൈവം
ബിഷപ് വർഗ്ഗീസ് ചക്കാലക്കൽ

3 കാരുണ്യത്തിന്റെ ശാന്തിദൂത്
ഡോ. ജോസഫ് മാർ തോമസ്

7 ഒരു ജനനം, കരയിപ്പിക്കുന്ന ജനനം
ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

9 യൽദാപ്പെരുന്നാൾ മലങ്കര ആരാധനക്രമത്തിൽ
ഫാ. ജോസഫ് മലയാറ്റിൽ

11 സമകാലിക സമൂഹത്തിലെ യഥാർത്ഥ ക്രൈസ്തവസാക്ഷ്യം
ഡോ. സിറിയക് തോമസ്

14 മലങ്കര സുറിയാനി കത്തോലിക്കാ സഭ – പ്രാരംഭംമുതലേ ഒരു പ്രേഷിതസഭ
ബ്ര. ഇമ്മാനുവൽ മുകളത്ത് കിഴക്കേതിൽ

18 പുനരൈക്യത്തിൽ വിരിഞ്ഞ പ്രേഷിത വസന്തം
ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്

22 സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രേഷിതവഴികൾ
ഫാ. ജോസ് മുണ്ടപ്ലാവിളയിൽസ്പെഷ്യൽ ഫീച്ചർ

27 സെന്റ് എഫ്രേം കഡ്കി – പൂന രൂപതയും മിഷൻ പ്രവർത്തനവും
ഫാ. തോമസ് ആറ്റുമാലിൽ

32 ഗൾഫ്–മദ്ധ്യപൂർവ്വ ദേശങ്ങളിലെ മലങ്കരസഭാ പ്രേഷിതത്വം
റവ. ഡോ. വർഗ്ഗീസ് മനക്കലേട്ട്

35 പാശ്ചാത്യ നാടുകളിലെ മലങ്കര സഭാ സാന്നിധ്യവും പ്രേഷിത ചൈതന്യവും
ഫാ. തോമസ് മടുക്കമൂട്ടിൽ

39 ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ സിൽവർ ജൂബിലിനിറവിൽ
ഡോ. ജോസഫ് മാർ തോമസ്

44 ശുഭപ്രതീക്ഷയുടെ പുതുവർഷം
ഷെവ. ബെന്നി പുന്നത്തറ

46 വിശുദ്ധ കുർബാനയിലെ മരിയൻ ദർശനം മലങ്കര പാരമ്പര്യത്തിൽ
ഫാ. ഡോ. തോമസ് കാഞ്ഞിരമുകളിൽ

50 ഫ്രാൻസിസ് പാപ്പായുടെ ബഹ്റൈൻ സന്ദർശനം നൽകുന്ന പാഠം!
ഫാ. വർഗീസ് വള്ളിക്കാട്ട്

52 നിയമം വരണം; മനോഭാവവും മാറണം
പി.എം. ബിനുകുമാർ

54 ഉത്തിഷ്ഠതാ ജാഗ്രതാ
ഡോ. ജിബി ഗീവർഗ്ഗീസ്



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

**സഹരക്ഷാധികാരികൾ**
മോൺ. മാത്യു അറമ്പൻകുടി കോർ എപ്പിസ്കോപ്പ
മോൺ. സെബാസ്റ്റ്യൻ കീപ്പള്ളിൽ

**ചീഫ് എഡിറ്റർ**
ഫാ. വർഗ്ഗീസ് താന്നിക്കാക്കുഴിയിൽ

**എഡിറ്റേഴ്സ്**
ഫാ. തോമസ് മടുക്കംമൂട്ടിൽ
ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്

**എഡിറ്റോറിയൽ ബോർഡ്**
ഫാ. മത്തായികടവിൽ
ഫാ. ജയിംസ് മുളക്കവിളയിൽ
ഫാ. ജോസഫ് ചേലംപറമ്പത്ത്
ഫാ. ലൂയിസ് പുത്തൻവീട്ടിൽ
ഫാ. ഗീവർഗ്ഗീസ് പുതുക്കാട്ടിൽ
റവ. മദർ അൽഫോൻസ് ഡി.എം.
റവ. മദർ തേജസ് എസ്.ഐ.സി.
ശ്രീ. ഫിലിപ്പ് നൈനാൻ
ശ്രീ. ബാബു വർഗ്ഗീസ്
ശ്രീമതി. ബെറ്റി ജോർജ്
ശ്രീമതി. ഷീജാ ബെന്നി

**ഡിസൈനിംഗ് & പ്രിന്റിംഗ്**
സെന്റ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം 14

**വിലാസം**
മലങ്കരനാദം, ധർമ്മപീഠം
മലങ്കര കാത്തലിക്ക് ബിഷപ്സ് ഹൗസ്
സുൽത്താൻ ബത്തേരി പി.ഒ., വയനാട്
കേരള - 673 592
ഫോൺ - 9446293293

www.malankaralibrary.com





# ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തൽ...

ദൈവത്തിന് മനുഷ്യരോടുള്ള അതിരില്ലാത്ത സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ക്രിസ്തുമസ്സ്. “തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു...” (യോഹ. 3: 16) ഈ ദൈവസ്നേഹത്തിന്റെ ദൂതുമായി ഒരിക്കൽക്കൂടി നാം ക്രിസ്തുമസ്സ് ആഘോഷിക്കുകയാണ്. യേശുവിന്റെ ജനനം ഒരു സദ്വാർത്തയായിരുന്നു. മരണത്തിന്റെ നിഴലിലും ഇരുളിലും കഴിഞ്ഞിരുന്നവർക്ക് പ്രകാശത്തിന്റെ ഉദയം നൽകുന്ന സദ്വാർത്ത... അടിച്ചമർത്തപ്പെട്ടവർക്കും അശരണർക്കും പ്രതീക്ഷയും പ്രത്യാശയും നൽകുന്ന സദ്വാർത്ത... ഈ സദ്വാർത്ത ആദ്യം ശ്രവിച്ചത് ഇരുളിൽ ആടുകൾക്ക് കാവൽ കിടന്ന ആട്ടിടയന്മാർ ആയിരുന്നു.

“അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം”

ഇന്നും ഈ സദ്വാർത്ത പ്രഘോഷിക്കപ്പെടുകയാണ്. മാലാഖയുടെ സന്ദേശം നാം ഓരോരുത്തരുടെയും ചെവികളിൽ പതിക്കുന്നു. “നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു” രക്ഷകനെ നോക്കിപ്പാർത്തിരിക്കുന്ന അനേകരിലേക്ക് ഈ രക്ഷാദൂത് എത്തണം. ഫ്രാൻസിസ് പാപ്പ പറയുന്നു, “ക്രിസ്തുമസ്സ് ദൈവത്തിന് നമ്മോടുള്ള കരുണയും കരുതലും ഓർത്ത് അത്ഭുതപ്പെടുന്ന സമയമാണ്.” ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന സമ്മാനം സ്വീകരിക്കുന്നതിന് നാം തയ്യാറാകണം. ഈ സമ്മാനം കാത്തിരിക്കുന്നവരിലേക്ക് എത്തിക്കാൻ നമുക്ക് കടമയുണ്ട്. തങ്ങളുടെ അതിജീവനത്തിനായുള്ള സകലവും, കിടപ്പാടവും ജോലിയും നഷ്ടപ്പെട്ട് തൊഴുത്തിനേക്കാൾ ജീർണ്ണിച്ച സ്ഥലങ്ങളിൽ അന്തിയുറങ്ങുന്ന നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരങ്ങൾക്ക് എങ്ങനെയാണ് ദൈവസ്നേഹത്തിന്റെ കരുതൽ പകരുന്നത്? അവർക്ക് ഒപ്പമാകാൻ അവർക്കുവേണ്ടി ശബ്ദമുയർത്തുന്നവർക്ക് ഒപ്പമാകാൻ നമുക്ക് സാധിക്കണം.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ പാവപ്പെട്ടവരുടെയും ദുരിതമനുഭവിക്കുന്നവരുടെയും ഇടയിൽ ഈ ദൈവസ്നേഹം പ്രഘോഷിക്കുവാൻ പരിശ്രമിക്കുകയാണ്. ആന്ധ്രാ പ്രദേശിലും തെലങ്കാനയിലും മറാത്തിദേശത്തും ഭാരതത്തിന്റെ വടക്കൻ പ്രദേശങ്ങളിലും വടക്കുകിഴക്കൻ നാടുകളിലും യേശുവിന്റെ സദ്വാർത്ത പങ്കുവയ്ക്കുകയാണ്. ഗൾഫ് രാജ്യങ്ങളിലും പാശ്ചാത്യനാടുകളിലും മലങ്കര സഭയുടെ പ്രേഷിത ചൈതന്യം പങ്കുവയ്ക്കപ്പെടുന്നു.

ദൈവസ്നേഹത്തിന്റെ സാക്ഷികളായിത്തീരാൻ ഈ ക്രിസ്തുമസ്സ് നമ്മോടും ആവശ്യപ്പെടുന്നു. പ്രതീക്ഷയറ്റവർക്ക് പ്രതീക്ഷ നൽകുന്ന ക്രിസ്തുമസ്സ് ആഘോഷം... അശരണരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും ദൈവസ്നേഹത്തിന്റെ കരുതൽ പങ്കുവയ്ക്കുന്ന ക്രിസ്തുമസ്സ് ആഘോഷമായിരിക്കട്ടെ നമ്മുടേത്... അന്ധവിശ്വാസത്തിലും ലഹരിയിലും അടിമപ്പെട്ട് മനുഷ്യ ജീവൻ അപായപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുമസ്സ് ആഘോഷം ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും പങ്കുവയ്ക്കൽ ആയിത്തീരട്ടെ.

**ഫാ. വർഗ്ഗീസ് താന്നിക്കാക്കുഴിയിൽ**
ചീഫ് എഡിറ്റർ

www.malankaralibrary.com




# കാരുണ്യത്തിന്റെ ശാന്തിദൂത്



വീണ്ടും ഒരു ക്രിസ്തുമസ് ആഗതമാകുന്നു. ദൈവം മനുഷ്യനായി ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ ജനിച്ച ദിനമാണ് ക്രിസ്തുമസ്സ്. ജീവിതത്തിലെ നിരവധിയായ പ്രതിസന്ധികൾക്കും, വെല്ലുവിളികൾക്കും, ഇടയിലാണ് ക്രിസ്തുമസ്സ് കടന്നുവരുന്നത്. മാധുര്യമുള്ള കേക്കുകളും, സന്തോഷത്തിലേക്കും ആഹ്ലാദത്തിലേക്കും നയിക്കുന്ന സാന്താക്ലോസും, സ്വർഗ്ഗീയ സംഗീതത്തിന്റെ മാധുരിനിറഞ്ഞ ക്രിസ്തുമസ് കരോൾ ഗാനങ്ങളും, ഉണ്ണി പിറന്ന രാവിന്റെ കുളിരും, കാലിത്തൊഴുത്തിലെ ഓമനത്തം തുളുമ്പുന്ന ഉണ്ണിയേശുവിന്റെ മുഖവും എല്ലാം നമ്മെ ക്രിസ്തുമസ്സിന്റെ നിർവൃതിയിലേക്ക് നയിക്കുന്നു. ക്രിസ്തുമസ് തിരക്കുകൾക്കിടയിൽ പാവപ്പെട്ട മനുഷ്യരെ മറന്നുകൂടാ. കുറെ നാളുകൾക്ക് മുൻപ് സാഹിത്യകാരൻ എ. കെ. പുതുശ്ശേരി എഴുതിയ ഒരു സംഭവം വായിച്ചത് ഓർക്കുന്നു. ജോൺ ഒരു സാധു

www.malankaralibrary.com

കുടുംബത്തിലാണ് ജനിച്ചത്. അപ്പൻ കൂലിവേലക്കാരനായിരുന്നു. അവന്റെ വീടിനടുത്ത് താമസിച്ചിരുന്നവർ സമ്പന്നരായിരുന്നു. ക്രിസ്തുമസിന് അവർ വലിയ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ജോൺ കാണുമായിരുന്നു. എല്ലാ വീട്ടിലും നക്ഷത്ര വിളക്കുകളും, കുട്ടികൾക്ക് പുതുവസ്ത്രവും, കേക്കും, സമൃദ്ധമായ ഭക്ഷണവും എല്ലാം ക്രമീകരിച്ചിട്ടുണ്ട്. അപ്പൻ കൂലിപ്പണി കഴിഞ്ഞു വരുമ്പോൾ തനിക്കും പുതിയ നിക്കറും, ഉടുപ്പും, മറ്റു വിഭവങ്ങളും ഒക്കെ കൊണ്ടുവരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഇരിക്കുമ്പോഴാണ് ജോണിന്റെ അപ്പൻ അന്ന് ജോലിയൊന്നും കിട്ടാതെ കടം വാങ്ങിയ ഒരു റൊട്ടിയും കൊണ്ട് വീട്ടിൽ വന്നത്. കട്ടൻകാപ്പിയും റൊട്ടിയും കഴിച്ചിട്ട് അവർ പള്ളിയിൽ കുർബാനയ്ക്ക് പോയി. ജോണിന്റെ ഉടുപ്പ് കീറിയതാണ്. അമ്മയുടെ സാരിയും. അവൻ അമ്മയോട് പറയുകയാണ് എല്ലാവർക്കും പുത്തൻ ഉടുപ്പും നിക്കറും എനിക്ക് കീറിയ ഉടുപ്പ്. എനിക്ക് പുതിയ നിക്കറും ഉടുപ്പും വേണം. അവൻ വിങ്ങി കരയാൻ തുടങ്ങി. അപ്പോൾ അവന്റെ അമ്മ പള്ളിക്കകത്ത് ഉണ്ടാക്കിവെച്ചിരുന്ന പുൽക്കൂടിനടുത്ത് ജോണിനെ കൊണ്ടുപോയി. എന്നിട്ട് അവനോട് പറഞ്ഞു 'മോനേ നോക്കു ആ പുൽക്കൂട്ടിൽ കിടക്കുന്ന ഉണ്ണി ഈശോയ്ക്ക് ഒരു കീറിയ ഉടുപ്പ് പോലുമില്ല. നിനക്ക് ഒരു കീറിയ ഉടുപ്പ് എങ്കിലും ഉണ്ടല്ലോ. നമുക്ക് ഇതൊക്കെ മതി. ഈശോയെ പോലെ ആയാൽ മതി.'

ക്രിസ്തുമസ്സ്കാലം ഒന്നുമില്ലാത്തവരെ ഓർത്ത് കരുണ കാണിക്കാനുള്ള അവസരമാണ്. മലയോരങ്ങളിൽ വന്യമൃഗങ്ങളുടെ അക്രമങ്ങൾ കൊണ്ട് അന്തിയുറങ്ങാൻ പറ്റാത്ത കർഷകർ, തങ്ങളുടെ സ്ഥലവും വീടും കടൽ എടുത്തുകൊണ്ടു പോയതിനാൽ ഗോഡൗണുകളിൽ അന്തിയുറങ്ങുന്ന മത്സ്യത്തൊഴിലാളികൾ, സ്വന്തം ഭൂമിയിൽനിന്ന് കുടിയിറക്ക് ഭീഷണി നേരിടുന്ന നിസ്സഹായർ, ബഫർ സോണിന്റെ പേരിൽ വേട്ടയാടപ്പെടുന്നവർ, വിലക്കയറ്റം കൊണ്ട് ജീവിതം ദുസ്സഹമായവർ ഇവരുടെയെല്ലാം പുൽക്കൂടുകളിലാണ് രക്ഷകൻ പിറക്കുന്നത്. ഈശോ നടന്നത് അധ്വാനിക്കുന്നവരുടെയും, ഭാരം ചുമക്കുന്നവരുടെയും, സങ്കടങ്ങൾ അനവധി ഉള്ളവരുടെയും കൂടെയാണ്. ക്രിസ്തുമസിന്റെ സ്നേഹവും, കരുതലും, സാഹോദര്യവും, സമാധാനവും എല്ലാവർക്കും എത്തിച്ചു കൊടുക്കുന്നതാണ് സുവിശേഷം. എല്ലാ ഭയപ്പാടിനും ഇല്ലായ്മയ്ക്കും വെല്ലുവിളിക്കും ചാരുത ഉണ്ടാവുന്നത് ഈശോ കൂടെ ഉണ്ടാകുമ്പോഴാണ്. നമ്മോടൊപ്പം എപ്പോഴും ഉള്ളവനാണ് ഈശോ. അവൻ ഇമ്മാനുവേലാണ്. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ,

+ Mar Thomas

**ഡോ. ജോസഫ് മാർ തോമസ്**
**(ബത്തേരി രൂപതാദ്ധ്യക്ഷൻ)**



www.malankaralibrary.com






# കൂട്ട് നൽകാൻ വന്ന ദൈവം



ബിഷപ് വർഗ്ഗീസ് ചക്കാലക്കൽ

വി. ഫ്രാൻസിസ് അസ്സീസിയുമായി ബന്ധപ്പെട്ട ഒരു സംഭവം പറയാം. സംഭവം നടക്കുന്നത് ഇറ്റലിയിലെ അസ്സീസിക്കടുത്ത മോൻതെകസാലോ എന്ന കൊച്ചുഗ്രാമത്തിലാണ്. അവിടെ വി. ഫ്രാൻസിസ് അസ്സീസിയുടെ ഒരു ആശ്രമം ഉണ്ടായിരുന്നു. ആശ്രമത്തിലെ തലവൻ ആഞ്ചലോ എന്ന സന്യാസിയായിരുന്നു. ഒരു സന്ധ്യാനേരത്ത് വാതിലിൽ മുട്ടുന്നതു കേട്ട് ആശ്രമാധിപൻ വന്നു വാതിൽ തുറന്നു. ഗ്രാമത്തിൽ എല്ലാവരും അറിയുന്ന മൂന്നു കൊള്ളക്കാരായിരുന്നു അവർ. അവർ അദ്ദേഹത്തോട് അൽപ്പം ഭക്ഷണം ആവശ്യപ്പെട്ടു. അവരെ നന്നായി അറിയാവുന്ന ആശ്രമാധിപൻ ഭക്ഷണമൊന്നും കൊടുക്കാതെ ദേഷ്യത്തിൽ ഒച്ചവെച്ച് പറഞ്ഞുവിട്ടു. അവർ പോകുകയും ചെയ്തു.

രാത്രിയായപ്പോൾ ഫ്രാൻസീസ് അസ്സീസിയും കൂട്ടുകാരും കൂടി അവിടെയെത്തി. അന്ന് അവർ ഭിക്ഷാടനം നടത്തി കിട്ടിയ കുറച്ചു ഭക്ഷണസാധനങ്ങളും

www.malankaralibrary.com

വീഞ്ഞും ഉണ്ടായിരുന്നു. അവർ വന്ന ഉടനെ ആഞ്ചലോ സംഭവിച്ച കാര്യങ്ങളെല്ലാം ഫ്രാൻസിസിനോട് പറഞ്ഞു. കൊള്ളക്കാരെ ആട്ടിയോടിച്ച വിവരം ബ്രദർ ആഞ്ചലോ ഫ്രാൻസിസിനോട് വിവരിച്ചു പറഞ്ഞു. ബ്രദർ ആഞ്ചലോ വിചാരിച്ചത് ഫ്രാൻസിസ് തന്നെ ന്യായീകരിച്ച് സംസാരിക്കും എന്നായിരുന്നു. എന്നാൽ ഇതുകേട്ട ഫ്രാൻസീസ് ആഞ്ചലോയെ ശാസിക്കുകയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞു : ക്രൂരമായി നിന്ദിച്ചു കൊണ്ടും ശാസിച്ചു കൊണ്ടും അല്ല ഇവരെ മാനസാന്തരപ്പെടുത്തേണ്ടത്. നീതിമാൻമാരേക്കാൾ പാപികളെ വിളിക്കാനല്ലേ നമ്മുടെ ദിവ്യഗുരു വന്നത്. അവിടുന്ന് പാപികളോടൊപ്പം ഭക്ഷണം കഴിച്ചു. നിങ്ങൾ കർത്താവിന്റെ മാതൃകക്കെതിരെയും സ്നേഹത്തിനെതിരെയും പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഇവിടെ നിന്ന് കുറച്ചു റൊട്ടിയും വീഞ്ഞുമെടുത്ത് കൊള്ളക്കാരെ തേടിപിടിച്ച് അവർക്ക് കൊടുക്കുക. അവരുടെ മുമ്പിൽ മുട്ടുമടക്കി എളിമയോടെ വണങ്ങുകയും, ക്രൂരമായി ശാസിച്ചതിന് മാപ്പ് പറയുകയും ചെയ്യുക. എന്റെ നാമത്തിൽ ഈ ഉപദേശം കൂടി നൽകണം. തിന്മപ്രവൃത്തികൾ ഉപേക്ഷിച്ച് ദൈവഭയത്തോടെ ജീവിക്കണം. കൊള്ളക്കാർ ഇനി സഹജീവികളെ ഉപദ്രവിക്കരുത്. മാനസാന്തരപ്പെട്ട് ജീവിച്ചാൽ കൊള്ളക്കാരായ നിങ്ങളുടെ ഭക്ഷണപാനീയങ്ങൾ ഇനി മുതൽ ആശ്രമത്തിൽ നിന്നായിരിക്കും.

ബ്രദർ ആഞ്ചലോ പിതാവിന്റെ ആഗ്രഹമനുസരിച്ച് കുന്നുകളും താഴ്വരകളും നടന്ന് കൊള്ളക്കാരുടെ താമസസ്ഥലത്തെത്തി റൊട്ടിയും വീഞ്ഞും അവർക്ക് കൊടുത്തു. പിതാവായ ഫ്രാൻസിസ് അസ്സീസി പറഞ്ഞ കാര്യങ്ങളെല്ലാം അവരോട് പറഞ്ഞു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന കൊള്ളക്കാരുടെ മനസ്സിൽ മാനസാന്തരത്തിന്റെ തരംഗങ്ങളുണ്ടായി. ഈ സമയമത്രയും ഫ്രാൻസിസ് ഈ കൊള്ളക്കാരുടെ മാനസാന്തരത്തിനു വേണ്ടി മുട്ടുകുത്തി പ്രാർത്ഥിക്കുകയായിരുന്നു. അവർ പൂർണ്ണമായും മാനസാന്തരപ്പെട്ടു. തിന്മയുടെ വഴികൾ ഉപേക്ഷിച്ച് നല്ലവരാകാൻ തീരുമാനിച്ചു. അതായിരുന്നു അവർക്ക് ഹൃദയത്തിൽ രക്ഷകൻ പിറന്ന ദിനം. അതായിരുന്നു അവരുടെ ക്രിസ്തുമസ് ദിനം. അവർ പിന്നീട് ആശ്രമത്തിൽ ചേർന്ന് വിശുദ്ധ ജീവിതം നയിച്ചു.

ക്രിസ്തുമസ്, ദൈവം മണ്ണിൽ പിറന്ന ദിനമാണ്. ദൈവം മനുഷ്യനായതിന്റെ ആഘോഷമാണ്. എങ്കിൽ ഓരോ വ്യക്തിയും മാനസാന്തരപ്പെട്ട് ഹൃദയത്തിൽ ദൈവത്തിന് സ്ഥാനം നൽകുമ്പോൾ അവന്റെ ഹൃദയത്തിൽ ദൈവം പിറക്കുന്നു. അത് അവരുടെ ക്രിസ്തുമസ് ദിനമാണ്, ക്രിസ്തു ജനിച്ച പൊൻസുദിനം. ഉണ്ണി പുൽക്കൂട്ടിൽ മാത്രം പിറന്നാൽ പോരാ ഓരോ ഹൃദയത്തിലും പിറക്കണം. ആ തിരുപ്പിറവി നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ നിങ്ങൾക്ക് അത് ക്രിസ്തുമസ് ദിനമായി തീരും. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചതുപോലെ നിങ്ങളുടെ ഹൃദയങ്ങളിലും വന്നു പിറക്കട്ടെ.

ഈയിടെ വളരെ പ്രചോദനാത്മകമായ ഒരു കാര്യം ഞാൻ കേൾക്കുകയുണ്ടായി. ഒരു ചോദ്യത്തോടെയാണ് രണ്ടു പേരുടെ സംസാരം ആരംഭിക്കുന്നത്. ചോദ്യം ഇതായിരുന്നു; മലയാളത്തിലെ ഏറ്റവും മനോഹരമായ വാക്ക് ഏതാണ്? ചോദ്യത്തിന് ഉത്തരം നൽകിയ ആൾ പറഞ്ഞു: സ്നേഹം, പ്രണയം, ദൈവം എന്നൊക്കെ. എല്ലാം കേട്ടതിനു ശേഷം ചോദ്യം ചോദിച്ചയാൾ പറയുന്നുണ്ട്, ഏറ്റവും മനോഹരമായ വാക്ക് "കൂട്ട്" എന്നാണ്. ഈ വാക്കിന് ഒരു കാവ്യാത്മകതയുണ്ട്. ഒരു ഊർജ്ജം ഉണ്ട്. പ്രണയത്തിലാണെങ്കിലും ഭാര്യാഭർതൃബന്ധത്തിലാണെങ്കിലും അപ്പനും മകളുമായുള്ള ബന്ധത്തിലാണെങ്കിലും ഒരു കൂട്ടുണ്ട്. ഈ കൂട്ടിനു വേണ്ടിയാണ് മനുഷ്യൻ എന്നും കേണുകൊണ്ടിരിക്കുന്നത്. ആ കൂട്ട് ഒരു കൊച്ചു മൃഗം പോലും ആകാം. നമ്മൾ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരാളായിരിക്കും നമ്മുടെ ആവശ്യത്തിൽ നമുക്ക് കൂട്ടിനായി വരുന്നത്. ഈ കൂട്ടാണ് നമുക്ക് ശക്തി നൽകുന്നത്, ജീവൻ നൽകുന്നത്, സ്നേഹം നൽകുന്നത്.

ദൈവം സ്വർഗ്ഗം വിട്ട് മനുഷ്യർക്ക് കൂട്ടായി വന്നതല്ലേ ക്രിസ്തുമസ്? നീ എന്നെ വിട്ടു പോയാലും നിന്നെ ഞാൻ വിടില്ലായെന്നും പറഞ്ഞ് ഒരു വേട്ടപ്പട്ടിയെപ്പോലെ എന്റെ കൂടെ കൂട്ടായി ഓടുന്ന ദൈവം. വിശുദ്ധിയിൽ ജീവിക്കുമ്പോൾ നമുക്കു കൂട്ടായി അവനുണ്ട്. പാപത്തിൽ ജീവിക്കുമ്പോഴും കൂട്ടുവിടാതെ അവൻ നമ്മളെ പിൻതുടരുന്നു. അവന്റെ ആലിംഗനത്തിന്റെ ചൂട് നൽകി നമ്മെ ചൂടു പിടിപ്പിക്കുന്നു. അപ്പോൾ ക്രിസ്തുമസ് നമുക്കു കൂട്ട് നൽകാൻ ദൈവം മനുഷ്യനായി തീർന്ന പുണ്യദിനമാണ്. മലയാളത്തിലെ ഏറ്റവും മനോഹരമായ വാക്ക് കൂട്ടാണെങ്കിൽ ഏറ്റവും നല്ല അനുഭവമാണ് ക്രിസ്തുമസ് - ദൈവം പിറക്കുന്ന ദിവസം. ദൈവം നിങ്ങൾക്ക് കൂട്ട് നൽകുന്നതിന് നിങ്ങളുടെ ഉള്ളിൽതന്നെ പിറക്കട്ടെ.



www.malankaralibrary.com



കവർസ്റ്റോറി

# ഒരു ജനനം, കരയിപ്പിക്കുന്ന ജനനം



ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

യേശുവിന്റെ ജനനം അധികം ആളുകളെ ആകർഷിക്കാതിരുന്ന ജനനമാണ്. എങ്കിലും ആ ജനനത്തെപ്പറ്റി പറയുന്ന ലൂക്കാ സുവിശേഷകൻ ആ രാവിൽ ആടുകളെ കാത്തു കഴിഞ്ഞ ആട്ടിടയന്മാർ അഭൗമിക സന്ദേശം കേട്ട് ശിശുവിനെ സന്ദർശിച്ചുവെന്നു പറയുന്നുണ്ട്. (ലൂക്കാ 2: 6-20). മത്തായി പറയുന്നത് മറ്റൊരു സംഘം സന്ദർശകരെപ്പറ്റിയാണ് (മത്തായി 2: 1-12). ഇവർ ജ്ഞാനികളാണ്. യേശു ജനിച്ച ബേത്‌ലഹേമിലോ സമീപപ്രദേശങ്ങളിൽ നിന്നോ അല്ല അവർ വന്നത്. വിദൂരമായ പൂർവ്വദേശത്തു നിന്നാണ്. മാലാഖമാരല്ല അവർക്ക് സന്ദേശം നൽകിയത്. അത്ഭുതകരമായി ഉദിച്ച അസാധാരണ നക്ഷത്രമാണ്. അവർ നക്ഷത്രത്തിന്റെ ഉദയത്തിൽ നിന്ന് ഒരു മഹാരാജാവിന്റെ ജനനം സംഭവിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി യതിൽ നിന്ന് അവർ വാനശാസ്ത്രജ്ഞരായിരുന്നുവെന്ന് മനസ്സിലാക്കാം. പലപേരുകളിലാണ് അവർ ക്രൈസ്തവ പാരമ്പര്യത്തിൽ അറിയപ്പെടുന്നത്. ചിലർ അവരെ വിദ്വാന്മാരെന്നു വിളിക്കുന്നു. മറ്റുചിലർ ജ്ഞാനികളെന്ന്, ഇനിയും ചിലർ രാജാക്കന്മാരെന്ന്, വേറേ ചിലർ വിളിക്കുന്നത് വാനനി രീക്ഷകരെന്നാണ്. ഇവരുടെ സന്ദർശനം സവിശേഷതകൾ നിറഞ്ഞതാ യിരുന്നു.

അവർ ആദ്യം ചെന്നത് ജറുസലേമിൽ ഹെറോദേസ് രാജാവിന്റെ കൊട്ടാരത്തിലാണ്. അത് സ്വാഭാവികമെന്നുതന്നെ പറയാം. ഒരു സാധാര ണക്കാരന്റെ ജനനം അറിയിക്കാൻ അത്ഭുത നക്ഷത്രം ഉദിക്കേണ്ടതില്ലല്ലോ. എത്രയോ ശിശുക്കൾ ഓരോ ദിവസവും ജനിക്കുന്നു. എത്രപേർ അതറിയുന്നു? എത്രപേർ ശിശുക്കളെ സന്ദർശിക്കുന്നു? സ്വന്തം മാതാപിതാ ക്കളും അടുത്ത ബന്ധുക്കളും അറിഞ്ഞെന്നിരിക്കും. മറ്റാര് അറിയാനാണ്? അറിഞ്ഞിട്ട് എന്തു കാര്യമാണ്? എന്നാൽ അത്യപൂർവ്വരായ രാജാക്കന്മാരുടെ ജനനത്തിൽ പ്രകൃതിയുടെ സാധാരണ ഗതിയിൽ മാറ്റമുണ്ടായെന്നു വരും. അത് സ്വാഭാവിക നിഗമനമാണ്. അതാണ് ജ്ഞാനികളെ ജറുസലേമിലേക്ക് നയിച്ചത്.

എന്നാൽ അവർക്കു തെറ്റി. തെറ്റു മനസ്സിലാക്കി അവർ വഴിമാറി നടന്നു. അവർക്കു വഴികാട്ടിയായി അത്ഭുത നക്ഷത്രം വീണ്ടും ഉദിച്ച് അവർക്കു മുന്നേ നീങ്ങി. അവർ ശിശുവിനെ കണ്ടെത്തി അർഹമായ വിധം ആരാധിച്ച് മടങ്ങിപ്പോയി. അവരുടെ അനുഭവം എന്തായിരുന്നു? അവരുടെ സന്ദർശനം വിവരിക്കുന്ന മത്തായി അവരുടെ അനുഭവത്തെപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ ആട്ടിടയന്മാരുടെ സന്ദർശനം വിവരിക്കുന്ന ലൂക്കായ്ക്ക് അവരുടെ സന്ദർശനാനുഭവത്തെപ്പറ്റി ചിലതു പറയാനുണ്ട്. "അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവ രെ അവർ അറിയിച്ചു. കേട്ടവരെല്ലാം ഇടയന്മാർ തങ്ങളോടു പറഞ്ഞ

www.malankaralibrary.com

സംഗതികളെക്കുറിച്ച് അത്ഭുതപ്പെട്ടു" (ലൂക്കാ 2:17,18). മത്തായി ഒന്നും പറയുന്നില്ല; വായനക്കാരന്റെ ഊഹത്തിനു വിടുകയാണ് മത്തായി ചെയ്യുന്നത്. എന്തൊക്കെയാകാം അവരുടെ അനുഭവം?

ഒരു വായനക്കാരൻ ആ ജ്ഞാനികൾക്കുണ്ടായ അനുഭവം കുറിച്ചു വച്ചു, തന്റെ വിശ്വപ്രസിദ്ധമായ കവിതയിൽ. ആ കവിതയുടെ പേര് 'ജ്ഞാനികളുടെ യാത്ര' (Journey of the Magi) എന്നാണ്. അതു കുറിച്ചുവച്ച കവി വിശ്വവിഖ്യാതനായ ടി. എസ്. എലിയട്ട്. അത്യസാധാരണവും ക്ലേശപൂർണ്ണവുമായ ആ യാത്രയെയും നവജാതശിശുവിനെ ദർശിച്ചതിനെയും പറ്റി പിന്നീട് അവർ ഓർത്തെടുക്കുന്നത് ഇങ്ങനെയാണ്:

ആ വഴിയെല്ലാം ഞങ്ങൾ നയിക്കപ്പെട്ടത്
ജനനത്തിനു വേണ്ടിയോ മരണത്തിനു വേണ്ടിയോ?
ഒരു ജനനം അവിടെയുണ്ടായിരുന്നു, തീർച്ചയായും
ഞങ്ങൾക്ക് തെളിവുണ്ട്, സംശയമൊന്നുമില്ല.
ഞാൻ ജനനവും മരണവും കണ്ടിട്ടുണ്ട്
അവ രണ്ടും വ്യത്യസ്തമാണെന്നു വിചാരിച്ചിരുന്നു.
എന്നാൽ ഈ ജനനം കഠിനവും കയ്പുള്ള ആകുലതയുമായിരുന്നു.
അത് മരണം പോലെയായിരുന്നു; ഞങ്ങളുടെ മരണം പോലെ
ഞങ്ങൾ ഞങ്ങളുടെ സ്ഥലങ്ങളിലേക്കു മടങ്ങി. ഈ രാജ്യങ്ങളിലേക്ക്
എന്നാൽ ഞങ്ങൾക്ക് ഇവിടെ സുഖാനുഭവമല്ല. ആ പഴയ ജീവിതരീതിയിൽ
ഞങ്ങളുടെ ദൈവങ്ങളെ ആലിംഗനം ചെയ്തു-
കൊണ്ടിരിക്കുന്ന ഈ വൈദേശിക ജനങ്ങളുടെ ഇടയിൽ
ഇനിയും ഒരു മരണം വരിക്കാൻ ഞങ്ങൾക്കു സന്തോഷമാണ്.

എന്താണ് കവി നൽകുന്ന സന്ദേശം? ബേത്‌ലഹേമിലെ ജനനം കണ്ടവർക്ക് അതു സ്വന്തം മരണത്തിന്റെ അനുഭവമാണ്. സ്വയം മരിക്കാതെ യേശുവിന്റെ ജനനം ദർശിക്കാൻ ആർക്കും കഴിയുകയില്ല. ഒരുപാടു കൽപനകളും ഭാവനകളും കൊണ്ടു മെനഞ്ഞുണ്ടാക്കിയ ഗാനങ്ങളും കവിതകളും മറ്റു സാഹിത്യ രൂപങ്ങളും ബേത്‌ലഹേമിലെ ശിശുവിനെപ്പറ്റി പ്രചരിക്കുന്നുണ്ട്. നക്ഷത്രങ്ങളും വിളക്കുകളും ശിശുവിന്റെ മഹത്വം വർണ്ണിക്കാൻ തെളിയിക്കപ്പെടുന്നുണ്ട്. എന്നാൽ ആ ശിശുവിനെ വേണ്ടവണ്ണം ദർശിക്കാൻ ഇവയൊക്കെ ഉപകരിക്കുന്നുണ്ടോ? തങ്ങളുടെ പഴയ ദൈവങ്ങളെ, ദൈവസങ്കൽപ്പങ്ങളെ പുൽകി, പഴയ തോൽക്കുടങ്ങളിൽ ബേത്‌ലഹേമിലെ ശിശുവെന്ന നവമധു ഒഴിച്ചു സൂക്ഷിക്കാമെന്നു വിചാരിക്കുന്നവർ ഒരിക്കലും ആ ശിശുവിനെ



കാണുകയില്ല. ഇവിടെയാണ് പ്രശ്നം. ക്രിസ്തുമസ്സിലെ വൈരുധ്യവും ഇതുതന്നെ. നല്ല മനുഷ്യർ അനേകരുണ്ട്, യേശുവിനെ അഭിനന്ദിക്കാനും സന്തോഷത്തോടെ കാഴ്ചകൾ അർപ്പിക്കാനും എന്തിനേറെ ആരാധിക്കാനും തയ്യാറുള്ളവർ അനേകരാണ്. എങ്ങനെ ആരാധിക്കാൻ? തങ്ങളുടെ പഴയ ദൈവങ്ങളെ, തങ്ങളുടെ തന്നെ സൃഷ്ടികളായ ദൈവങ്ങളെ ആരാധിക്കുന്നതു പോലെ, ആരാധിച്ചു ശീലിച്ചതുപോലെ.

എന്നാൽ മരിക്കാൻ വരുന്നവന്റെ ജനനമാണിത്. മരിക്കാൻ വിളിക്കുന്നവന്റെ ജനനം. ഇവിടെ മരണവും ജനനവും കൈയ്കോർക്കുന്നു, അവയുടെ വ്യത്യസ്തത ഇല്ലാതാക്കുന്നു. അതുകൊണ്ടാണ് ലൂക്കാ എഴുതിയത്: അവനെ പിള്ളക്കച്ചകൾ കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയില്ല. അതിനെക്കുറിച്ച് മാലാഖമാർ പ്രതികരിക്കുന്നത് എങ്ങനെയെന്ന് കേൾക്കൂ:

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!

ദൈവപുത്രൻ പരിത്യക്തനായി പുൽക്കൂട്ടിൽ കിടക്കുന്നതിൽ ദൈവം മഹത്വപ്പെടുകയോ? മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്നോ? എന്നാൽ അങ്ങനെയേ ബേത്‌ലഹേമിലെ ശിശുവിനെ ദർശിക്കാനാവൂ. അതാണ് ക്രിസ്തുമസ്സിന്റെ സന്ദേശം.



www.malankaralibrary.com

കവർസ്റ്റോറി



# യൽദാപ്പെരുന്നാൾ മലങ്കര ആരാധനക്രമത്തിൽ



ഫാ. ജോസഫ് മലയാറ്റിൽ

'കാഴ്ചയിലവനെളിയവനെങ്കിലു-
മഗ്നിമയൻമാർക്കെല്ലാം- ഭ്രമമേകുന്നോൻ
മാനുഷജന്മം പൂണ്ടവനാം- സർവ്വേശൻ
ദൈവതനൂജനിവൻ സത്യം.' (യൽദാപ്പെരുന്നാൾ: കോലോ)

മലങ്കര സുറിയാനി ആരാധനക്രമവത്സരത്തിലെ ആദ്യത്തെ മാറാനായ പെരുന്നാളാണ് 'യൽദാ' അഥവാ നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം രക്ഷാകര പദ്ധതിയുടെ ദൃശ്യവും പരസ്യവുമായ തുടക്കമാണ്. അതോടൊപ്പം മനുഷ്യവംശത്തിന്റെ സന്തോഷത്തിനും സമാധാനത്തിനും ഐക്യത്തിനുമുള്ള പ്രത്യാശയുടെ പ്രതീകം കൂടെയാണ്. ഈ പ്രത്യാശ പൂവണിയുന്നത് ക്രൂശുമരണത്തിനും ഉത്ഥാനത്തിനും ശേഷം പെന്തിക്കോസ്തിയിൽ പറുദീസായിൽ നഷ്ടപ്പെട്ട പരിശുദ്ധാത്മാവിനെ തിരികെ നൽകുന്നത് വഴിയാണ്.

നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ നൂറ്റാണ്ടുകൾക്കു മുമ്പ് നടന്ന ഒരു സംഭവത്തിന്റെ ഓർമ്മയാചരണം (Commemoration) മാത്രമല്ല. മറിച്ച് അനുസ്മരണം (Anamnesis) കൂടെയാണ്. രക്ഷാകരമായ അവിടുത്തെ ജനനത്തിൽ ആത്മീയമായി നാമും പങ്കുചേരുകയാണ്. ജനനപ്പെരുന്നാളിലെ

www.malankaralibrary.com

ശുശ്രൂഷകളിൽ നാം പങ്കെടുക്കുമ്പോൾ ഈ രക്ഷാകരമായ സംഭവങ്ങളെ നാം അനുസ്മരിക്കുകയും ധ്യാനിക്കുകയും രക്ഷയുടെ അനുഭവം നാം സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ പുനരാവിഷ്കരണമാണ് (Re-Presentation) ഇവിടെ നടക്കുന്നത്. ചരിത്രത്തിലെ യേശുവിന്റെ ജനനത്തെ ശുശ്രൂഷകളിലൂടെ അനുസ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ മനുഷ്യാവതാരത്തിന്റെ രക്ഷാകരമായ അനുഭവത്തിലൂടെയാണ് ഓരോ വിശ്വാസിയും കടന്നുപോകുന്നത്. ഈ അനുഭവത്തിൽ നിന്നാണ് തുടർന്നു വരുന്ന രക്ഷാകര സംഭവങ്ങളായ നമ്മുടെ കർത്താവിന്റെ മാമോദീസ (ദനഹോ), ദൈവാലയ പ്രവേശനം (മായൽത്തോ), ഉയിർപ്പ് (ക്യംതോ), സ്വർഗ്ഗാരോഹണം (സൂലോക്കോ), പെന്തിക്കോസ്തി, തേജസ്കരണം (മ്താലേ) എന്നീ പെരുന്നാളുകൾ ആചരിക്കുന്നത്. മലങ്കര ആരാധനക്രമത്തിലെ യൽദാപ്പെരുന്നാൾ ശുശ്രൂഷകൾ സന്ധ്യാപ്രാർത്ഥന, രാത്രിപ്രാർത്ഥന, പ്രദക്ഷിണം, തീ ഉഴലിച്ച ശുശ്രൂഷ, വി. സ്ലീബാ ആഘോഷം, വി. കുർബാന എന്നിവയാണ്. മിശിഹായുടെ ജനനം രാത്രിയിൽ ആയതിനാൽ ശുശ്രൂഷകൾ രാത്രിയിലാണ് നടത്തുന്നത്.

സന്ധ്യാ നമസ്കാരത്തിൽ പ്രാരംഭപ്രാർത്ഥന, കോലോ, പ്രുമിയോൻ, സെദറാ തുടങ്ങിയവയിലെല്ലാം സ്വഭാവത്തിൽ ഉന്നതനായിരിക്കെ താഴ്ന്നവനായി ശിശുവായിപ്പിറന്ന ദൈവപുത്രന്റെ എളിമയെയും ലാളിത്യത്തെയും അവതരിപ്പിക്കുന്നു. രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള പഴയനിയമ പ്രവചനങ്ങളും ദൃഷ്ടാന്തങ്ങളും പ്രധാനപ്പെട്ട ചിന്താവിഷയങ്ങളാണ്. 'നീ എന്റെ പുത്രനാകുന്നു ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്ന് ദാവീദ് ഇന്ന് വിസ്മയനീയ ശിശുവിനെക്കുറിച്ച് പാടി.' (സെദറാ).

ബോവൂസോകളും സങ്കീർത്തനങ്ങളും മാനീസോയുമെല്ലാം ഈ രക്ഷാകരമായ ജനനത്തെ പാടി ആഘോഷിക്കുകയാണ്. അതോടൊപ്പം കന്യകയായി സ്ഥിതിചെയ്തുകൊണ്ടുതന്നെ ശിശുവിനെ പ്രസവിച്ച മറിയത്തെയും പ്രകീർത്തിക്കുന്നു.

തീർത്ഥാടകയായ സഭ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്രചെയ്യുന്നതിന്റെ പ്രതീകാത്മകമായ ശുശ്രൂഷയാണ് പള്ളിക്കു ചുറ്റുമുള്ള പ്രദക്ഷിണം. യൽദാപ്പെരുന്നാളിലെ പ്രദക്ഷിണം ഇടയൻമാരും വിദ്വാൻമാരും ശിശുവായ യേശുവിനെ ദർശിക്കാൻ പോയ യാത്രയെയും സൂചിപ്പിക്കുന്നു.

ജനനപ്പെരുന്നാളിലെ പ്രധാനപ്പെട്ട ശുശ്രൂഷയാണ് തീ ഉഴലിച്ച ശുശ്രൂഷ. പടിഞ്ഞാറേ വാതിലിനു മുമ്പിലായി മുറ്റത്ത് കുരിശാകൃതിയിൽ കുഴിയുണ്ടാക്കി അതിനും സമീപം നിന്ന് ഈ ശുശ്രൂഷ നടത്തുന്നു. കർത്താവിന്റെ ജനനം പ്രകാശത്തിന്റെ ഉദയമാണ്. അന്ധകാരത്തിലിരുന്ന ജനം വലിയ പ്രകാശം കണ്ടു എന്ന ഏശയ്യാ പ്രവചനത്തിന്റെ പൂർത്തീകരണമാണ് കർത്താവിന്റെ ജനനം. യൽദാപ്പെരുന്നാളും ദനഹാപ്പെരുന്നാളും 'പ്രകാശത്തിന്റെ പെരുന്നാൾ' എന്നാണു വിളിക്കപ്പെടുന്നത്.

തീ ഉഴലിച്ച ശുശ്രൂഷയിലെ സെദറാപ്രാർത്ഥനയിൽ പ്രകാശത്തിന്റെ വലിയ ദൈവശാസ്ത്രം വി. ജോൺ ക്രിസോസ്റ്റം അവതരിപ്പിക്കുന്നുണ്ട്. 'പ്രകാശങ്ങളുടെ നാഥനായ നീ ഉദരത്തിൽ നിന്ന് സൂര്യനെപ്പോലെ ശോഭയോടെ ഉദിക്കുകയും നിന്റെ ശ്രേഷ്ഠമായ ഉദയത്താൽ സകല സൃഷ്ടികളെയും പൂർണ്ണമായി പ്രകാശിപ്പിക്കുകയും ചെയ്തു.' 'ഉജ്ജ്വലപ്രകാശത്തിൽ വസിക്കുന്ന നീ ശീലകളാൽ എളിയവനെപ്പോലെ പൊതിയപ്പെട്ടു.' 'വെളിവുനിറഞ്ഞോരീശോ...' എന്ന ഗീതം ചൊല്ലി കുഴിയുടെ നാലുദിക്കിലും തീ കത്തിക്കുന്നതിലൂടെ ക്രിസ്തു ലോകത്തിന്റെ മുഴുവൻ പ്രകാശമാണ് എന്ന് പ്രഖ്യാപിക്കുകയാണ്. അഗ്നി അഥവാ പ്രകാശം ക്രിസ്തു തന്നെയാണ്. ജ്ഞാനികൾ സമർപ്പിച്ച പൊന്നും മീറയും കുന്തുരുക്കവും ക്രിസ്തുവിന്റെ രാജത്വത്തെയും ദൈവത്വത്തെയും മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു. ആശീർവ്വദിച്ച കുന്തുരുക്കം വിശ്വാസികൾ അഗ്നിയിൽ നിക്ഷേപിക്കുന്നതിലൂടെ ഇവ ഏറ്റു പറയുകയും തങ്ങളെത്തന്നെ ക്രിസ്തുവിന് സമർപ്പിക്കുകയുമാണ്.

ജീവപ്രദമായ സ്ലീബായെ പുകഴ്ത്തിക്കൊണ്ടു നടത്തുന്ന സ്ലീബാ ആഘോഷം സകല ജനത്തിനുമുള്ള സമാധാനവും ശാന്തിയും ക്രിസ്തുവിന്റെ ജനനത്തിലൂടെ നൽകപ്പെടുന്നു എന്ന് പ്രഖ്യാപിക്കുകയും മാലാഖവൃന്ദങ്ങളോടും സ്വർഗ്ഗീയരോടും ഭൗമികരോടും ചേർന്ന് അവിടുത്തെ ജനനത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു. തുടർന്ന് രക്ഷാകര സംഭവങ്ങൾ മുഴുവൻ അനുസ്മരിക്കുന്ന വി. കുർബാനയോടുകൂടെയാണ് ശുശ്രൂഷകൾ സമാപിക്കുന്നത്. പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതു തന്നെ കർത്താവിന്റെ ജനനത്തെ അനുസ്മരിച്ചുകൊണ്ടാണ്. യേശുക്രിസ്തുവിന്റെ ജനനം ചരിത്രത്തെ ക്രിസ്തുവിനു മുൻപും പിൻപും എന്ന് രണ്ടായി തിരിച്ചു. ചരിത്രം രക്ഷാകരചരിത്രമായി. രക്ഷാകരമായ അവിടുത്തെ ജനനത്തിന്റെ ആഘോഷം പൂർണ്ണമാകുന്നത് രണ്ടാം വരവിന്റെ അനുസ്മരണം ആഘോഷിക്കുന്നതിലൂടെയാണ്. നിത്യ നൂതനമായ ഒരു അനുസ്മരണമാണിത്. ആയതിനാൽ മഹനീയമായ ജനനപ്പെരുന്നാളിൽ സംബന്ധിച്ച് രക്ഷാകരമായ അനുഭവം നമുക്ക് സ്വന്തമാക്കാം.

'രക്ഷിതരാം ജാതികളേ വരുവിൻ നിങ്ങൾ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ'

www.malankaralibrary.com




# സമകാലിക സമൂഹത്തിലെ യഥാർത്ഥ ക്രൈസ്തവസാക്ഷ്യം



ഡോ. സിറിയക് തോമസ്

ഏത് സമൂഹത്തെ സംബന്ധിച്ചും നാം കാണുന്നതും കണ്ടുകൊണ്ടിരിക്കുന്നതുമായ ഒരു യാഥാർത്ഥ്യമാണ് ചില ആളുകൾ കാലത്തെ കടന്നുപോയാലും കാലാതീതമായ ചില സത്യങ്ങളെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് അവരുടെ സ്മരണ ആ സമൂഹത്തിൽ ഒരു കനൽ പോലെ നീറിനീറി നിൽക്കും എന്നുള്ളത്. ഇതിനെയാണ് നാം സമൂഹത്തിന്റെ ചരിത്ര ചൈതന്യം എന്നും അതിനെ നിലനിർത്തിക്കൊണ്ടിരിക്കുന്ന അനുഗ്രഹം എന്നും ഒക്കെ പറയാറുള്ളത്. എല്ലാ കുടുംബങ്ങളിലും എല്ലാ സമൂഹങ്ങളിലും എല്ലാ സഭകളിലും മാത്രമല്ല സ്ഥാപനങ്ങളിൽ പോലും ഇത്തരം ചില നിത്യ സാന്നിധ്യ സ്മരണകൾ ഉണ്ടാവുമെന്നതാണ് നമുക്കറിയാവുന്ന കാര്യം. ചില സംഭവങ്ങളുടെ സ്മരണകൾ, ചില വ്യക്തികളുടെ സ്മരണകൾ, ചില പ്രസ്ഥാനങ്ങളുടെ സ്മരണകൾ... ഇവ മൂന്നും ചേർന്ന ഒരു മഹാപ്രതിഭാസത്തെയാണ് മാർ ഈവാനിയോസ് എന്ന ഒറ്റപ്പേരിൽ വിളിക്കുന്നത് എന്നതാണ് നാം തിരിച്ചറിയേണ്ട കാര്യം. നമുക്കറിയാം ഒട്ടേറെ ഈവാനിയോസ് തിരുമേനിമാർ വിവിധ സഭകളിലായി നമുക്കുണ്ട്. കടന്നുപോയവരുണ്ട്. ഇപ്പോഴുള്ളവരുമുണ്ട്. പക്ഷേ ആരെങ്കിലും ഈവാനിയോസ് തിരുമേനി എന്നു പറഞ്ഞാൽ അന്നും ഇന്നും അത് സുറിയാനി മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപക മെത്രാപ്പോലീത്തായായ ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ഡോ. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയാണ് എന്നുള്ളതാണ് നമ്മുടെ ഭാഗ്യം. മലങ്കര സഭയുടെയോ മാർ ഈവാനിയോസ് തിരുമേനിയുടെയോ വിമർശകർക്ക് പോലും ഇതിൽ സംശയമില്ല എന്നുള്ളതാണ് നമ്മെ ഏറ്റവും സന്തോഷിപ്പിക്കുന്നത്.

പൂർവ്വാശ്രമത്തിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത് പി. റ്റി. ഗീവർഗീസ് എന്നായിരുന്നല്ലോ. പിന്നീട് പണിക്കരച്ചനായി പിന്നെ എം. എ. അച്ചനായി. പിന്നെ ബഥനി മെത്രാൻ എന്ന് ജനങ്ങൾ പറഞ്ഞു. പിന്നെ മാർ ഈവാനിയോസ് എന്ന് എല്ലാവരും തിരുമേനിയെ വിളിച്ചു. ചിലരെപ്പറ്റി മാത്രമേ ചരിത്രം അവർതന്നെ ഒരു സംഭവമായിരുന്നു എന്ന് പറഞ്ഞിട്ടുള്ളൂ. അത്തരക്കാരെ ജനങ്ങൾ വെറും വ്യക്തികളായിട്ടല്ല ചരിത്രം സൃഷ്ടിച്ച ചില സംഭവങ്ങളായിട്ടാണ് അവരെ വിശേഷിപ്പിക്കുന്നത് അഥവാ ഓർമ്മിക്കുന്നത്. മാർ ഈവാനിയോസ് തിരുമേനി അത്തരത്തിലൊരു സംഭവ

www.malankaralibrary.com

മായിരുന്നു. മാർ ഈവാനിയോസ് തിരുമേനി ചരിത്രത്തി ലേക്ക് നടന്നുകയറിയ, ചരിത്രം എഴുതിയ, ചരിത്രത്തെ തിരുത്തിയ ആളാണ്. തന്നെത്തന്നെ ചരിത്രത്തിലെ ഒരു സംഭവമാക്കി മാറ്റിയ ആളുമാണ്. ഭാരതത്തിൽ എന്നല്ല ലോകത്തിൽ തന്നെ ക്രൈസ്തവ സാക്ഷ്യത്തിന് ഒരു നൂതന മാതൃക നൽകിയ മഹത്വ്യക്തിയാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്. വന്ദ്യ പിതാവിന്റെ സ്മരണയോടു ചേർത്ത് നമ്മുടെ ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് ചിന്തിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

മഹത്തായ നമ്മുടെ ഈ രാജ്യത്ത് കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി നമ്മൾ അതായത് ക്രൈസ്തവർ ഉണ്ട്. തങ്ങളുടെ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പൈതൃകത്തിന്റെയുമെല്ലാം പല നൂറ്റാണ്ടുകൾ നീണ്ട സാനിധ്യം ഈ മണ്ണിൽ ഉണ്ടായിട്ടും, നാളിതുവരെ രാജ്യത്തിനെതിരായി യാതൊന്നും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലെന്ന് വളരെയധികം അഭിമാനത്തോടെയും ധൈര്യത്തോടെയും പറയാൻ സാധിക്കുന്ന ഒരു മത ന്യൂനപക്ഷമാണ് ക്രൈസ്തവരായ നമ്മൾ. എല്ലാക്കാലത്തും ദേശീയതയ്ക്കൊപ്പം നിലനിൽക്കാനുള്ള ഒരു മനസ്സ് നമുക്കുണ്ടായിരുന്നതുകൊണ്ട് മാത്രം സംഭവിച്ച ഒരു കാര്യമാണിത്. ഒരിക്കൽപ്പോലും ഭാരതത്തിന്റെ ദേശീയതയ്ക്കെതിരായി എന്തെങ്കിലും നാം ചെയ്യുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. ഒരു ക്രിക്കറ്റ് മത്സരം നടക്കുമ്പോഴാണ് ഒരുവന്റെ ദേശീയത അതിന്റെ വൈകാരികവും പ്രത്യക്ഷവുമായ ഒരു ഭാവത്തിൽ വെളിപ്പെടുക എന്ന് അന്തർദേശീയ ക്രിക്കറ്റ് മത്സരങ്ങൾ നമുക്കു കാണിച്ചു തന്നിട്ടുണ്ട്. എന്നെങ്കിലും ഭാരതവും വത്തിക്കാനും തമ്മിൽ ഒരു ക്രിക്കറ്റ് മത്സരം നടന്നാൽ ഇവിടുത്തെ ഒരു കത്തോലിക്കൻ പോലും വത്തിക്കാൻ ടീമിനു വേണ്ടി കൈയ്യടിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഇതാണ് ഭാരതത്തിലെ ക്രൈസ്തവന്റെ ദേശീയതയുടെയും ദേശാഭിമാനത്തിന്റെയും സാക്ഷ്യം. ഭാരത സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങളിലും ഭരണഘടനയുടെ നിർമ്മാണത്തിലും ഒക്കെ നിർണ്ണായകമായ പങ്കു വഹിച്ചവർ തന്നെയാണ് ക്രൈസ്തവർ. എന്റെ പിതാവ് തിരുവിതാംകൂർ രാജ്യത്തെ പ്രതിനിധീകരിച്ച് ഭരണഘടനാ നിർമ്മാണ സമിതിയിൽ ഉണ്ടായിരുന്ന വ്യക്തിയാണ്. ഫാ. ജെറോം ഡിസൂസ, ഡോ. ജോൺ മത്തായി, ആനി മസ്ക്രീൻ, ആർ. വി. തോമസ്, സി. ജോൺ ഫിലിപ്പോസ്, എൻ. അലക്സാണ്ടർ, പി. റ്റി. തോമസ് ഇങ്ങനെ വലിയൊരു നിര ക്രൈസ്തവർ തിരുവിതാംകൂറിനെ പ്രതിനിധീകരിച്ച് ഭരണഘടനാ നിർമ്മാണത്തിൽ പങ്കെടുത്തവരാണ്. സ്വാതന്ത്ര്യ സമരങ്ങളിലും സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷമുള്ള രാജ്യക്ഷേമ പ്രവർത്തനങ്ങളിലും തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരാണ് ക്രൈസ്തവർ. രാഷ്ട്ര പുനർനിർമ്മാണ പ്രവർത്തനങ്ങളിലും ക്രൈസ്തവർ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ, സാമൂഹിക, ആതുര ശുശ്രൂഷാ മേഖലകളിൽ ക്രൈസ്തവരുടെ സംഭാവനകൾക്കൊപ്പം നിൽക്കാൻ മറ്റൊരു സമൂഹത്തിനും, ക്രൈസ്തവരുടെ പ്രവർത്തനങ്ങളെ വിമർശന മനോഭാവത്തോടെ നോക്കിക്കാണുന്നവർക്കു പോലും കഴിഞ്ഞിട്ടില്ല എന്നതാണ് അംഗീകൃതമായ സത്യം.

നമ്മുടെ സമൂഹത്തിലെ ക്രൈസ്തവ സാക്ഷ്യങ്ങളെ നിരീക്ഷണ വിധേയമാക്കുമ്പോൾ നമ്മുടെ ശ്രദ്ധയിൽ വരുന്ന ചില കാര്യങ്ങളുണ്ട്. നമ്മുടെ പഴയ തലമുറയിലെ ആളുകൾ ക്രൈസ്തവരെപ്പറ്റി പറഞ്ഞിരുന്നത് ക്രിസ്ത്യാനിയുടെ വാക്ക് പ്രമാണം എന്നാണ്. ക്രിസ്ത്യാനി വാക്കു പറഞ്ഞാൽ പിന്നെ ആരും ഒരു രേഖയുടെ പിൻബലം ആവശ്യപ്പെട്ടിരുന്നില്ല എന്ന് പറയുമ്പോൾ അതു കാണിക്കുന്ന ഒരു ക്രൈസ്തവ സാക്ഷ്യം എത്രയോ ആഴമേറിയതാണ്. ക്രിസ്ത്യാനി കള്ളം പറയുകയില്ല എന്നൊരു വിശ്വാസം പഴയ തലമുറയിലെ മനുഷ്യർക്ക് ഉണ്ടായിരുന്നു. നമ്മുടെ പൂർവ്വികർക്ക് സാധിച്ചതുപോലെ അത്രയും ശക്തമായ ഒരു സാക്ഷ്യം നൽകാൻ ഇന്നു നമുക്ക് സാധിക്കുമോ എന്നു ചോദിച്ചാൽ ബുദ്ധിമുട്ടാണ് എന്ന് സമ്മതിക്കാതെ നമുക്ക് നിവൃത്തിയില്ല. നമ്മുടെ നിയമ സഭാരേഖകളിലുള്ള ഒരു കാര്യം ഇതിനുദാഹരണമായിട്ടു ചൂണ്ടിക്കാണിക്കാവുന്നതാണ്. ശ്രീ എ. ജെ. ജോൺ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, അദ്ദേഹം ഒരു വിശ്വാസ പ്രമേയം അവതരിപ്പിക്കുകയും അതെക്കുറിച്ച് നിയമസഭയിൽ ഒരു ചർച്ച നടക്കുകയും ചെയ്തു. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന പ്രമുഖ കമ്യൂണിസ്റ്റ് നേതാവ് ശ്രീ എം. എൻ. ഗോവിന്ദൻ നായരാണ് പ്രമേയത്തെ എതിർത്തുകൊണ്ട് പ്രസംഗിച്ചത്. പ്രമേയത്തിൽ പറഞ്ഞ ചില കാര്യങ്ങളെ ഖണ്ഡിച്ചു കൊണ്ട് അദ്ദേഹം സംസാരിച്ചപ്പോൾ മറ്റൊരംഗം എഴുന്നേറ്റ് 'മുഖ്യമന്ത്രി കള്ളം പറഞ്ഞുവെന്നാണോ അങ്ങു പറയുന്നത്?" എന്നു ചോദിച്ചു. പ്രതിപക്ഷത്തെ ഡെപ്യൂട്ടി ലീഡർ അതിനു നൽകിയ മറുപടി. 'ഞാനങ്ങനെ പറഞ്ഞിട്ടില്ല, ഞാനങ്ങനെ പറയുകയുമില്ല. ഒരു കാര്യത്തിനും ഈ മുഖ്യമന്ത്രി കള്ളം പറയില്ലയെന്ന് ഞങ്ങൾക്കുറപ്പുണ്ട്.' എന്നായിരുന്നു. കേരളത്തിലെ ആദ്യത്തെ ക്രൈസ്തവനായ മുഖ്യമന്ത്രിക്ക് പ്രതിപക്ഷം നൽകിയ സർട്ടിഫിക്കേറ്റ് ആണിത്. അതായിരുന്നു നമ്മുടെ സാക്ഷ്യം.

തീണ്ടലും തൊടീലും ഒക്കെയുണ്ടായിരുന്ന ഒരു കാലത്ത് അശുദ്ധമായ വസ്തുക്കൾ ക്രിസ്ത്യാനി തൊട്ടാൽ ശുദ്ധമാകും എന്ന് ഒരു വിശ്വാസമുണ്ടായിരുന്നതായി നമുക്കറിയാം. പൗലോസ് തൊട്ടാലതു ശുദ്ധമാകും എന്നൊരു പാട്ടുതന്നെ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നമ്മൾ പൗലോസും പത്രോസും തോമസും തൊട്ടാലും ശുദ്ധമാകുമെന്ന് പറയാൻ നമുക്ക് ധൈര്യം പോര. നമ്മുടെ ക്രൈസ്തവ സാക്ഷ്യത്തിന്റെ സമകാലീന അവസ്ഥയാണിത്. നമ്മൾ നമ്മളോട് തന്നെ സമ്മതിക്കുകയും സംവദിക്കുകയും ചെയ്യേണ്ട ഒരു യാഥാർത്ഥ്യമാണിത്. എന്തുകൊണ്ടാണ് നമ്മുടെ പൂർവ്വികരുടെ പുണ്യ

www.malankaralibrary.com

കാലത്തെക്കുറിച്ച് നമുക്ക് ഓർക്കേണ്ടി വരുന്നത് എന്നു ചോദിച്ചാൽ, അവർ ഏകദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്നതുകൊണ്ടാണ്,എന്നു നമുക്ക് കാണാൻ സാധിക്കും. പ്രശ്നങ്ങളും പ്രതിസന്ധികുമൊക്കെ അവർക്കും ഉണ്ടായിരുന്നു. അങ്ങനെ പ്രതിസന്ധികളു ണ്ടാവുമ്പോൾ പള്ളിയിലേക്ക് പോകാനും പ്രാർത്ഥിക്കാ നും അവർക്കു കഴിഞ്ഞിരുന്നു. അച്ചനെയോ മെത്രാനെ യോ കൊണ്ട് തലയ്ക്കു പിടിച്ചു പ്രാർത്ഥിക്കുകയോ വെള്ളം വെഞ്ചരിപ്പിച്ചു തളിയ്ക്കുകയോ വീട്ടിൽ കൊണ്ടു വന്നു പ്രാർത്ഥിക്കുകയോ ഒക്കെ ചെയ്തി രുന്നവരാണ് അവർ. പക്ഷേ ഇന്ന് പകൽ വിശ്വാസ പ്രമാണം ചൊല്ലിയിട്ട് രാത്രിയിൽ മന്ത്രവാദത്തിനോ മഷിനോട്ടത്തിനോ പോകുന്ന മനുഷ്യർ നമ്മുടെയിട യിൽ ഉണ്ട് എന്നതാണ് വാസ്തവം.

പണ്ടുകാലത്ത് നമ്മുടെ അമ്മമാർ നമുക്ക് പറഞ്ഞു തന്ന ഒരു ദൈവശാസ്ത്രമുണ്ട്. 'തമ്പുരാന് നിരക്കാ ത്തതൊന്നും പാടില്ല' അവരൊന്നും വലിയ വിദ്യാഭ്യാ സമോ അറിവോ ഉള്ളവരായിരുന്നില്ല. എന്നാൽ എത്ര ഭംഗിയായിട്ടാണ് അവർ നമ്മെ പഠിപ്പിച്ചത്. 'തമ്പുരാന് നിരക്കാത്ത ചിന്ത പാടില്ല, വാക്ക് പാടില്ല, പ്രവൃത്തി പാടില്ല' എത്ര മനോഹരമായിട്ടാണ് അവർ ഗഹനമായ ഒരു ദൈവശാസ്ത്രത്തെ അതീവ ലളിതമായി, ഒറ്റ വാചകത്തിൽ ഒതുക്കി നമുക്ക് പറഞ്ഞു തന്നത്. ഈ ഒരു ദൈവശാസ്ത്രമേ നമുക്കും ആവശ്യമുള്ളെന്ന് ഞാൻ കരുതുന്നു.

നമ്മുടെ ക്രൈസ്തവ സാക്ഷ്യത്തിന്റെ മറ്റൊരു ഉദാഹരണം ഞാൻ പറയാം. ശ്രീമതി അന്ന നിധീരി, മലയാളിയായ ആദ്യ വനിതാ പ്രിൻസിപ്പലായി വിമൺസ് കോളജിൽ സേവനമനുഷ്ഠിക്കുന്ന സമയത്ത് സംഭവിച്ച ഒരു സംഭവം അവർ മരിച്ച് ഒരാഴ്ചയ്ക്കു ശേഷം മലയാള മനോരമ ആഴ്ചപ്പതിപ്പിൽ അന്ന നിധീരി എന്ന പേരിൽ പ്രസിദ്ധീകരിച്ച ഒരു കുറിപ്പിലൂടെ ശ്രീ എ. പി. ഉദയഭാനു പങ്കു വയ്ക്കുന്നുണ്ട്. അദ്ദേഹം പി. സി. സി. പ്രസിഡന്റ് ആയിരിക്കുന്ന സമയത്ത് ശ്രീ. എ. ജെ. ജോൺ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മകൾക്ക് വിമൺസ് കോളജിൽ ഒരു അഡ്മിഷനു വേണ്ടി അപേക്ഷിച്ചു. അറിയിപ്പൊന്നും ലഭിക്കാത്തതിന ാൽ മുഖ്യമന്ത്രിയുടെ ശിപാർശയോടെ മിസ് നിധീരിയെ പോയി കാണുന്നതാണ് അഡ്മിഷൻ കിട്ടാൻ നല്ലത് എന്ന്, അന്നു മേയർ ആയിരുന്ന ശ്രീ പരമേശ്വരൻ പിള്ള (ചലച്ചിത്ര നടൻ മധുവിന്റെ അച്ഛൻ) ശ്രീ ഉദയഭാനു വിനോട് നിർദ്ദേശിച്ചു. സാധാരണ ശിപാർശ ചെയ്യുന്നത് ഇഷ്ടമില്ലാത്ത ആളാണെങ്കിലും മുഖ്യമന്ത്രിയെ പോയി കാണാൻ തന്നെ അദ്ദേഹം തീർച്ചയാക്കി. എന്നാൽ ഇക്കാര്യം പറഞ്ഞപ്പോൾ 'അന്നയോട് ശിപാർശ പറ ഞ്ഞിട്ട് ഒരു കാര്യവുമില്ല' എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഒരു മുഖ്യമന്ത്രി തനിക്ക് കീഴിലുള്ള ഒരു സർക്കാർ കോളജിലെ പ്രിൻസിപ്പാളിനെക്കുറിച്ചാണ് ഇത് പറഞ്ഞ തെന്ന് നാം ഓർക്കണം. ശിപാർശ കേൾക്കുന്ന ആളല്ല എന്നു പറയുമ്പോൾ സത്യത്തിനു വേണ്ടി നിൽക്കുന്ന ആളാണ് എന്നാണ് അതിനർത്ഥം. അഡ്മിഷൻ കാത്തി രിക്കുന്ന അർഹതയുള്ള ഒരു കുട്ടിയെ ഒഴിവാക്കിക്കൊണ്ട് മാർക്ക് കുറഞ്ഞ മറ്റൊരാൾക്ക് അന്യായമായി അഡ്മി ഷൻ നൽകാത്ത ആളാണ് എന്നാണ് അർത്ഥം. ഇതാണ് ഞാൻ മുമ്പു സൂചിപ്പിച്ച നമ്മുടെ അമ്മമാർ പഠിപ്പിച്ച ദൈവശാസ്ത്രം, ഇതാണ് ക്രൈസ്തവരെന്ന നിലയിൽ നമ്മൾ നൽകിയിരുന്ന, നൽകേണ്ടുന്നതായ സാക്ഷ്യം എന്നു പറയുന്നത്.

എന്റെ പിതാവ് പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആയിരുന്ന സമയത്ത്, പിന്നീട് ഗവർണ്ണർ ഒക്കെ ആയ എന്റെ പിതാവിന്റ രാഷ്ട്രീയ ശിഷ്യൻ കൂടിയായ ശ്രീ കെ. എം. ചാണ്ടി, അന്നദ്ദേഹം ഏറ്റവും പ്രായം കുറഞ്ഞ എം. എൽ. എ. ആണ്, ഒട്ടേറെപ്പേരുടെ സമ്മർദ്ദം മൂലം ഒരാൾക്ക് ജോലിക്കായുള്ള ശിപാർശയുമായി എന്റെ പിതാവിനെ സമീപിച്ചു. അദ്ദേഹം നോക്കാം എന്നു പറഞ്ഞു. പിന്നീട് അതിന്റെ ഇന്റർവ്യൂ കഴിഞ്ഞപ്പോൾ അദ്ദേഹം ശ്രീ കെ. എം. ചാണ്ടിയോട് പറഞ്ഞു. 'നീ പറഞ്ഞ ആളും മറ്റൊരാളും മാർക്കിലും ഇന്റർവ്യൂ വിലും ഒരുപോലെ വന്നു. നീ പറഞ്ഞ ആൾക്ക് വേണ്ടി ശിപാർശ പറയാൻ ഒരുപാട് പേരുണ്ടല്ലോ എന്നു കരുതി ഞാൻ മറ്റേയാൾക്ക് ജോലി കൊടുത്തു.' മരണക്കിടക്കയിൽ കിടക്കുമ്പോഴാണ് ഇക്കഥ എന്നോട് ചാണ്ടി സാർ പറഞ്ഞത്. ഇതാണ് നമ്മുടെ അമ്മമാർ പറഞ്ഞ ദൈവശാസ്ത്രം.

തെറ്റായ ഒരു കാര്യം ചെയ്താൽ മുകളിൽ ഇരുന്നൊരാൾ കാണുന്നുണ്ട് എന്ന് ചിന്തിക്കുന്ന ഒരു മനോഭാവമാണ് ഈ സംഭവങ്ങളിലെല്ലാം നമുക്കു കാണാൻ സാധിക്കുക. സമൂഹത്തിൽ ക്രൈസ്തവരെന്ന നിലയിൽ നമുക്ക് വിമർശനങ്ങൾ നേരിടേണ്ടി വരു മ്പോൾ, ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ അന്ത സത്ത ചോദ്യം ചെയ്യപ്പെടുമ്പോൾ, നമ്മുടെ പൂർവ്വികർ നൽകിയ സാക്ഷ്യം നമ്മിൽ നിന്ന് കൂടുതലായി ആവശ്യപ്പെടുകയാണ് എന്നു നാം തിരിച്ചറിയണം. ആ ക്രൈസ്തവ സാക്ഷ്യം സ്വന്തമാക്കാൻ നാം തിരിച്ചു പിടി ക്കേണ്ട ഒരു ജീവിത ശൈലിയാണ് ഈ മനോഭാവം. 'തമ്പുരാനു നിരക്കാത്തതൊന്നും പാടില്ല' എന്ന ഈ മനോഭാവത്തിലേക്ക് വളരാൻ, നമ്മെയെല്ലാം ദൈവം സഹായിക്കട്ടെ.

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സഭ – പ്രാരംഭംമുതലേ ഒരു പ്രേഷിതസഭ



ബ്ര. ഇമ്മാനുവൽ മുകളത്ത് കിഴക്കേതിൽ

"തീർത്ഥാടക സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്" (AG-no.2). അതിനാൽ മാമോദീസാ വഴിയായി സഭയിൽ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രേഷിതരാകാൻ കടപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്റെ മൗതീക ശരീരമായ സഭയെ ഈ ദൗത്യം ഭാരമേൽപ്പിക്കുകയും പരിശുദ്ധാതാമാവ് സഭയെ നയിക്കുകയും, ക്രിസ്തുവിന്റെ ദൗത്യം പൂർത്തീകരിക്കുന്നതിന് അവളെ സഹായിക്കുകയും ചെയ്യുന്നു. കാലഘട്ടത്തിന്റെ വ്യതിയാനങ്ങൾക്കനുസരിച്ച് സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് അനേകം വ്യത്യാസങ്ങളും വ്യതിയാനങ്ങളും വന്നിട്ടുണ്ടെങ്കിലും സഭ ആത്യന്തികമായി ഒരു പ്രേഷിതയായി തുടരുന്നു. എല്ലാ വ്യക്തിഗത സഭകൾക്കും അവരുടേതായ പ്രേഷിത മേഖലകളും പ്രേഷിത പ്രവൃത്തികളുമുണ്ട്. ക്രിസ്തുവിന്റെ പ്രേഷിത ദൗത്യം തുടരുക എന്ന ദൗത്യത്തിൽ നിന്നും ആർക്കും ഒഴിഞ്ഞു നിൽക്കുവാൻ സാധിക്കുകയില്ല. മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ് ഇവിടെ.

**മാർ ഈവാനിയോസ് പിതാവും മലങ്കര സഭയും**

വിഭജിതമായ സഭയുടെ ആത്മീയമായ ഐക്യമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയതും, ഐക്യത്തിനായുള്ള ആഗ്രഹം തന്നെയാണ്. തന്റെ സഭയിലെ വൈദീകർക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിലൂടെ സഭയെ നവീ

www.malankaralibrary.com



കരിക്കാം എന്ന് അദ്ദേഹം തിരിച്ചറിയുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു. കൂടാതെ തന്റെ സഭയിലെ യുവതീ-യുവാക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്ന തിനായി അദ്ദേഹം പരിശ്രമിച്ചു. സഭയിൽ ഒരു ആത്മീയ നവീകരണം വരുത്തുന്നതിനു വേണ്ടുന്ന കാര്യങ്ങൾ അദ്ദേഹം കൽക്കട്ടായിൽ ആയിരുന്നപ്പോൾത്തന്നെ ആരംഭിച്ചിരുന്നു. സഭാതർക്കവും സ്വത്തുതർക്കവും വഴിയായി സഭയിലുണ്ടായ ആത്മീയ ശിഥിലീകരണത്തെ മറികടക്കുന്നതിനായി ആത്മീയ ഊർജ്ജം സഭയ്ക്ക് പകർന്നു നൽകുന്ന ഒരു കൂട്ടായ്മ സ്ഥാപിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. സഭയിലെ തർക്കങ്ങളും പ്രതിസന്ധികളും സുവിശേഷവൽക്കരണത്തെ സാരമായി ബാധിച്ചിരുന്നതിനാൽ, സുവിശേഷവൽക്കരണത്തിന് പ്രാധാന്യം നൽകുന്ന ഒരു കൂട്ടായ്മ ആരംഭിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. ഇതാണ് ബഥനി സന്യാസ സമൂഹത്തിന്റെ സ്ഥാപനത്തിലേക്ക് വഴിതെളിച്ചത്.

ഭാരതത്തിന്റെ തനിമയ്ക്കും സംസ്കാരത്തിനും അനുയോജ്യമായ വിധത്തിലാണ് പിതാവ് ബഥനി സന്യാസ സമൂഹം സ്ഥാപിച്ചത്. ഭാരത സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കുവാനാണ് ബഥനി സന്യാസ സമൂഹം സ്ഥാപിതമായത്. പിന്നീട് ബഥനിയുടെ മെത്രാനായി പിതാവ് അഭിഷിക്തനായതോടെ ബഥനിയുടെ സുവിശേഷ പ്രഘോഷണം എന്ന ലക്ഷ്യം ഉത്തരോത്തരം വർദ്ധിക്കുകയാണുണ്ടായത്. പിന്നീട് അദ്ദേഹം മലങ്കര സഭയെ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുത്തുന്നതിനു ശ്രമിക്കുകയും, അതിനായി റോമുമായി നിരവധി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുമ്പോൾ, മലങ്കര സഭയെ അതിന്റെ ഭാരതീയ ചൈതന്യങ്ങളോടും പാരമ്പര്യങ്ങളോടും കൂടെത്തന്നെ സ്വീകരിക്കണമെന്ന് റോമിലെ സഭയോട് ആവശ്യമുന്നയിക്കുകയും റോമൻ കത്തോലിക്കാ സഭ അത് അംഗീകരിച്ചു നൽകുകയും ചെയ്തു. ക്രിസ്തീയ മൂല്യങ്ങൾ കൈമോശം വരാതെ അവയെ ഭാരതീയവൽക്കരിക്കുന്നതിന് മാർ ഇവാനിയോസ് പിതാവിന് സാധിച്ചു. പിന്നീട് സുവിശേഷ പ്രഘോഷണം സുഗമമാക്കുന്നതിന് പിതാവ് ഉപദേശി സമ്പ്രദായം ആരംഭിക്കുകയും, അത് സുവിശേഷ പ്രഘോഷണത്തിന്റെ ആക്കം കൂട്ടുകയും ചെയ്തു. അഭിവന്ദ്യ പിതാവ് ഇഹലോകവാസം വിട്ടുപിരിയുമ്പോഴേയ്ക്കും, അനേകർ മലങ്കര കത്തോലിക്കാ സഭയിലേക്ക് ഉൾചേർക്കപ്പെട്ടിരുന്നു; ഇത് പിതാവിന്റെ ഭാരതീയവൽക്കരിക്കപ്പെട്ട പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായിട്ടായിരുന്നു.

**ഭാരതസുവിശേഷവൽക്കരണം- പിൻഗാമികളിലൂടെ**

മാർ ഈവാനിയോസ് പിതാവ് കണ്ട, 'ഭാരത സുവിശേഷവൽക്കരണം' എന്ന ലക്ഷ്യത്തിനായി കഠിനാദ്ധ്വാനം ചെയ്ക വ്യക്തിയാണ് ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്. സുവിശേഷ പ്രഘോഷണത്തോടൊപ്പം സമൂഹത്തിന്റെ സുസ്ഥിരവികസനത്തിനും ക്ഷേമത്തിനും ഉതകുന്ന പ്രവർത്തനങ്ങൾക്കാണ് അദ്ദേഹം നേതൃത്വം നൽകിയത്. പ്രേഷിത പ്രവർത്തനത്തോടൊപ്പം ജനങ്ങളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യപരിരക്ഷയ്ക്കും പിതാവ് പ്രാധാന്യം നൽകി. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയസ് പിതാവിന് ശേഷം സിറിൽ മാർ ബസേലിയോസ്കാതോലിക്കാബാവമലങ്കരകത്തോലിക്കാസഭയുടെ നേതൃത്വം ഏറ്റെടുത്തു. തന്റെ മുൻഗാമികളെപ്പോലെത്തന്നെ ഭാരത സുവിശേഷവൽക്കരണത്തിനായി പിതാവും പ്രവർത്തിക്കുകയും, സഭയുടെ പ്രേഷിത മേഖലയെ കേരളത്തിന് പുറത്തും, രാജ്യത്തിനു പുറത്തുമായി വ്യാപിപ്പിക്കുകയും ചെയ്തു. സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവയെ തുടർന്ന് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കതോലിക്കാബാവ മലങ്കര കത്തോലിക്കാ സഭയുടെ സാരഥ്യമേറ്റെടുത്തു. തന്റെ മുൻഗാമികളുടെ ദർശനങ്ങളും സ്വപ്നങ്ങളും സാക്ഷാത്കരിക്കുന്നതിനായി അഭിവന്ദ്യപിതാവും പ്രവർത്തിച്ചുപോരുന്നു. അഭിവന്ദ്യപിതാക്കൻമാരുടെയും മലങ്കര മക്കളുടെയും പ്രേഷിത പ്രവർത്തങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് ആഗോള കത്തോലിക്കാ സഭ, മലങ്കര കത്തോലിക്കാ സഭയ്ക്ക് മാർത്താണ്ഡം, പുത്തൂർ, പാറശ്ശാല, ഡൽഹി -ഗുഡ്ഗാവ്, പൂന്നെ- കട്കി, മുതലായ രൂപതകൾ അനുവദിച്ചു നൽകിയത്. മലങ്കര കത്തോലിക്കാ സഭയിൽ ഇന്ന് പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന നിര

www.malankaralibrary.com

വധി രൂപതകളും, മിഷൻ കേന്ദ്രങ്ങളുമുണ്ട്. സഭയിലെ മെത്രാപ്പോലീത്താമാരുടെയും വൈദീകരുടെയും, സന്യസ്തരുടെയും, അല്മായരുടെയും കൂട്ടായ പ്രവർത്തനങ്ങളാണ് മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നത്. സഭയുടെ നാഥനും മണവാളനുമായ ക്രിസ്തുവിന് വേണ്ടി കൂടുതൽ ആത്മാക്കളെ നേടുന്നതിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ സദാ കർമ്മ നിരതയാണ്.

**പ്രേഷിത പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്ന കാര്യങ്ങൾ**

ഒരു മിഷനറി സഭ എന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭ എന്താണ് ചെയ്യുന്നതെന്ന് നാം ആഴത്തിൽ വിചിന്തനം ചെയ്യേണ്ടിരിക്കുന്നു. പ്രേഷിത പ്രവർത്തനമെന്നത് കേവലം സഭയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നതല്ല, മറിച്ച് ക്രിസ്തുവിലേക്ക് ഒരുവനെ നേടിയെടുക്കുന്നതാണ്. ഒരു സമൂഹത്തിന്റെ ആചാരങ്ങളും രീതികളുമെല്ലാം മനസിലാക്കിക്കൊണ്ടുതന്നെ അവർക്ക് ബോധ്യമാകുന്ന വിധത്തിൽ സുവിശേഷം പകരുന്നതാണ് യഥാർത്ഥ സുവിശേഷവൽക്കരണം. ഒരുവന്റെ ജീവിത സാഹചര്യങ്ങളിലേയ്ക്കും, ചുറ്റുപാടുകളിലേയ്ക്കും, അവന് സ്വീകാര്യമല്ലാത്ത കാര്യങ്ങളെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതല്ല യഥാർത്ഥ സുവിശേഷവൽക്കരണം. ഭാരത സുവിശേഷവൽക്കരണത്തിനായി തനതായ ശൈലി സ്വീകരിച്ചിട്ടുള്ള പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിന്റെ പിൻഗാമികളാണ് നാം. ഭാരത സംസ്കാരത്തിന് അനുയോജ്യമായ പ്രേഷിത പ്രവർത്തന ശൈലിക്കാണ് പിതാവ് തുടക്കം കുറിച്ചത്. സുവിശേഷത്തിന്റെ അർത്ഥത്തിനും മൂല്യങ്ങൾക്കും കോട്ടം തട്ടാതെ അതിനെ ഭാരതീയസമൂഹങ്ങളിൽ,'ഭാരതസംസ്കാരത്തിനനുയോജ്യമായ രീതിയിൽ അവതരിപ്പിക്കുവാനാണ് പിതാവ് പരിശ്രമിച്ചതും ആഹ്വാനം ചെയ്തതും.

ഫ്രാൻസിസ് മാർപാപ്പ വൈദീകരെപ്പറ്റി സംസാരിച്ചതുപോലെ, 'ആടുകളുടെ മണമുള്ള ഇടയൻമാരാകണം' എന്നതുപോലെ, ഒരു മിഷനറിയ്ക്ക് താൻ ആർക്കുവേണ്ടി പ്രവർത്തിക്കുന്നുവോ ആ ജനത്തിന്റെ ഗന്ധമുണ്ടായിരിക്കണം. ജനങ്ങളെ അറിഞ്ഞ് അവരുടെ സാഹചര്യങ്ങളെ മനസ്സിലാക്കിവേണം നാം സുവിശേഷം പ്രഘോഷിക്കുവാൻ, എങ്കിൽ മാത്രമേ ക്രിസ്തു ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കുന്നതിന് സാധിക്കുകയുള്ളൂ. അതേ സമയം സുവിശേഷത്തെ ഭാരതീയ വൽക്കരിക്കുമ്പോഴും, പ്രാദേശികവൽക്കരിക്കുമ്പോഴും, അതിന്റെ കാതലായ മൂല്യങ്ങൾക്കും സഭയുടെ പ്രബോധനങ്ങൾക്കും മാറ്റംവരരുത്. സുവിശേഷത്തെ പ്രാദേശികവൽക്കരിക്കുമ്പോൾ അതിന് സഭയുടെ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളുമുണ്ടാവണം. സഭയുടെ അടിസ്ഥാന പ്രബോധനങ്ങൾക്കും പഠിപ്പിക്കലുകൾക്കും മാറ്റം വരുത്തുവാൻ നമുക്ക് സാധിക്കുകയില്ല; അതിനാൽ പ്രേഷിതപ്രവർത്തനം ലക്ഷ്യം വയ്ക്കുന്നത് ആത്മാക്കളെ സമ്പാദിക്കലാണ്. നാം പ്രഘോഷിപ്പിക്കുന്ന സുവിശേഷം സത്യസന്ധവും കലർപ്പില്ലാത്തതുമാണെങ്കിൽ, അനേകർ അതിലേക്ക് ആകർഷിക്കപ്പെടും. നിരവധി പ്രതിസന്ധികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സുവിശേഷ പ്രഘോഷണവും പ്രേക്ഷിത പ്രവർത്തനങ്ങളുമെല്ലാം ശ്രമകരമായ പ്രവൃത്തികളായി മാറിക്കൊണ്ടിരിക്കുന്നു.

**പ്രേഷിത പ്രവർത്തനം സുഗമമാക്കുന്നതിന്**

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം പ്രേഷിത പ്രവർത്തനമെന്നത് കേവലമൊരു ദൗത്യം മാത്രമല്ല, മറിച്ച് മലങ്കര കത്തോലിക്കാ സഭയുടെ ആത്യന്തികമായ ലക്ഷ്യവും ഉദ്ദേശ്യവുമാണ്. സഭ കേവലം സാമൂഹിക പ്രവർത്തനത്തിനുള്ള ഒരു "NGO' മാത്രമായി ചുരുങ്ങിപ്പോകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചുരുങ്ങിപ്പോകുന്നുണ്ടെങ്കിൽ നാം ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ നിന്ന് ഏറെ വിദൂരത്താണ്. സഭയിലെ എല്ലാ പ്രവർത്തനങ്ങളും ക്രിസ്തോൻമുഖമായിരിക്കണം. പരിശുദ്ധ ത്രിത്വമായിരിക്കണം സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ അടിസ്ഥാനം. ക്രിസ്തുവിന് നിരക്കാത്തതും, സഭയുടെ മൂല്യങ്ങൾക്ക് യോജിക്കാത്തതുമായ പ്രവർത്തനങ്ങളിൽ നാം ഏർപ്പെടരുത്. സമൂഹത്തിന്റെ അടിസ്ഥാനപരവും സുസ്ഥിരവുമായ വികസനം സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ പരിണിത ഫലങ്ങളിൽ ഒന്നാണ്; എന്നാൽ യഥാർത്ഥ ദൗത്യത്തെ മറന്നുകൊണ്ട് സാമൂഹിക പ്രവർത്തനങ്ങളിൽ മാത്രമായി സഭ ഒതുങ്ങിപ്പോയാൽ അത് സുവിശേഷത്തിന് എതിരാണ്.

ക്രിസ്തുവിന്റെ സുവിശേഷത്തെ ലോകത്തിന് നാം പകർന്നു നൽകുമ്പോൾ, അത് ഒരിക്കലും ഒരുവന്റെ സംസ്കാരത്തെയോ, രീതികളെയോ പാടെ മാറ്റിക്കൊണ്ടല്ല, മറിച്ച് അവയിലെ നൻമയെ കേന്ദ്രീകരിച്ചുകൊണ്ടായിരിക്കണം. മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കും സുവിശേഷ പ്രഘോഷണത്തിനും ആഗോള കത്തോലിക്കാ സഭയുടെ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളുമെല്ലാം ഉണ്ടായിരിക്കണം. എങ്കിൽ മാത്രമെ നാം യഥാർത്ഥ ക്രിസ്തു ശിഷ്യരായി രൂപപ്പെടുകയുള്ളൂ. സഭയുടെ സുവിശേഷ പ്രഘോഷണത്തിൽ അല്മായർക്ക് വളരെയധികം പങ്കുണ്ട്. ഈ തിരിച്ചറിവിൽ നിന്നുകൊണ്ടാണ് മലങ്കര കത്തോലിക്കാ സഭയിൽ 'സുവിശേഷസംഘം' സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ക്രിസ്തു സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത് ലോകം മുഴുവനും സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യമാണ്; അതിനാൽ ലോകം മുഴുവന്റെയും സുവിശേഷവൽക്കരണത്തിനായി എല്ലാ വ്യക്തിഗത സഭകളും ഒരുമിച്ച് പ്രവർത്തിക്കുകയും

www.malankaralibrary.com

ഐക്യത്തിന്റെ സുവിശേഷം ലോകത്തിന് പകർന്നു ന ൽകുകയും വേണം. ക്രിസ്തുവിന്റെ 'മൗതിക ശരീരമായ സഭയുടെ ഐക്യത്തിൽ ആകൃഷ്ടരായി അനേകർ സഭയോട് ചേരുന്നതിന് ഇത് സഹായിക്കും. സഭയ്ക്ക്, ക്രിസ്തുവിന്റെ ആദർശങ്ങളും ലക്ഷ്യവുമല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കരുത്. സൂര്യപ്രകാശത്തിലേക്ക് എല്ലാവരെ യും ക്ഷണിക്കുന്ന പ്രകാശവാഹകരായി സഭയിലെ ഓരോ അംഗങ്ങളും വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രതിസ ന്ധികളിൽ തളരാതെ സുവിശേഷം പകരുവാൻ നാം മുന്നോട്ട് വരണം.

**ഉപസംഹാരം**

പരിശുദ്ധ ത്രിത്വം 'ഭരമേൽപ്പിക്കുന്ന പ്രേഷിത ദൗത്യം നിറവേറ്റുന്നതിനു വേണ്ടിയാണ് ക്രിസ്തുവിന്റെ 'മൗതിക ശരീരമായ സഭ രൂപപ്പെട്ടിട്ടുള്ളത്. ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ തുടരുക എന്നതാണ് സഭയുടെ ദൗത്യം. ഈ അർത്ഥത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ ആരംഭം മുതലെ ഒരു മിഷനറിസഭയാണ്. സഭ കേവലം സാമൂഹിക പ്രവർത്തനങ്ങൾക്കു വേണ്ടി യുള്ള വേദിയല്ല, മറിച്ച് സ്വർഗ്ഗരാജ്യത്തിന്റെ സേവനത്തിന ായിട്ടാണ് സഭ വിളിയ്ക്കപ്പെട്ടിരിക്കുന്നത്. സഭയുടെ പ്രേ ഷിത പ്രവർത്തനങ്ങളുടെ അനന്തര ഫലമാണ് സമൂഹ ത്തിന്റെ സുസ്ഥിര വികസനവും പുരോഗതിയുമെല്ലാം എന്നാൽ സഭ അതിൽ മാത്രമായി ഒതുങ്ങിപ്പോയാൽ ക്രിസ്തുവിന്റെ പാതയിൽ നിന്ന് അത് വഴിമാറിപ്പോ കും. പ്രേഷിതപ്രവർത്തനങ്ങൾ എപ്പോഴും ജനങ്ങളെ യും സംസ്കാരങ്ങളെയും മാനിച്ചുകൊണ്ടുള്ളതാകണം. പുതിയ ഒരു സംസ്ക്കാരം ജനങ്ങളിലേക്ക് അടിച്ചേൽപ്പി ക്കുന്നതിനല്ല, മറിച്ച് ക്രിസ്തു സംസ്കാരത്തിലേക്ക് ഏവരെയും ആകർഷിക്കുന്നതിനാണ് പ്രേഷിതപ്രവർ ത്തനങ്ങൾ സഹായിക്കേണ്ടത്. സുവിശേഷ പ്രഘോഷകർ യഥാർത്ഥത്തിൽ സുവിശേഷ മൂല്യങ്ങൾ ജീവിത ത്തിൽ പാലിക്കുന്നവരാണ് എങ്കിൽ അനേകർ ഈ ജീവിത രീതിയിലേക്ക് കടന്നുവരും. ആധുനിക ലോകത്തിൽ സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നത് സ്ഥാപനങ്ങളുടെയോ, സമ്പത്തിന്റെയോ കുറവല്ല, മറിച്ച് യേശുക്രിസ്തുവിന്റെ മാതൃകയനുസരിച്ച് യഥാർത്ഥ സുവിശേഷ മൂല്യങ്ങൾ ജീവിക്കുന്ന പ്രേഷിതരുടെ ജീവിത മാതൃകകളുടെ കുറവാണ്. അതുകൊണ്ട് പ്രഘോഷിക്കുന്നത് ജീവിക്കുവാനും, ജീവിക്കുന്നത് പ്രഘോഷിക്കുവാനും കഴിയുന്ന നല്ല പ്രേഷിതർ സഭയിൽ ഇനിയും ഉണ്ടാകേണ്ടതാണ്. മലങ്കര സുറിയാനി കത്തോ ലിക്കാ സഭയ്ക്ക് പ്രേഷിത പ്രവർത്തനങ്ങളിൽ ഒരുപാട് മുന്നേണം; ക്രിസ്തുവിന് വേണ്ടി അനേകം ആത്മാക്കളെ നേടാൻ സഭ എല്ലാ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും തരണം ചെയ്യേണ്ടിയിരിക്കുന്നു.



www.malankaralibrary.com

സ്പെഷ്യൽ ഫീച്ചർ



# പുനരൈക്യത്തിൽ വിരിഞ്ഞ പ്രേഷിത വസന്തം



ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്

സഭാചരിത്രത്തിലെ മുറിവുണക്കുന്ന ഒരു പ്രസ്ഥാനം മാത്രമായിരുന്നില്ല 1930 സെപ്തംബർ 20 ന് മാർ ഈവാനിയോസ് പിതാവ് ആരംഭംകുറിച്ച പുനരൈക്യ പ്രസ്ഥാനം. പിന്നെയോ, 1653-ലെ വിഭജനത്തിലൂടെ ചോർന്നു പോയ സാർവത്രിക പ്രേഷിത ദർശനവും തീക്ഷ്ണതയും വീണ്ടെടുക്കാൻ മലങ്കരയിൽ നടന്ന സഭാത്മ പ്രസ്ഥാനമായിരുന്നു പുനരൈക്യം. അതു കൊണ്ടാണ് മലങ്കര പാരമ്പര്യത്തിലെ ക്രിസ്തീയ വിഭാഗങ്ങളിലെ വിശ്വാ സികളുടെ പുനരൈക്യം മാത്രമായി പുനരൈക്യത്തിന്റെ പ്രണേതാക്കൾ പുനരൈക്യ പ്രസ്ഥാനത്തെ പരിമിതപ്പെടുത്താത്തത്. സാർവത്രിക സഭയിൽ 1932 ജൂൺ 11 -ന് തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു അതിഭദ്രാസന വും തിരുവല്ലാ കേന്ദ്രമാക്കി ഒരു ഭദ്രാസനവും സ്ഥാപിച്ചുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചതിലൂടെ പമ്പയാറിന്റെ തെക്കും വടക്കുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അജ പാലന-പ്രേഷിതപ്രവർത്തനങ്ങൾ മുന്നേറാനാരംഭിച്ചു. ഭാരതത്തിലെ വിവിധ ജനവിഭാഗങ്ങളോട് സുവിശേഷം പ്രസംഗിക്കാനുള്ള അപ്പസ്തോലിക നിയോഗം വിസ്മരിക്കാതെ മലങ്കര സഭയുടെ നേതൃത്വത്തിൽ നടന്ന ആധു നികകാലഘട്ടത്തിലെ ഏറ്റവും വലിയ പ്രേഷിത മുന്നേറ്റത്തിനായിരുന്നു പുന രൈക്യം തിരിതെളിച്ചത്. ഒരു വ്യക്തിഗത സഭയെന്ന രീതിയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ തെക്കൻ തിരുവി താംകൂറിലുണ്ടായ പ്രേഷിത മുന്നേറ്റത്തിലേയ്ക്കുള്ള ഒരു തിരിഞ്ഞു നോട്ട മാണ് ഈ ലേഖനം.

www.malankaralibrary.com

**പുനരൈക്യവും സുവിശേഷ പ്രഘോഷണവും**

1930 സെപ്തംബർ 20 ന് മലങ്കരയിൽ നടന്ന പുനരൈക്യം കത്തോലിക്കാ സഭയുടെയും കത്തോലിക്കാ വിശ്വാസത്തിന്റെയും അനന്യതയും പ്രാധാന്യവും ലോകത്തോട് പ്രഘോഷിച്ച സഭാ പ്രസ്ഥാനമായിരുന്നു. രക്ഷയുടെ മാർഗമായ കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് അനേകരെ കൂട്ടിചേർക്കാനായി തുടങ്ങിയ പുനരൈക്യം ദ്വിവിധ പന്ഥാവിലൂടെ മുന്നേറുകയായിരുന്നു. മലങ്കരയിലെ ക്രൈസ്തവർക്ക് കത്തോലിക്കാ കൂട്ടായ്മയുടെ സാധ്യത തുറക്കുകയും ഭാരതത്തിലെ അനേകം സഹോദരങ്ങൾക്ക് ക്രൈസ്തവവിശ്വാസം പകർന്നു കൊടുത്ത് അവരെ കത്തോലിക്കാ കൂട്ടായ്മയിലേയ്ക്ക് ആനയിക്കുകയും ചെയ്യാൻ സാധിച്ചതിലൂടെ സുവിശേഷ പ്രഘോഷണ മേഖലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കാര്യമാത്ര പ്രസക്തമായ സംഭാവന ചെയ്യാൻ സാധിക്കുന്നു. സാർവത്രിക സഭയിലെ ഒരു വ്യക്തിഗത സഭയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിതത്വം കത്തോലിക്കാ മിഷൻ (catholic mission) എന്ന് വിശേഷിപ്പിക്കുന്നത് ചരിത്രപരവും ദൈവശാസ്ത്രപരവുമാണ്.

**തെക്കൻ പ്രേഷിതത്വം**


തിരുവിതാംകൂറിന്റെ തലസ്ഥാനമായ അനന്തപുരി ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച മാർ ഈവാനിയോസ് പിതാവിന്റെ ശ്രദ്ധ പുനരൈക്യ പ്രവർത്തനങ്ങളുടെ ആദ്യനാളുകളിൽ തന്നെ തെക്കൻ തിരുവിതാംകൂറിന്റെ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന ഫലഭൂയിഷ്ഠമായ പ്രേഷിത വിളഭൂമിയിൽ പതിഞ്ഞത് ഒരു ദൈവനിയോഗമായിരുന്നു. നാടാർ സമുദായാംഗങ്ങൾ ധാരാളമായി തിങ്ങിപ്പാർക്കുന്ന ഇടങ്ങളിലേയ്ക്ക് സുവിശേഷദീപവുമായി പ്രേഷിതരെ അയയ്ക്കാനുള്ള വിഭവശേഷി വളരെ പരിമിതമായിരുന്നെങ്കിലും പ്രേഷിത നിയോഗത്തിൽ നിന്ന് അദ്ദേഹം പിൻവാങ്ങിയില്ല. പിന്നെയോ സാധ്യമായ വിഭവശേഷികൾ കണ്ടെത്തി സുവിശേഷ പ്രഘോഷണ പ്രവർത്തനങ്ങൾ ശക്തമാക്കിയതിന്റെ ഫലമായിട്ടാണ് ഈ പ്രദേശത്ത് സജീവ സാന്നിധ്യമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് നിലകൊള്ളുന്നത്.

പുനരൈക്യപ്പെട്ട വൈദികരിൽ പ്രേഷിത തീക്ഷ്ണത ജ്വലിപ്പിച്ചും, മറ്റു സഭകളിൽ നിന്ന് പ്രേഷിത ചൈതന്യമുള്ള വൈദികരുടെ സേവനം സംലഭ്യമാക്കിയും മുന്നേറിയ പുനരൈക്യ പ്രേഷിത ശുശ്രൂഷ വഴിയായി തെക്കൻ തിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ പുനരൈക്യത്തിന്റെ ആദ്യ രണ്ടു ദശകങ്ങളിൽ തന്നെ ധാരാളം കത്തോലിക്കാ സഭാകൂട്ടായ്മകൾ സ്ഥാപിക്കുന്നതിനും അവയെ സജീവമായി പരിപോഷിപ്പിക്കുന്നതിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സാധിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിത ചൈതന്യം സ്വന്തം ഹൃദയത്തിൽ ആവാഹിച്ച മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചൻ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള സുവിശേഷ പ്രഘോഷണവും വിശിഷ്യ സ്ത്രീകളോടുള്ള സുവിശേഷപ്രഘോഷണവും അനിവാര്യമാണെന്ന് ബോധ്യമായ ഒരു പ്രേഷിത ശ്രേഷ്ഠനായിരുന്നു. ബഹു. അച്ചൻ ആരംഭിച്ച മേരീമക്കൾ സന്ന്യാസിനീ സമൂഹത്തിലെ ആദ്യകാല മിഷണറിമാർ സഹസ്ഥാപകയായ മദർ മേരി കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ ഭവനങ്ങൾ കയറിയിറങ്ങി നടത്തിയ ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ ഇന്നും പ്രേഷിതർക്ക് ആവേശോജ്വലമാണ്. അതോടൊപ്പം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിത ദർശനം സ്വീകരിച്ച ബഥനി സന്യാസ-സന്യാസിനീ സമൂഹങ്ങളിലെ വൈദികരും സിസ്റ്റേഴ്സും ഈ പ്രദേശത്തെ സുവിശേഷ പ്രഘോഷണ ശുശ്രൂഷയിൽ പങ്കാളികളായതിലൂടെ പ്രേഷിത മേഖലയിൽ കാര്യക്ഷമമായ പുരോഗതി കൈവരിക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സാധിച്ചു.

സഭാത്മകബോധവും ആഴമായ പ്രാർത്ഥനാ ചൈതന്യവുമുള്ള അനേകം അത്മായ പ്രേഷിതർ ഈ ശുശ്രൂഷയിൽ പങ്കാളികളായതും നേതൃത്വം വഹിച്ചതും ഈ സഭയുടെ പ്രേഷിത മുന്നേറ്റത്തിന് ആക്കംകൂട്ടി. ഇക്കാര്യത്തിൽ ആദ്യകാല ഉപദേശിമാരുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. സാമ്പത്തിക പരാധീനതകൾ പരിഗണിക്കാതെ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉത്സാഹികളായ പ്രേഷിതരായി, പിതാക്കന്മാരുടെ നിർദ്ദേശാനുസരണം, വൈദികരോടും സന്യസ്തരോടും ചേർന്നു നിന്നുകൊണ്ട് പ്രവർത്തിക്കുന്നതിൽ ഉപദേശിമാർ കാണിച്ച സമർപ്പണം വിസ്മരിക്കാൻ പാടില്ലാത്തതാണ്. വൈദികരുടെയും സന്യസ്തരുടേയും സേവനം പരിമിതമായ കാലഘട്ടത്തിൽ സുവിശേഷം പ്രഘോഷിക്കാനും ഭവനങ്ങൾ സന്ദർശിച്ച് വിശ്വാസം പങ്കുവയ്ക്കാനും വിവിധ കൂട്ടായ്മകൾ രൂപീകരിക്കാനും അവരെ വിശ്വാസത്തിൽ വളർത്താനും ഇടവകയുടെ അനുദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഉപദേശിമാർ നടത്തിയ ആത്മാർപ്പണം ഈ പ്രദേശത്തെ ഓരോ ഇടവകയുടേയും വളർച്ചയിൽ ഇടം പിടിച്ചിട്ടുള്ള അലിഖിത ചരിത്രമാണ്.

രണ്ടാം വത്തിക്കാൻ സുന്നഹദോസിനെ തുടർന്നുള്ള രണ്ടു പതിറ്റാണ്ടുകളിൽ തെക്കൻ തിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ നടന്ന പ്രേഷിത മുന്നേറ്റം അതുല്യമായിരുന്നു. അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി, വന്ദ്യ

www.malankaralibrary.com



ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്‌ക്കോപ്പാ തുടങ്ങി ഈ പ്രദേശത്ത് ത്യാഗോജ്ജ്വലമായ മിഷൻ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ബഹു. വൈദികരുടെ പേരുകൾ മലങ്കര സുറിയാനി സഭയുടെ പ്രേഷിത ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ടവയാണ്. വീടുകളിൽ ഒന്നിച്ചു കൂട്ടി ആരംഭിച്ച പ്രാർത്ഥനാ കൂട്ടായ്മകളാണ് പിന്നീട് ഇടവക കൂട്ടായ്മകളായി രൂപീകൃതമായത്. ഓലഷെഡ്ഡുകളിൽ ആരംഭിച്ച ആരാധനകൾ കാലക്രമത്തിൽ ഓടിട്ട ദൈവാലയങ്ങളിലും പിന്നീട് അനേകം ബൃഹത്തും മനോഹരവുമായ ദൈവാലയങ്ങളിലുമായി ആഘോഷിച്ചു വരുന്നു. ഇന്ന് നമ്മുടെ സഭയിൽ ഏറ്റവുമധികം കുടുംബങ്ങളുള്ള വലിയ ഇടവക കൂട്ടായ്മകൾ ഈ പ്രദേശത്താണ് സ്ഥിതിചെയ്യുന്നത് എന്ന സത്യം മലങ്കര സഭയുടെ പ്രേഷിത പ്രവർത്തനം എത്രമാത്രം ഈ പ്രദേശത്ത് കാര്യക്ഷമമായിരുന്നു എന്നതിന്റെ തെളിവാണ്.

ഭാരതീയ പാരമ്പര്യങ്ങളോട് ഏറെ ഇണങ്ങിച്ചേരുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമം സ്വാതന്ത്ര്യാനന്തരം ഏവർക്കും ഹൃദ്യമായ രീതിയിൽ തമിഴിലും തെക്കൻ കേരളത്തിന്റെ സാസ്‌ക്കാരിക പൈതൃകങ്ങൾ സ്വാംശീകരിച്ചുകൊണ്ട് മലയാളത്തിലും ഇന്ന് അർപ്പിക്കപ്പെടുന്നു. ഈ പ്രദേശത്തെ സാംസ്‌കാരിക പൈതൃകം പ്രത്യേകിച്ച് കുടുംബകേന്ദ്രീകൃതമായ ജീവിതക്രമം മലങ്കരയുടെ ആദ്ധ്യാത്മികതയിൽ ഉൾചേർത്ത് കത്തോലിക്കാ വിശ്വാസം പ്രാദേശിക സാംസ്‌കാരിക തനിമ അവതരിപ്പിക്കുന്ന പ്രേഷിത ശൈലി സ്വീകരിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സമീപനം മറ്റു വ്യക്തിഗത സഭകൾക്കുപോലും മാതൃകാപരമാണ്. തമിഴ് ഭാഷയിൽ വളരെ മനോഹരമായി അർപ്പിക്കപ്പെടുന്ന സുറിയാനി പൈതൃകത്തിൽ ആരംഭിച്ച അന്ത്യോക്യൻ ആരാധനാക്രമം സാർവത്രിക സഭയിലെ സാംസ്‌കാരിക അനുരൂപണത്തിന്റെ സമാനതകളില്ലാത്ത ഒരു മാതൃകയാണ്.

പുനരൈക്യത്തിന്റെ ഒൻപത് പതിറ്റാണ്ടുകളിലേയ്ക്ക് പിന്തിരിഞ്ഞു നോക്കുമ്പോൾ ക്രമാനുഗതമായ പുരോഗതി ഈ പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കൈവരിക്കാൻ സാധിച്ചു എന്നത് അഭിമാനബോധത്തോടെ നാം ഓർക്കണം. സാധ്യമായ ഇടങ്ങളിൽ ഇടവക കൂട്ടായ്മകൾ രൂപീകരിച്ചും കാലക്രമത്തിൽ വൈദിക ജില്ലകൾ മേഖലാ തലത്തിൽ സ്ഥാപിച്ചും അജപാലന പ്രേഷിത ശുശ്രൂഷകൾ ത്വരിതപ്പെടുത്തി. സംസ്ഥാനങ്ങളുടെ രൂപീകരണത്തെ തുടർന്ന് തമിഴ് ഭാഷാ അടിസ്ഥാനമാക്കി സുസംഘടിതമായ രീതിയിൽ സഭയുടെ അജപാലന-മിഷൻ പ്രവർത്തനങ്ങളെ പുനഃക്രമീകരിച്ചു. പ്രാദേശികമായ ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും അവരെ സഭയുടെ നേതൃത്വ ശുശ്രൂഷയിൽ പങ്കാളികളാക്കിയും ഈ പ്രാദേശിക സഭാഗാത്രത്തെ പൂർണവളർച്ചയുടെ പാതയിലേയ്ക്ക് നടത്തുന്നതിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്നും മുൻപന്തിയിലായിരുന്നു. കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി ഭദ്രാസനങ്ങൾ സ്ഥാപിച്ചുകൊണ്ട് വളരെ ശക്തമായ അജപാലന-പ്രേഷിത മുന്നേറ്റം ഈ പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തി വരുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയിലും ആരോഗ്യ സംരക്ഷണ മേഖലയിലും നടത്തിയ ഇടപെടലുകൾ ദീർഘ

www.malankaralibrary.com

വീക്ഷണത്തോടെയായിരുന്നു. മെച്ചമായ അടിസ്ഥാന വിദ്യാഭ്യാസവും ഉന്നത പഠനവും സാധാരണ കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രാപ്യമാക്കാൻ ആരംഭിച്ച കലാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളാണ്. ക്രഷ്, പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവ ഈ പ്രദേശത്തെ നാനാജാതി മതസ്ഥരായ ജനങ്ങളുടെ ക്രമാനുഗതമായ വളർച്ചയ്ക്ക് സഹായകമായ രീതിയിൽ ആരംഭിച്ചു. ആരോഗ്യ പരിപാലന രംഗത്ത് ക്ലിനിക്കുകളും, ചെറിയ ആശുപത്രികളും സ്ഥാപിക്കുക മാത്രമല്ല, ഇടവക കേന്ദ്രീകരിച്ചുള്ള ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ, അനാഥർ, അംഗഹീനർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കുള്ള അഭയകേന്ദ്രങ്ങൾ എന്നിവയും സഭയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഹെൽത്ത് ഫോർ വൺ മില്ല്യൺ, കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങൾ, ക്ഷയരോഗ നിവാരണം, പ്രമേഹ നിയന്ത്രണ പ്രവർത്തനങ്ങൾ, പോഷകഗുണമുള്ള ആഹാര സാധനങ്ങളുടെ വിതരണം ഉറപ്പാക്കൽ എന്നിവ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആതുര ശുശ്രൂഷാ മേഖയിലെ തനതായ സംഭാവനകളാണ്.

പ്രേഷിത വിഭവങ്ങൾ പരിമിതമായിരുന്നപ്പോഴും കാലഘട്ടത്തിനനുസരിച്ച് വിളഭൂമിയിൽ സുവിശേഷ വിത്തു വിതയ്ക്കുന്നതിൽ അമാന്തം കാണിക്കാതെ ഈ അപ്പസ്തോലിക സഭ നടത്തിയ പുനരൈക്യ-പ്രേഷിത മുന്നേറ്റത്തിന്റെ കാനോനിക ഫലങ്ങളായിരുന്നു 1996-ൽ സ്ഥാപിതമായ മാർത്താണ്ഡം ഭദ്രാസനവും, 2017-ൽ സ്ഥാപിതമായ പാറശ്ശാല ഭദ്രാസനവും. രജത ജൂബിലി പൂർത്തിയാക്കിയ മാർത്താണ്ഡം ഭദ്രാസനം പുതിയ പ്രേഷിത നിയോഗവുമായി വിശിഷ്യ തമിഴ്നാടിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും സുവിശേഷം പ്രസംഗിക്കാനുള്ള നവമായ തിട്ടൂരവുമായി മുന്നേറുകയാണ്. പാറശ്ശാല കേന്ദമാക്കി പാറശ്ശാല ഭദ്രാസനവും തിരുവനന്തപുരത്തിന്റെ തെക്കൻ ഭാഗത്ത് തിരുവനന്തപുരം മേജർ അതിഭദ്രാസനവും നടത്തുന്ന പ്രേഷിത മുന്നേറ്റം അവിരാമം തുടരുകയാണ്.

### ഉപസംഹാരം

നവതി പിന്നിട്ട് ശതാബ്ദിയിലേയ്ക്ക് പ്രയാണം ചെയ്യുന്ന പുനരൈക്യ പ്രസ്ഥാനം വിശ്രമം കൂടാതെ പ്രേഷിത നിയോഗം തുടരേണ്ടത് ചരിത്രപരവും ദൈവശാസ്ത്രപരവുമായ ആവശ്യകതയാണ്. ഭാരത സുവിശേഷവത്കരണം എന്ന മലങ്കരയുടെ സ്വപ്ന സാക്ഷാത്ക്കാരത്തിനായി സാധ്യമായ ഇടങ്ങളിലും കണ്ടുമുട്ടുന്ന സമൂഹങ്ങളിലും സുവിശേഷ പ്രഘോഷണ ശുശ്രൂഷ സമഗ്രമായി ചെയ്യാൻ ഈ സഭയിലെ എല്ലാ മിഷണറിമാരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്. മാർത്താണ്ഡം കേന്ദ്രമാക്കി നാം ആരംഭിച്ച പ്രേഷിത ശുശ്രൂഷ അതിന്റെ പൂർണതയിൽ പക്വതപ്രാപിച്ചത് മലങ്കര സഭയുടെ ഒരു മിഷൻ മാതൃകയായി നാം സ്വീകരിച്ച് മറ്റിടങ്ങളിലും യഥാർത്ഥ സാംസ്കാരിക അനുരൂപണത്തോടെ തുടരാനുള്ള പ്രേഷിത വിളി വൈദികരും സന്യസ്തരും അല്മായരും ഗൗരവത്തോടെ സ്വീകരിച്ച് മുന്നേറേണ്ടതാണ്.



www.malankaralibrary.com

സ്പെഷ്യൽ ഫീച്ചർ



# സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രേഷിതവഴികൾ



ഫാ. ജോസ് മുണ്ടപ്ലാവിളയിൽ


‘അച്ചാ, ഈ തണുത്ത രാത്രിയിൽ അന്തിയുറങ്ങാനിത്തിരി സ്ഥലം തരാമോ?’ 2012-ലെ ശീതകാലത്ത് ഒഡീഷായിലെ രണ്ട് അജപാലകരിൽ നിന്ന് ബഹു. വിനയാനന്ദച്ചൻ കേട്ട ഈ ചോദ്യമായിരുന്നു പിന്നീട് 15 സംസ്ഥാനങ്ങളിലേക്കും സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനം പകർന്നു നൽകിയ സുവിശേഷാഗ്നിയുടെ ആദ്യ തിരിനാളം. താമസിക്കാൻ അനുവാദവും കിടക്കാനിടവും അഭിവന്ദ്യ ബർണ്ണബാസ് പിതാവ് നൽകി. അന്നത്തെ അത്താഴം അവർ ഒരുമിച്ചു പങ്കിട്ടു. അത്താഴത്തിനിടയിലെ സംഭാഷണത്തിൽ സുവിശേഷത്തെക്കുറിച്ചും സഭയെക്കുറിച്ചും പിതാവ് വാചാലനായി. ആകാംക്ഷയോടെ ഓരോന്നിനും ചെവികൊടുത്തിരുന്നവർ ഇടയിലെപ്പോഴോ ബർണ്ണബാസ് പിതാവിന്റെ ഉള്ളിലെ ക്രിസ്തുവിനെ തിരിച്ചറിഞ്ഞു. പിന്നെയവർ ഒഡീഷായിലനുഭവിച്ച കൊടും ക്രൂരതയുടെ ഭീകരമായ കഥ പിതാവിന്റെ മുമ്പിൽ വിവരിച്ചു. ക്രിസ്തുവിനെ രുചിച്ചറിഞ്ഞുവെന്ന ഒറ്റക്കാരണത്താൽ സ്വന്തം അപ്പനും അമ്മയും സഹോദരങ്ങളും നാട്ടുകാരും താണ്ഡവമാടി അസ്ഥിപഞ്ജരമായ ശരീരത്തിന്റെ ബാക്കി പത്രം അവർ പിതാവിന്റെ മുന്നിൽ പ്രദർശിപ്പിച്ചു. ഉതിർന്നിറങ്ങിയ കണ്ണീരിന്റെ നനവിൽ കുതിർന്ന കഥയെ സജലമിഴികളോടെയല്ലാതെ പിതാവിന് ശ്രവിക്കുവാൻ കഴിഞ്ഞില്ല. ഒഡീഷായിലേക്ക് പെട്ടെന്ന് മടങ്ങിയെങ്കിലും ഭദ്രാസനവുമായും പിതാവുമായും അവർ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. ദൈവാത്മ പ്രചോദനത്താൽ ഒഡീഷായിലെ മിഷൻ സാധ്യതകളെക്കുറിച്ച് പിതാവിന് ഉൾവെളിച്ചമുണ്ടായി. മാർത്തോമ്മാ ശ്ലീഹാ തെളിയിച്ചു തന്ന സുവിശേഷത്തിന്റെ പുണ്യദീപം നമ്മളിത്രയും നാൾ പറയുടെ കീഴിൽ ഒളിപ്പിക്കുകയായിരുന്നുവോ...?

www.malankaralibrary.com

**ഒഡീഷാ**

1930–ൽ 5 പേർ കത്തോലിക്കാ സഭയിൽ ചേർന്നതിന്റെ പ്രതീകമായി, ക്രിസ്തുവചന പ്രഘോഷണത്തിന്റെ തുടക്കമെന്നോണം 2013 മാർച്ചിൽ 5 പേർക്ക് ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ കത്തീഡ്രലിൽ വച്ച് മാമോദീസാ നൽകി. ഒരു കുഞ്ഞിനെ ഊട്ടി വളർത്തുന്നതുപോലെ പടിപടിയായി ഭദ്രാസനം മിഷനെ ഉന്നതിയിലെത്തിച്ചു. ഒഡീഷാ മിഷനോടുള്ള സഭയുടെ അദമ്യമായ സ്നേഹം വെളിവാക്കുന്ന ഒരു വിശേഷ സംഭവം അരങ്ങേറിയിരുന്നു. നബരംഗ്പൂർ മിഷന്റെ നെടുംതൂണായ ഭരത് പാസ്റ്ററിന് നട്ടെല്ല് വളഞ്ഞു പോകുന്ന ഗൗരവമേറിയ രോഗത്തെത്തുടർന്ന് കലശലായ വേദനയനുഭവിക്കേണ്ടി വന്നു. കയറിയിറങ്ങിയ ആശുപത്രികളിൽ നിന്നുള്ള ചികിത്സ രോഗം വർദ്ധിപ്പിച്ചതല്ലാതെ ലേശം പോലും ശമിപ്പിച്ചില്ല. ഇതെല്ലാമറിഞ്ഞ ബർണ്ണബാസ് പിതാവ് ഭദ്രാസനത്തിന്റെ ചെലവിൽ പുഷ്പഗിരി ഹോസ്പ്പിറ്റലിലും സ്വഭവനത്തിലുമായി ചികിത്സ നടത്തി. ചികിത്സ കഴിഞ്ഞു വന്ന പാസ്റ്റർ മലങ്കര സഭയോട് ചേർന്നു നടത്തിയ മിഷന്റെ ഫലമാണ് നബരംഗ്പൂറിലെ 3 ഗ്രാമങ്ങൾ.

സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനം കൊളുത്തിയ സുവിശേഷത്തിന്റെ ദീപം ഇന്നും അനേകർക്ക് പ്രകാശമായി ഒഡീഷായിൽ വിളങ്ങുന്നു. അനുദിനം മിഷൻ വളർന്നുകൊണ്ടിരിക്കുന്നു. ഒഡീഷായിൽ വൈദികർ താമസിക്കുന്ന മൂന്ന് മിഷൻ കേന്ദ്രങ്ങളും ഒഡീഷായുടെ മക്കളെ നെഞ്ചോടു ചേർത്തു പിടിക്കുന്ന



സിസ്റ്റേഴ്സുമുണ്ട്. പള്ളികളും പള്ളികളിൽ മുടങ്ങാതെ നടക്കുന്ന സ്വദേശഭാഷയായ ഒഡിയയിലുള്ള വി. കുർബ്ബാനയും ഭൗതിക വിജ്ഞാനം പകരാൻ പള്ളിക്കൂടങ്ങളും ദൈവത്തെ മഹത്വപ്പെടുത്തുന്ന വിശ്വാസികളുമുണ്ട്.



**പഞ്ചാബ്**

അഞ്ചു നദികളുടെ പേരിലറിയപ്പെടുന്ന നാടാണ് പഞ്ചാബ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നങ്ങളിലൊന്നായിരുന്നു ഗോതമ്പു വിളഞ്ഞു നിൽക്കുന്ന പാടങ്ങളുടെ നാടായ പഞ്ചാബിൽ സിഖുകാരോട് സുവിശേഷ പ്രഘോഷണം നടത്തണമെന്നുള്ളത്. ഒഡീഷായ്ക്ക് ശേഷം അടുത്ത മിഷൻ ആരംഭിച്ചത് സുവർണ്ണ ക്ഷേത്രത്തിന്റെ നാട്ടിലായിരുന്നു. 2015 നംവംബറിൽ ശൂന്യതയിൽ നിന്നായിരുന്നു പഞ്ചാബ് മിഷന്റെ തുടക്കം. ചിട്ടയുള്ള ജീവിതക്രമം തിട്ടപ്പെടുത്തി മർത്യർക്ക് നന്മചെയ്തു ജീവിക്കുന്ന സിഖുകാരുടെയിടയിൽ മിഷൻ തുടങ്ങുമ്പോൾ ഭദ്രാസനത്തിന്റെ സമ്പത്ത്

www.malankaralibrary.com



കേന്ദ്രങ്ങളിലായി അനേകം ഛത്തീസ്ഗഡി വിശ്വാസികളും ദിവസേനയുള്ള വി. കുർബ്ബാനയും വിശ്വാസപരിശീലനവുമുണ്ട്. സുവിശേഷ പ്രചരണത്തിൽ ദൃഢചിത്തരായ വൈദികരുടെയും അൽമായരുടെയും മിഷൻ തീക്ഷ്ണതയും കഠിനപ്രയത്നവും ഭദ്രാസനത്തിന്റെ പിൻതുണയുമാണ് ഛത്തീസ്ഗഡ് മിഷന്റെ വളർച്ചയുടെ പിന്നിൽ.

ദൈവത്തിലുള്ള വിശ്വാസം മാത്രമായിരുന്നു. മൂലധനം ദൈവാശ്രയവും. മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട മിഷനായ പഞ്ചാബിന്റെ മണ്ണിലിന്ന് നമുക്ക് പഞ്ചാബി സംസാരിക്കുന്ന സീറോ മലങ്കര കത്തോലിക്കാ വിശ്വാസികളുണ്ട്. മുടങ്ങാതെ പഞ്ചാബി ഭാഷയിലുള്ള പരിശുദ്ധ കുർബ്ബാനയും നേതൃത്വം നൽകാൻ കർത്താവിന്റെ അഭിഷിക്തരും സന്യസ്തരുമുണ്ട്.

**ഛത്തീസ്ഗഡ്**

മുപ്പത്തിയാറു കോട്ടകളുടെ സംരക്ഷണമുള്ള, ഒഡീഷായുടെ പടിഞ്ഞാറൻ സംസ്ഥാനമായ ഛത്തീസ്ഗഡിലേക്കും ഭദ്രാസനം സ്വർഗ്ഗരാജ്യ പ്രഘോഷണം വ്യാപിപ്പിച്ചു. ഭാരതത്തിലെ ആദിവാസി സമൂഹങ്ങളുടെയെണ്ണത്തിലും ദാരിദ്ര്യ രേഖയിൽ താഴെയുള്ളവരുടെ എണ്ണത്തിലും ഒന്നാമത് നിൽക്കുന്ന സംസ്ഥാനത്ത് മിഷൻ ആരംഭിച്ചത് ഉറപ്പായും ഭദ്രാസനത്തിനവരെ ഉയർത്തിക്കൊണ്ടു വരണമെന്നുള്ള അതിയായ അഭിവാഞ്ചയിലായിരുന്നു. ശിഷ്യർക്ക് അധ്യയനം നടത്തുമ്പോൾ ക്രിസ്തു പറയുന്നുണ്ട് വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധി കണ്ടെത്തുന്നൻ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ സ്വന്തമാക്കുമെന്ന് (മത്തായി 13: 44). ഛത്തീസ്ഗഡിൽ നിധി കണ്ടെത്തിയ ഭദ്രാസനം സകല ഊർജ്ജവും വിറ്റായിരുന്നു ആ വയൽ സ്വന്തമാക്കിയത്. പരാജയപ്പെടുമെന്ന് പലരും ആശങ്ക പ്രകടിപ്പിച്ചെങ്കിലും മുപ്പതും അറുപതും നൂറും മേനി ഫലം കൊയ്ത് മുന്നേറുന്ന മിഷനാണ് ഛത്തീസ്ഗഡ് മിഷൻ. 2015-ൽ ആരംഭിച്ച സുവിശേഷവത്കരണത്തിലിന്ന് മലങ്കര കത്തോലിക്കാ സഭയ്ക്ക് കർമ്മോത്സുകരായ പുരോഹിതരുടെയും അൽമായരുടെയും നേതൃത്വത്തിൽ നടക്കുന്ന രണ്ട് മിഷൻ

## ആസാം, അരുണാചൽപ്രദേശ്, ത്രിപുര

ഭാരതത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ദ്വാരപഥമായ ആസാമിലും ഉദയസൂര്യന്റെ നാടായ അരുണാചൽ പ്രദേശിലും കുന്നുകളുടെ നാടായ ത്രിപുരയിലും മാമോദീസാ സ്വീകരിച്ച, ബൈബിൾ വായിക്കുന്ന, ക്രിസ്തുവിനെ വിളിച്ച് പ്രാർത്ഥിക്കുന്ന മലങ്കര കത്തോലിക്കർ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ മിഷൻ തത്പരതയുടെയും ദീർഘവീക്ഷണത്തിന്റെയും ഫലങ്ങളാണ്. ഡൽഹിയിൽ നിന്ന് കാതങ്ങൾ വിദൂരത്തായിരിക്കുന്ന വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ മിഷൻ ദൈവത്തിന്റെ പദ്ധതിപോലെ സുവിശേഷോത്സാഹമുള്ള പുരോഹിതരുടെയും സന്യസ്തരുടെയും നേതൃത്വത്തിൽ ഊർജ്ജസ്വലതയോടെ നടക്കുന്നു. എത്തിച്ചേരാൻ സാധിക്കുന്നിടങ്ങളിലെല്ലാം ക്രിസ്തുവിനുവേണ്ടി വൈദികരും സിസ്റ്റേഴ്സും നിരാശ്രിതരായവർക്ക് തുണയായി പ്രർത്തിക്കുന്നു. തങ്ങളുടെ കരങ്ങൾ നീട്ടി അന്നന്നു വേണ്ടുന്ന ആഹാരത്തിനുതകുന്ന, നാടിന്റെ



www.malankaralibrary.com

സംസ്കാരത്തിനു ചേർന്ന ചെറുകിട പദ്ധതികൾ ഭദ്രാസനം നടപ്പിലാക്കുന്നു. 2016-ൽ തുടക്കം കുറിച്ച ദൈവരാജ്യ പ്രഘോഷണമിന്ന് മലങ്കര കത്തോലിക്കാ സഭയ്ക്ക് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പള്ളികളും കോക്ക്ബൊറോക്ക് ഭാഷയിലുള്ള വി. കുർബ്ബാനയും ഭൗതിക വളർച്ചയ്ക്ക് വിദ്യാലയങ്ങളും ആത്മിക വളർച്ചയ്ക്ക് വിശ്വാസപരിശീലനവുമായി പ്രശോഭിക്കുന്നു.

## വെസ്റ്റ് ബംഗാൾ

കിഴക്കൻ തീരത്ത് സ്ഥിതിചെയ്യുന്ന സംസ്ഥാനമായ പശ്ചിമ ബംഗാളിൽ ക്രിസ്താനുകരണ സന്യാസ സമൂഹത്തിലെ ബഹുമാനപ്പെട്ട വൈദികരാണ് 2017-ൽ മിഷന് ആരംഭം കുറിക്കുന്നത്. വീടുകൾ തിങ്ങിനിറഞ്ഞ ഗ്രാമങ്ങളിൽ ഒറ്റയടിപ്പാതയിലൂടെ കൂട്ടംകൂടിയ കുറ്റിക്കാടുകളെ വകഞ്ഞ് മാറ്റിയാണ് കൈയ്യിൽ ബൈബിളും ജപമാലയും പിടിച്ച് വചനം മുറിച്ചു നൽകാൻ ചെല്ലേണ്ടത്. തണലു പൊഴിക്കുന്ന അമ്മമരങ്ങളുടെ ചുവട്ടിലും സൂര്യന്റെ താപം പെയ്തിറങ്ങുന്ന വീട്ടുമുറ്റങ്ങളിലുമാണ് പ്രാർത്ഥനാ കൂട്ടായ്മയും വിശ്വാസ പരിശീലനവും. ക്രിസ്തുവിനെ പ്രണയിക്കുന്ന, അവന്റെ വചനത്തെ മുറുകെ പിടിക്കുന്ന പുരോഹിതരുടെയും കന്യാവ്രതക്കാരുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനത്താൽ ബംഗാളികളായ സീറോ മലങ്കര കത്തോലിക്കാ വിശ്വാസികൾ കൽക്കട്ടായിലെ ഗ്രാമപ്രദേശങ്ങളിലുണ്ട്.

## രാജസ്ഥാൻ, ഉത്തർപ്രദേശ്, ഹിമാചൽപ്രദേശ്

സംസ്ഥാനങ്ങളുടെ വിസ്തീർണ്ണത്തിൽ ഒന്നാമത് നിൽക്കുന്ന, രാജാക്കന്മാരുടെ നാടായ രാജസ്ഥാനിലും ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന വടക്കൻ പ്രവിശ്യയെന്നർത്ഥം വരുന്ന ഉത്തർപ്രദേശിലും ഹിമമയമായ പർവ്വതങ്ങളുടെ വീടായ ഹിമാചൽ പ്രദേശിലും ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ സ്വപ്നസാക്ഷാത്കാരമായി മലങ്കര കത്തോലിക്കാ സഭയ്ക്ക് അഭിമാനിക്കാനുതകുന്ന വിധത്തിൽ വിശ്വാസികളുണ്ട്. 2018-ൽ നാന്ദികുറിച്ച മിഷനിൽ പരിശ്രമശീലമുള്ള വൈദികരുടെയും അജപാലകരുടെയും നേതൃത്വത്തിൽ മതബോധനവും അതിന്റെ പരിശീലനവും പൂർണ്ണതയിൽ നടക്കുന്നു.

രാമക്ഷേത്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനു മുമ്പേ അയോധ്യയിൽ ക്രിസ്തുവിനൊരു ആലയം പണിത് കൂദാശ ചെയ്യണമെന്നുള്ളത് ബർണ്ണബാസ് പിതാവിന്റെ ആത്മാഭിലാഷമായിരുന്നു. ചിരകാല സ്വപ്നം പകുതിയിൽ ബാക്കി വച്ച് പിതാവ് യാത്രയായി. കർത്താവിന്റ കരുണയ്ക്കായികുറിയേലായിസോനെന്നു വിളിച്ച് പ്രാർത്ഥിക്കുന്ന, അന്ത്യോക്യൻ ആരാധന ക്രമം പാലിക്കുന്ന വിശ്വാസികളുടെ സ്വരം പിതാവിന് സ്വർഗ്ഗത്തിൽ നിന്ന് കേൾക്കാം.

## ജാർഖണ്ഡ്, ബിഹാർ

നിബിഡവനങ്ങളുടെ നാടായ ജാർഖണ്ഡിലും ജ്ഞാനം കുടികൊള്ളുന്ന സ്ഥലമായ ബീഹാറിലും ക്രിസ്തു രക്ഷകനെന്ന് വിശ്വസിക്കുന്ന മലങ്കര കത്തോലിക്കരുണ്ട്. ചുറുചുറുക്കും അതീവ തീക്ഷ്ണതയുമുള്ള പുരോഹിതരുടെയും സന്യസ്തരുടെയും കഠിനാദ്ധ്വാനത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും ആകെത്തുകയാണ് ജാർഖണ്ഡിലെയും ബീഹാറിലെയും മിഷൻ. 2018-ൽ ആരംഭംകൊണ്ട മിഷൻ ഭദ്രാസനത്തിന്റെ ആത്മീയ ആവേശമായിരുന്നു. ക്രിസ്തുവിന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് ദാഹജലവും



www.malankaralibrary.com



അന്നവും വസ്ത്രവും നൽകി ശുശ്രൂഷിക്കുകയും രോഗീസന്ദർശനവും കാരാഗൃഹ സന്ദർശനവും നടത്തുകയും പരദേശികളെ സ്വീകരിക്കുകയും ചെയ്യുന്നവർക്ക് പിതാവിന്റെ രാജ്യം തരുമെന്ന് ക്രിസ്തു ഉറപ്പു നൽകിയിരിക്കുന്നതാണ്. (മത്തായി 25: 31-40) കൊറോണ രോഗവ്യാപനം മൂർച്ഛിച്ച് നിൽക്കുമ്പോഴും ബർണ്ണബാസ് പിതാവ് ഗ്രാമങ്ങളിൽ തന്റെ മക്കൾ പട്ടിണി കിടക്കരുതെന്നാഗ്രഹിച്ചിരുന്നു. ജാർഖണ്ഡ്, ബീഹാർ മിഷനുകളിലെ ഓരോ വീടുളിലും ഭദ്രാസനം ഭക്ഷണ സാധനങ്ങൾ എത്തിച്ചിരുന്നു.

ഇനിയുമുണ്ട് മിഷനുകൾ. ഭാരതത്തിന്റെ തലസ്ഥാനനഗരിയായ ഡൽഹി തെരുവുകളിൽ, പച്ചപ്പു നിറഞ്ഞ വനങ്ങളുടെ നാടായ ഹരിയാനയിൽ, ഭൂമിയിലെ സ്വർഗ്ഗമെന്നറിയപ്പെടുന്ന ജമ്മു കാശ്മീരിൽ... ഇങ്ങനെ നീണ്ടു പോകുന്നു സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനം തുടങ്ങിയ അല്ലെങ്കിൽ ബർണ്ണബാസ് പിതാവ് തുടങ്ങിയ മിഷനുകൾ. ഭദ്രാസനത്തിന്റെ ചോരയും നീരുമാണ് ഈ പതിനഞ്ച് സംസ്ഥാനങ്ങളിലെയും മിഷനുകളുടെ വളർച്ച.

മോടിപിടിപ്പിച്ച വൈദികമന്ദിരങ്ങൾ വിട്ട് പാവപ്പെട്ടവന്റെ കുടിലുകളിൽ ഇറങ്ങിച്ചെല്ലാൻ വൈദികർ മനസ്സായപ്പോൾ 15 സംസ്ഥാനങ്ങളിൽ ഇന്ന് മലങ്കര കത്തോലിക്കാസമൂഹങ്ങളുണ്ട്. കമ്പും കല്ലും ചെളിയും കൊണ്ട് മെനഞ്ഞ പട്ടിണിപ്പാവങ്ങളുടെ കുടിലുകളിൽ പകുതി കുമ്പിട്ടു കയറി ചെല്ലുന്നത് സ്വന്തം വീട്ടിൽ കയറിച്ചെല്ലുന്ന ആനന്ദത്തോടെയാണ്. ചാണകം മെഴുകിയ തറയിൽ ചമ്രം പടിഞ്ഞിരിക്കുമ്പോൾ പുരോഹിതരുടെയും സന്യസ്തരുടെയും മുഖത്ത് ഒരു ഭാവ വ്യത്യാസവും രൂപപ്പെട്ടില്ല. വക്കു പൊളിഞ്ഞ പാത്രങ്ങളിൽ പാതി മുറിഞ്ഞ ചെറുകരണ്ടി കൊണ്ടു ചോറുവിളമ്പുമ്പോൾ മനസ്സു നിറഞ്ഞ പുഞ്ചിരിയോടെയാണ് ഭക്ഷിക്കുന്നത്. മിഷനുകളെപ്രതി ഭദ്രാസനവും പിതാവും പുരോഹിതരും സഹിച്ചതുപോലെ ഒരു അമ്മയും ഈറ്റുനോവ് അനുഭവിച്ചുകാണില്ല. ആരംഭിച്ച മിഷനുകളിലൂടെ വന്നു കൂനകൂടിയ സകല വെല്ലുവിളികളെയും നൊമ്പരങ്ങളെയും ഭദ്രാസനം അഭിമുഖീകരിച്ച് മുന്നോട്ടു തന്നെ പൊയ്ക്കൊണ്ടിരിക്കുന്നു. റോമാ മിഷനിലെ വിശ്വാസികൾക്ക് വേണ്ടി എഴുതിയ പൗലോസിന്റെ വാക്കുകൾ കടമെടുത്താൽ 'ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ...' (റോമ. 8: 35) ഒന്നിനും ഒരാൾക്കും ഭദ്രാസനത്തിന്റെ പ്രതിജ്ഞാബദ്ധമായ മിഷൻ പ്രവർത്തനത്തിന് തടയിടാൻ കഴിയില്ല. ക്രിസ്തുവിന്റെ മിഷൻ സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തിൽ അഭിവന്ദ്യ ബർണ്ണബാസ് പിതാവിലൂടെ ആരംഭിച്ച് അഭിവന്ദ്യ അന്തോണിയോസ് പിതാവിലൂടെ ദൈവകൃപയാൽ അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്നു.



www.malankaralibrary.com




# സെന്റ് എഫ്രേം കഡ്കി – പൂന രൂപതയും മിഷൻ പ്രവർത്തനവും



ഫാ. തോമസ് ആറ്റുമാലിൽ

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ് സഭയും, മിഷനും. സഭ സ്വഭാവത്താലെ മിഷനറിയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുമ്പോൾ, (Ad Gentes, 2) സഭാമക്കളായ നാമെല്ലാവരും നമ്മുടെ മനുഷ്യ ജന്മത്താലും ക്രൈസ്തവ വിശ്വാസത്തിലേയ്ക്കുള്ള പുനർജന്മത്താലും ഈ ലോകത്തിലേയ്ക്ക് ക്രിസ്തുവിന്റെ രക്ഷാകരദൗത്യത്തിന്റെ പൂർത്തീകരണത്തിനായി അയക്കപ്പെട്ടവരാണെന്ന് ഫ്രാൻസിസ് മാർപ്പാപ്പ പഠിപ്പിക്കുന്നു. മിഷൻ എന്ന പദത്തിന്റെ ഉറവിടം തന്നെ അയക്കപ്പെടുക എന്ന ക്രിയയുമായി ബന്ധപ്പെട്ടതാണ്. ഈശോ പിതാവിനാൽ അയക്കപ്പെട്ടതുപോലെ അപ്പോസ്തോലന്മാർ ഈശോയാൽ അയക്കപ്പെട്ടവരാണ്. മാമ്മോദീസ സ്വീകരിച്ച നാമെല്ലാവരും അയക്കപ്പെട്ടവരാണെന്ന് (Baptize and Sent) ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നെയും നിങ്ങളെയും ദൈവം സൃഷ്ടിച്ചിരിക്കുന്നതും വിശ്വാസത്തിന്റെ കൃപ നൽകി അനുഗ്രഹിച്ചിരിക്കുന്നതും രക്ഷാകരദൗത്യത്തിന്റെ പൂർത്തീകരണത്തിനാണ് എന്ന് സന്തോഷത്തിന്റെ സുവിശേഷം എന്ന ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ വ്യക്തമാക്കുന്നു (Evangeli Gaudium, 273). ക്രൈസ്തവരായ നാമോരോരുത്തരും മാമോദീസായിലൂടെ ഉത്ഥിതന് സാക്ഷികളാകാനുള്ള വിളി സ്വീകരിച്ചിരിക്കുകയാണ്.

മാമോദീസായിലൂടെ പ്രേഷിത ദൈവവിളി സ്വീകരിച്ച നമ്മുടെ പ്രസംഗവും പ്രവർത്തനവും ജീവിതശൈലിയും മനോഭാവങ്ങളും സ്വപ്നങ്ങളും ക്രിസ്തുവിനെ പ്രഘോഷിക്കുന്നതും സുവിശേഷത്തിന്റെ സുഗന്ധം പരത്തുന്നതുമായിരിക്കണം. ഫ്രാർസിസ് മാർപാപ്പയുടെ 'ക്രിസ്തു ജീവിക്കുന്നു' എന്ന പ്രബോധനത്തിൽ ഇപ്രകാരം രേഖപ്പെടുത്തി

www.malankaralibrary.com



യിട്ടുണ്ട്,' നിങ്ങൾ ദൈവത്തിന്റെ ഇന്നാണ് (You are the now of God). ക്രൈസ്തവരായ നമ്മിലൂടെയാണ് ക്രിസ്തു ജീവിക്കുന്നതും, പ്രഘോഷിക്കപ്പെടുന്നതും. രണ്ടായിരം വർഷത്തെ ക്രൈസ്തവ പാരമ്പര്യത്തിൽ അഭിമാനിക്കുന്ന നാം തിരിച്ചറിയണം, ഈ ഇന്ത്യാമഹാരാജ്യത്ത് സുവിശേഷത്തിന്റെ പ്രകാശം കടന്നു ചെല്ലാത്ത അനേകം സ്ഥലങ്ങളുണ്ടെന്നും, സുവിശേഷത്തിന്റെ ആനന്ദം ലഭിക്കാത്ത അനേകം മക്കളുണ്ടെന്നും. നമുക്ക് മാമോദീസായിലൂടെ ലഭിച്ചിരിക്കുന്ന ദൗത്യം മറക്കാതെ സുവിശേഷത്തിന്റെ സുഗന്ധം നിറഞ്ഞ ജീവിതം നയിക്കാം, ക്രിസ്തുവിന്റെ ശബ്ദമായി മാറാം, അവന്റെ കരങ്ങളായി മാറാം. ഈ ആധുനികലോകത്ത്, സുവിശേഷത്തിന്റെ ആനന്ദം പങ്കുവയ്ക്കാൻ പരിശുദ്ധ മറിയത്തിനുണ്ടായിരുന്ന തിടുക്കം നമുക്കും ഉണ്ടാവണം. സഭ പിറക്കാനുള്ള പുതിയ ഇടങ്ങൾ കണ്ടെത്തി ദൈവത്തെയും അവിടുത്തെ ദൈവീകജീവനെയും, കരുണാർദ്ര സ്നേഹത്തെയും, വിശുദ്ധിയെയും പകർന്നു നൽകി സഭയ്ക്കു ജന്മം നൽകാൻ നമുക്ക് കഴിയണം. സ്നേഹത്തിന്റെ പ്രതിഫലനമാകണം നമ്മുടെ മിഷൻ പ്രവർത്തനം.

## രൂപതയുടെ മിഷൻ പ്രദേശങ്ങൾ

മലങ്കര സുറിയാനി കത്തോലിക്ക സഭയ്ക്ക് ദൈവം നൽകിയ അമൂല്യമായ ഒരു സമ്മാനമാണ് സെന്റ് എഫ്രേം, കഡ്കി -പൂന ഭദ്രാസനം. സഭയുടെ ദൗത്യത്തിന് കൂടുതൽ ശക്തി പകരുന്നതിനും, മിഷൻ പ്രവർത്തനങ്ങളിലൂടെ വിശാലമായി സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കുന്നതിനുമായി 2015-ൽ സെന്റ് എഫ്രേം, കഡ്കി -പൂന എക്സാർക്കേറ്റ് സ്ഥാപിതമായി. പൂനയിൽ ഒരു മിഷനറിയായി പ്രവർത്തിച്ച്, ഈ നാടിന്റെ സംസ്ക്കാരം അറിയുന്ന അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷനായി നിയോഗിച്ചു. ഈ എക്സാർക്കേറ്റിന്റെ ആരംഭം മുതൽ ഏറ്റവും പ്രധാന്യം നൽകിയത് മിഷൻ പ്രവർത്തനങ്ങൾക്കാണ്. 2019 - ൽ ഈ എക്സാർക്കേറ്റ് ഒരു ഭദ്രാസനമായി ഉയർത്തപ്പെട്ടപ്പോൾ, വിവിധ സംസ്ഥാനങ്ങളിൽ, സംസ്ക്കാരങ്ങളിൽ, ഭാഷകളിൽ സുവിശേഷം പങ്കുവയ്ക്കാനുള്ള വിശാലമായ വാതിലുകൾ തുറക്കപ്പെട്ടു. ജാതി, മത, വർഗ്ഗ ഭേദമെന്യേ സുവിശേഷത്തിന്റെ ആനന്ദം അനേകരിലേക്ക് എത്തിക്കാൻ ഈ ഭദ്രാസനത്തിന് കഴിഞ്ഞു. മഹാരാഷ്ട്രയിലും, തമിഴ്നാട്ടിലും, കർണാടകയിലും, തെലുങ്കാനയിലും, അന്ധ്രപ്രദേശിലും മലങ്കരസഭ വളർന്നിട്ടുണ്ടെങ്കിൽ അത് കൂട്ടായ്മയുടെ വിജയമാണ്. അഭിവന്ദ്യ പിതാവിനോട് ചേർന്ന്, വൈദീകരും, സന്യസ്തരും, ആത്മായരും മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതുകൊണ്ടാണ് ഇന്ന് ഈ ഭദ്രാസനം ഒരു മിഷൻ രൂപതയായി മാറിയത്. മിഷൻ പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ ശക്തിയെന്നത് പ്രാർത്ഥനയാണ്. ഈ ഭദ്രാസത്തിന്റെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന അനേകം ദൈവമക്കളുണ്ട് എന്നുള്ളതാണ് ഭദ്രാസനത്തിന്റെ ശക്തി.

വിശക്കുന്നവന് 'ക്ഷണവും ദാഹിക്കുന്നവന് വെള്ളവും നഗ്നന് വസ്ത്രവും രോഗിക്ക് ശുശ്രൂഷയും കാരാഗൃഹവാസിക്കു സന്ദർശകനും പരദേശിക്ക് അഭയവുമാകുന്നവനാണ് യഥാർത്ഥ ക്രിസ്തു ശിഷ്യൻ, അഥവാ ഒരു മിഷനറി. സുവിശേഷത്തിന്റെ മൂല്യങ്ങൾ ഹൃദയത്തിൽ വഹിച്ചുകൊണ്ട് വിശ്വാസത്തിൽ ദൈവജനത്തെ അടിയുറപ്പിക്കാനായി പരിശ്രമിക്കുന്നതോടൊപ്പം, മിഷൻ പ്രദേശത്തെ ആളുകളെ സാമൂഹിസേവന പ്രവർത്തനങ്ങളിലൂടെ, വിദ്യാഭ്യാസപരമായും ധാർമ്മികമായും മൂല്യാധിഷ്ഠിതമായി ജീവിക്കുന്നതിന് പ്രാപ്തരാക്കാൻ മിഷനറിമാർ നിരന്തരം പരിശ്രമിക്കുന്നു. ഒരാളുടെ സമഗ്രമായ വികസനമാണ് ഈ രൂപതയുടെ മിഷൻ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഓരോ വ്യക്തിയേയും സമൂഹത്തിൽ നന്മയുടെ പ്രകാശഗോപുരങ്ങളായി മാറ്റാനുള്ള പരിശ്രമമാണ് നാം നടത്തുക. പൂന ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങൾ ശക്തമായി നടക്കുന്നത് പ്രൊട്ടസ്റ്റൻന്റ് പാസ്റ്റേഴ്സിനിടയിലാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ചെയ്തതുപോലെ ഓരോ കൊച്ചു ദേവാലയങ്ങളിലും പാസ്റ്റേഴ്സിനെ ഉപദേശികളായി നിയോഗിക്കുന്നു. ആ പാസ്റ്റേഴ്സിന് തുടർച്ചയായി വിശ്വാസ പരിശീലനം നൽകുകയും ക്രൈസ്തവ മൂല്യങ്ങൾ പഠിപ്പിക്കുകയും, അവരുടെ സഭാസംബന്ധമായ സംശയങ്ങളെ ദുരീകരിക്കുകയും ചെയ്യുന്നു. പരിശീലനം സ്വീകരിച്ച പാസ്റ്റേഴ്സ് പൂർണമായ താൽപര്യം പ്രകടിപ്പിച്ചാൽ

www.malankaralibrary.com



കത്തോലിക്ക സഭയേക്കുറിച്ച് പഠിക്കാനും, സുവിശേഷം ശ്രവിക്കാനുമുള്ള ഇവിടുത്തെ ദൈവജനത്തിന്റെ ആഗ്രഹവും, തീക്ഷ്ണതയും മനസ്സിലാക്കി അഭിവന്ദ്യ പിതാവ് ബാപട്ലയിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ 2017 ജനുവരി മാസം ഫാ. സ്റ്റീഫൻ ചെമ്പകത്തോപ്പിനെ നിയോഗിച്ചു. പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി മേരീമക്കൾ സന്യാസ സമൂഹത്തിന്റെ, വെണ്ണീയൂർ പ്രൊവിൻസിലെ സിസ്റ്റർ മേഴ്സി സേവ്യർ, സിസ്റ്റർ ജിയോ ഫ്രാൻസിസ് എന്നിവർ കൂടെ നിയോഗിതരായി. അച്ചനും, സിസ്റ്റേഴ്സും വാടക വീടുകളിൽ താമസിച്ച് ഗ്രാമത്തിൽ പോയി മിഷൻ പ്രവർത്തനങ്ങൾ നടത്തി. മിഷനറിമാരുടെ അദ്ധ്വാനത്തിന്റെ ഫലമായി ഇന്ന് ബാപട്ലയിൽ 7 മിഷൻ സ്റ്റേഷനുകളും 4 പാസ്റ്റേഴ്സുമുണ്ട്. മിഷൻ ആരംഭിച്ച വർഷം തന്നെ വി. കുർബാന തെലുങ്ക് ഭാഷയിൽ ട്രാൻസ്‌ലേറ്റ് ചെയ്യുകയും വി. കൂദാശകളെക്കുറിച്ച് ദൈവജനത്തെ പഠിപ്പിക്കുകയും ചെയ്തു. ഇപ്പോൾ 4 സ്ഥലങ്ങളിൽ പരിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ട്. ചെറിയ ചാപ്പലുകൾ 5 ഗ്രാമങ്ങളിലുണ്ട്. രണ്ട് ഗ്രാമങ്ങളിൽ വീടുകളിലാണ് പ്രാർത്ഥനയും, ആരാധനയും നടത്തുക. ഇപ്പോൾ ഒരു വൈദികനും, ഡി. എം. വെണ്ണീയൂർ പ്രൊവിൻസിലെ മൂന്ന് സിസ്റ്റേഴ്സും ഇവിടെ ശുശ്രൂഷ ചെയ്യുന്നു.

അവർക്ക് കൂദാശകൾ നൽകി, അവരുടെ ഗ്രാമങ്ങളിലുള്ള വിശ്വാസികളെ ആത്മീയമായി ഒരുക്കി ഒരു ചെറിയ കൂട്ടായ്മയായി രൂപപ്പെടുത്തുന്നു. ഗ്രാമങ്ങളിലെ സാമൂഹിക സേവന പ്രവർത്തനങ്ങളിലൂടെ മനുഷ്യരുടെ ജീവിതനിലവാരം ഉയർത്താൻ പരിശ്രമിക്കുന്നു. സ്ത്രീകൾക്കായുള്ള അയൽക്കൂട്ടങ്ങൾ, കുട്ടികൾക്ക് ട്യൂഷൻ, കുട്ടികൾക്കായുള്ള സേവിംഗ്സ്, മെഡിക്കൽ ക്യാമ്പുകൾ, തയ്യൽ പരിശീലനം, ചെറിയ തൊഴിൽ പരിശീലനങ്ങൾ, പഠിക്കാൻ മിടുക്കരായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായുള്ള സഹായം, ഭവന നിർമ്മാണങ്ങൾ, രോഗികൾക്കുള്ള ചികിൽസ തുടങ്ങിയ സാമൂഹീക പ്രവർത്തനങ്ങളിലൂടെ ഗ്രാമങ്ങളിലുള്ള മനുഷ്യരുടെ ഭൗതീകമായ വളർച്ചയ്ക്ക് ഉതകുന്ന കാര്യങ്ങൾ മിഷനറിമാർ ചെയ്യുന്നു. ആത്മീകവും ഭൗതീകവുമായി ഒരു വ്യക്തിയുടെ സമഗ്രഹമായ വളർച്ചയാണ് മിഷൻ പ്രവർത്തനത്തിന്റെ ലക്ഷ്യം.

## ആന്ധ്രാപ്രദേശ് മിഷൻ

### 1. ബാപട്ല മിഷൻ

ആന്ധ്രാപ്രദേശ് സംസ്ഥാനത്ത് മലങ്കര സഭ ആദ്യമായി മിഷൻ പ്രവർത്തനം ആരംഭിക്കുന്നത് ബാപട്ല ജില്ലയിലാണ്. 2016- ൽ ഈ പ്രദേശത്തുള്ള വിജയ് പാസ്റ്ററുമായി രൂപതയിലെ മിഷനറിമാർ ബന്ധപ്പെടുകയും, തുടർന്ന് വിജയ് പാസ്റ്റർ അദ്ദേഹത്തിന്റെ ഗ്രാമത്തിൽ മിഷൻ പ്രവർത്തനങ്ങൾ നടത്താനായി രൂപതയിലെ മിഷനറിമാരെ സ്വാഗതം ചെയ്യുകയും ചെയ്തു. രൂപതയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫാ. വർഗീസ് വാലിക്കോടത്ത്, വി. എ. ജോർജ്, സണ്ണി പവ്വത്ത്, അലക്സ് വളവിൽ, സെബാസ്റ്റ്യൻ തുടങ്ങിയവർ അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയുടെ നിർദേശപ്രകാരം ഈ പ്രദേശം സന്ദർശിക്കുകയും, പാസ്റ്റേഴ്സിന് പരിശീലനം നൽകുകയും ചെയ്തു.

### 2. കൈക്കല്ലൂർ മിഷൻ

ബാപട്ല എന്ന അമ്മ മരത്തിന്റെ ആദ്യത്തെ ശാഖയാണ് കൈക്കല്ലൂർ മിഷൻ. ഏലൂർ ഡിസ്ട്രിക്റ്റിൽ കൈക്കല്ലൂർ എന്ന പ്രദേശത്ത് 2019 – ൽ മലങ്കര സഭയുടെ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൈക്കല്ലൂർ മിഷനിൽ ഒരു വൈദികനും, ഡി. എം. വെണ്ണീയൂർ പ്രൊവിൻസിലെ മൂന്ന് സിസ്റ്റേഴ്സും ശുശ്രൂഷ ചെയ്യുന്നു. കൈക്കല്ലൂരിൽ 5 ഗ്രാമങ്ങളിൽ മിഷൻ സ്റ്റേഷനുകളുണ്ട്. നാല് സ്ഥലങ്ങളിൽ തെലുങ്കിൽ വി. കുർബാനയും പ്രാർത്ഥനകളും നടത്തുന്നു. രണ്ട് സ്ഥലങ്ങളിൽ ചെറിയ ചാപ്പലുകൾ ഉണ്ട്. ബാക്കിയുള്ള മൂന്ന് സ്ഥലങ്ങളിൽ ഭവനങ്ങളിലാണ് പ്രാർത്ഥനയും വി. കുർബാനയും നടത്തുക. ഈ മിഷനിൽ മൂന്ന് പാസ്റ്റേഴ്സ് മിഷൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുന്നു.

### 3. രേപ്പല്ലെ , തെനാലി മിഷൻ

ബാപ്ടല ജില്ലയിലെ രണ്ട് പ്രധാനപ്പെട്ട ടൗണുകളാണ് രേപ്പല്ലെ, തെനാലി എന്നിവ. 2019- ൽ ബാപട്ലയിൽ ശുശ്രൂഷ ചെയ്ത ഫാ. സാം പുതുവേലിയുടെയും, വിജയ് പാസ്റ്ററിന്റെയും നേതൃത്വത്തിൽ ആരംഭിച്ച മിഷനുകളാണ് ഇവ. ഒരു വൈദികനും തിരുവനന്തപുരം പ്രൊവിൻസിലെ രണ്ട് ബഥനി സിസ്റ്റേഴ്സും ഇവിടെ

www.malankaralibrary.com



മിഷൻപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. രേപ്പല്ലെയിലെ 6 ഗ്രാമങ്ങളിൽ നാം മിഷൻ പ്രവർത്തനം നടത്തുന്നുണ്ട്. ആറു ഗ്രാമങ്ങളിലും പാസ്റ്റേഴ്സ് മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നു. തെനാലി പ്രദേശത്ത് 4 ഗ്രാമങ്ങളിൽ നാം മിഷൻ പ്രവർത്തനങ്ങൾ നടത്തുകയും ഈ നാല് ഗ്രാമങ്ങളിൽ പാസ്റ്റേഴ്സ് നമ്മെ സഹായിക്കുകയും ചെയ്യുന്നു. പാസ്റ്റേഴ്സിനും വിശ്വാസികൾക്കും വിശ്വാസ പരിശീലനം നൽകുകയും കൂദാശകൾ സ്വീകരിക്കാൻ അവരെ ഒരുക്കുകയും ചെയ്യുന്നു.

**4. ഓംറോൾ മിഷൻ**

പ്രകാശം ജില്ലയിലെ ഓംറോൾ പ്രദേശത്ത് ഫാ. പോൾ വെട്ടിക്കാട്ടിന്റെയും, ഡി. എം മാർത്താണ്ഡം പ്രൊവിൻസിലെ 2 സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ 2020 മുതൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോൾ ASMI കോൺഗ്രിഗേഷനിലെ രണ്ട് സിസ്റ്റേഴ്സും മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. ഗ്രാമങ്ങൾ സന്ദർശിച്ച്, കുട്ടികൾക്ക് ട്യൂഷനുകൾ നൽകിയും, ഈശോയെ അറിയാൻ ആഗ്രഹിക്കുന്നവരോട് സുവിശേഷം പ്രസംഗിച്ചും, വിശ്വാസം പഠിപ്പിച്ചും 4 സ്ഥലങ്ങളിൽ ചെറിയ കമ്മ്യൂണിറ്റികൾ ആരംഭിച്ചു. ഇപ്പോൾ ഒരു ഗ്രാമത്തിൽ വാടക കെട്ടിടത്തിൽ വി. കുർബാനയും പ്രാർത്ഥനകളും നടത്തുകയും, മറ്റ് ഗ്രാമങ്ങളിലെ വിശ്വാസികൾക്ക് വിശ്വാസ പരിശീലനം നൽകുകയും ചെയ്യുന്നു.

**5. വിജയവാഡ മിഷൻ**

2021– ൽ വിജയവാഡ ടൗണിലെ ഒരു പാസ്റ്റർ മലങ്കര സഭയുടെ ഭാഗമാവുകയും, അതിനുശേഷം പാസ്റ്ററിന്റെ ദേവാലയത്തിലെ ആളുകൾക്ക് വിശ്വാസ പരിശീലനം നൽകുകയും, പ്രാർത്ഥനകളും കുർബാനയുമൊക്കെ പഠിപ്പിക്കുകയും ചെയ്തു. ഒരു വാടക കെട്ടിടം പ്രാർത്ഥനയ്ക്കും, വി. കുർബാനയ്ക്കുമായി ഉപയോഗിക്കുന്നു. ഫാ. ജോസഫ് വില്ലോത്ത് ഈ പ്രദേശത്ത് താമസിച്ചുകൊണ്ട് മിഷൻ പ്രവർത്തനം നടത്തുന്നു.

**6. പാടേരു മിഷൻ**

2021 മുതൽ അല്ലൂരി സീതാരാമ രാജു ജില്ലയിലെ അനേകം പാസ്റ്റേഴ്സ് കത്തോലിക്കാ വിശ്വാസം സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, അവർക്ക് രൂപതയുടെ മിഷൻ ടീം വിശ്വാസ പരിശീലനം നൽകുകയും തുടർന്ന് 14 ഗ്രാമങ്ങളിൽ 2022 മുതൽ മിഷൻ പ്രവർത്തനം നടത്താൻ ആരംഭിക്കുകയും ചെയ്തു. ഫാ. സ്റ്റീഫൻ ചെമ്പകത്തോപ്പിന്റെ നേതൃത്വത്തിൽ പാസ്റ്റേഴ്സിന്റെ സഹായത്തോടെ ഗ്രാമങ്ങൾ സന്ദർശിക്കുകയും വിശ്വാസത്തിൽ അവിടെയുള്ള ഗോത്രവർഗക്കാരെ വളർത്തുകയും ചെയ്യുന്നു.

## തെലുങ്കാനയിലെ മിഷനുകൾ

**1. ഗഡ്വാൾ മിഷൻ**

2019 – ൽ ഫാ. സോളമൻ രാജ് കർണൂലിൽ താമസിച്ചുകൊണ്ട് ഗ്രാമങ്ങളിലെ വീടുകൾ സന്ദർശിക്കുകയും, പ്രാർത്ഥനകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി ഇന്ന് ഗഡ്വാൾ മിഷനിൽ ആറ് ഗ്രാമങ്ങളിൽ മലങ്കര സഭയുടെ ചെറിയ കമ്മ്യൂണിറ്റികളുണ്ട്. ഫാ. ജോഷ്വാ തെക്കേടത്തും, പത്തനംതിട്ട പ്രൊവിൻസിലെ 2 ബഥനി സിസ്റ്റേഴ്സും ഇവിടെ മിഷൻ ചെയ്യുന്നു. ലത്തീൻ സഭയിലെ രണ്ട് മതബോധന അധ്യാപകർ സജീവമായി മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു.

**2. കല്ലൂരു മിഷൻ**

കമ്മം ജില്ലയിലെ കല്ലൂരു എന്ന പ്രദേശത്ത് താമസിച്ചുകൊണ്ട് ഫാ. മൈക്കിൾ ദാര 2018–ൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിരന്തരമായി വീടു സന്ദർശനങ്ങൾ നടത്തിയും, കുടുംബപ്രാർത്ഥനകൾ നടത്തിയും ഇവിടെയുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ വിശ്വാസത്തിൽ വേരുറപ്പിച്ചു. കല്ലൂരു മിഷനിൽ ആറ് ഗ്രാമങ്ങളിൽ നമുക്ക് ചെറിയ കൂട്ടായ്മകൾ ഉണ്ട്. രണ്ട് ഗ്രാമങ്ങളിൽ വി.കുർബാന ആരംഭിക്കുകയും ചെയ്തു. മിഷൻ പ്രവർത്തനങ്ങൾക്ക് വൈദികനോട് ചേർന്ന് തിരുവല്ല പ്രൊവിൻസിലെ മൂന്ന് ബഥനി സിസ്റ്റേഴ്സ് നേതൃത്വം നൽകുന്നു,

**3. സൂര്യപേട്ട് മിഷൻ**

സൂര്യപേട്ട് ജില്ലയിലെയും പരിസര പ്രദേശങ്ങളിലെയും അനേകം പ്രൊട്ടസ്റ്റന്റ് പാസ്റ്റേഴ്സിന് 2021 മുതൽ രൂപതയിലെ മിഷൻ കൂട്ടായ്മ വിശ്വാസ പരിശീലനം നൽകിവരുന്നു. 2022– ൽ 12 പാസ്റ്റേഴ്സ് അവരുടെ കമ്മ്യൂണിറ്റിയോടുകൂടെ നമ്മുടെ സഭയുടെ ഭാഗമായി. ഓരോ പാസ്റ്റേഴ്സിനും 2 കമ്മ്യൂണിറ്റികൾ ഉണ്ട്. ഇപ്പോൾ 24 ഗ്രാമങ്ങളിലുള്ള കൂട്ടായ്മകൾക്ക് വിശ്വാസ പരിശീലനം നൽകികൊണ്ട്, അവിടുത്തെ മിഷൻ പ്രവർത്തനങ്ങൾക്ക് ഫാ. ജോൺ മരുതൂർ നേതൃത്വം നൽകുന്നു.

www.malankaralibrary.com



## തമിഴ്നാട്ടിലെ മിഷനുകൾ

**1. തേൻഗനിക്കോട്ട് മിഷൻ**

2017 – ൽ ഫാ. അമൃത് രാജിന്റെയും ബത്തേരി പ്രൊവിൻസിലെ രണ്ട് ബഥനി സിസ്റ്റേഴ്സന്റെയും ബാംഗ്ലൂരിലുള്ള വിവിധ ഇടവകകളിലെ ആത്മായരുടെയും സഹായത്തോടെ തേൻഗനിക്കോട്ട് പ്രദേശത്തെ 12 ഗ്രാമങ്ങളിൽ മിഷൻ പ്രവർത്തനം ആരംഭിച്ചു. ഈ ഗ്രാമങ്ങളിലുള്ള ആദിവാസികളായ മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും കുഞ്ഞുങ്ങൾക്ക് ട്യൂഷൻ നൽകുകയും, ഗ്രാമങ്ങളിലുള്ള ആളുകളുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താനുള്ള പരിപാടികൾ നടത്തുകയും ചെയ്യുന്നു. വളരെ ദരിദ്രരും വിദ്യാവിഹീനരുമായ മക്കളെ സ്നേഹിച്ചും, പഠിപ്പിച്ചും അവരെ ആത്മീയമായി ഒരുക്കുകയും, അവരുടെ ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ നിരന്തരം പരിശ്രമിക്കുന്നു.

**2. പെരുങ്കാവൂർ മിഷൻ**

ചെന്നൈ അയ്യപ്പാക്കം ഇടവകയുടെ നേതൃത്വത്തിൽ 2020 – ൽ പെരുങ്കാവൂർ പ്രദേശത്ത് മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. വീടുകൾ സന്ദർശിച്ചു പ്രാർത്ഥിച്ചും അവിടെയുള്ള ആളുകൾക്ക് മാർഗനിർദേശങ്ങൾ നൽകിയും പഠിപ്പിച്ചും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിക്കുന്നു. ചെന്നൈ മാർ ഗ്രിഗോറിയോസ് കോളേജിലെ മനേജുമെന്റും വിദ്യാർത്ഥികളും ഇവിടെയുള്ള ഗ്രാമം സന്ദർശിക്കുകയും ഇവിടെയുള്ളവരുടെ സാമൂഹിക ഉന്നമനത്തിനായി നൂതനമായ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

## മറാട്ടി മിഷനുകൾ

**1. ബോക്കൽ മിഷൻ**

വിശ്രാന്തവാടി സെന്റ് ആന്റണീസ് മലങ്കര കത്തോലിക്ക ദേവാലയത്തിന്റെ നേതൃത്വത്തിൽ 2016– ൽ ഫാ. വർഗീസ് കൈതോൺ പൂനയിലെ ബോക്കൽ മിഷന് ആരംഭം കുറിച്ചു. എല്ലാ ശനിയാഴചയും അനേകം ആളുകൾ ഒരുമിച്ച് കൂടി പ്രാർത്ഥിക്കുകയും, വചനം ശ്രവിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയ്ക്ക് വിശ്രാന്തവാടി ഇടവകയിലെ വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ വിവിധ സംഘടനകൾ നേതൃത്വം നൽകുകയും, അവിടെ വിശ്വാസ പരിശീലനം നൽകുകയും ചെയ്യുന്നു. മറാട്ടി ഭാഷയിലാണ് പ്രാർത്ഥനകൾ നടത്തുക.

**2. വാർജെ മിഷൻ**

വാർജെ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ 2013– ൽ ജൂബിലി വർഷത്തോട് അനുബന്ധിച്ച് വിൻസെൻഷ്യൻ കോൺഗ്രിഗേഷനിലെ അച്ചൻമാരുടെ നേതൃത്വത്തിൽ ധ്യാനം നടത്തുകയും, പിന്നീട് എല്ലാവർഷവും ക്രിസ്മസിനോട് അനുബന്ധിച്ച് ഈ ധ്യാനം തുടരുകയും ചെയ്യുന്നു. ഈ ധ്യാനത്തിലും പ്രാർത്ഥനകളിലും സംബന്ധിച്ച അനേകം മറാട്ടി ആളുകൾ ക്രൈസ്തവ വിശ്വാസം സ്വീകരിക്കാൻ ആഗ്രഹിക്കുകയും ഫാ. ജോർജ്ജ് മാത്യു ഛകഇ അച്ചന്റെ നേതൃത്വത്തിൽ വിശ്വാസ പരിശീലനം നൽകി അവരെ ഒരുക്കുകയും ചെയ്തു. 15 കുടുംബങ്ങളടങ്ങിയ മറാട്ടി മിഷൻ 2016– ൽ സ്ഥാപിതമായി. എല്ലാ ഞായറാഴ്ചയും ഹിന്ദി ഭാഷയിൽ മറാട്ടി മിഷനിലെ ആളുകൾക്കായി വി. കുർബാനകളും, പ്രാർത്ഥനകളും നടത്തുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് വാർജെ ഇടവക വികാരിയും ഇടവകാംഗങ്ങളും നേതൃത്വം നൽകുന്നു.

**3. ഔരംഗ്ബാദ് മിഷൻ**

പൂന രൂപതയിലെ മിഷൻ ടീം ഔരംഗ്ബാദിലെ കുറച്ച് പാസ്റ്റേഴ്സിനെ കണ്ടുമുട്ടുകയും, അവർക്ക് ക്ലാസുകൾ നൽകുകയും ചെയ്തു. ഇപ്പോൾ മൂന്ന് പാസ്റ്റേഴ്സ് മലങ്കരസഭയിൽ ചേരുകയും, അവരുടെ ഗ്രാമങ്ങളിൽ മലങ്കര സഭയോടുചേർന്നു മിഷൻ പ്രവർത്തനം നടത്തുകയും ചെയ്യുന്നു. ഈ പ്രദേശത്തെ മിഷൻ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തു പകരുന്നതിനായി 2022 സെപ്റ്റംബർ മുതൽ ഫാ. ജോൺസനും മൂവാറ്റുപുഴ പ്രൊവിൻസിലെ ബഥനി സിസ്റ്റേഴ്സും ഈ പ്രദേശത്ത് താമസം ആരംഭിച്ചു ഗ്രാമങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥനകൾ നടത്തുകയും വിശ്വാസ പരിശീലനം നൽകുകയും ചെയ്യുന്നു.

www.malankaralibrary.com



# ഗൾഫ്–മദ്ധ്യപൂർവ്വ ദേശങ്ങളിലെ മലങ്കരസഭാ പ്രേഷിതത്വം



റവ. ഡോ. വർഗ്ഗീസ് മനക്കലേട്ട്

മലങ്കരസുറിയാനി കത്തോലിക്കാ സഭ അതിന്റെ ശതാബ്ദി ആഘോഷിക്കുവാൻ തയ്യാറെടുക്കുന്ന ഈ അവസരത്തിൽ, ധന്യമായ 92 വർഷങ്ങൾ പിന്നിടുമ്പോൾ സഭയ്ക്ക് അഭിമാനിക്കുവാൻ തക്കനിലയിൽ മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ ശില്പിയും ദൈവദാസനുമായ മാർ ഇവാനിയോസ് പിതാവ് സമാരംഭിച്ച പുനരൈക്യ പ്രേഷിത പ്രവർത്തനങ്ങൾ ഗൾഫ് രാജ്യങ്ങളായ ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ, എന്നിവിടങ്ങളിൽ പടർന്ന് പന്തലിച്ചുകൊണ്ടിരിക്കുന്നു. അഭിവന്ദ്യ കാതോലിക്കാ ബാവാതിരുമേനി ഈ പ്രദേശങ്ങളിലെ സഭാസമൂഹങ്ങളുടെ അജപാലന ക്രമീകരണങ്ങൾ ശ്രദ്ധയോടെ നിർവ്വഹിച്ചു വരുന്നു. സഭാമക്കളുടെ ഒരുമിച്ചുള്ള കൂടിവരവിനും പ്രവർത്തനങ്ങൾക്കുമായി ബഹു. വൈദികരുടെ നേതൃത്വത്തിൽ Gulf Countries Council (GCC) രൂപീകരിച്ചു. ഗൾഫ്രാജ്യങ്ങളിലുള്ള എല്ലാ സഭാസമൂഹങ്ങളും അവരുടേതായരീതിയിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. വിവിധ അവാർഡുകൾ, സമർത്ഥരായ വിദ്ധ്യാർത്ഥികൾക്ക് പഠനസഹായം, ഭവനനിർമ്മാണത്തിനുള്ള സഹായം, നിർധനരായ പെൺകുട്ടികൾക്കുള്ള വിവാഹസഹായം, രോഗികൾക്കുള്ള ചികിത്സാ സഹായം എന്നിവ ഇവയിൽ പ്രധാനപ്പെട്ടതാണ്. കൂടാതെ ഓരോ വർഷവും ഓരോ രൂപതയെ അവരുടെ അജപാലനാവശ്യങ്ങളിൽ സഹായിക്കുന്ന പദ്ധതികളുമായി മുന്നോട്ട് പോകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന ആറ് ഗൾഫ്രാജ്യങ്ങളിലുമുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭാ സമൂഹ

www.malankaralibrary.com



ങ്ങളുടെയും അഭിവൃദ്ധിയെ ക്കുറിച്ചുള്ള ഒരു ലഘുവിവര ണം നല്കുകയാണ് ഈ ലേഖന ത്തിന്റെ ഉദ്ദേശം.

**1. സീറോ മലങ്കര കാതലിക് കമ്മ്യൂണിറ്റി, ബഹ്റൈൻ**

ഭാഗ്യ സ്മരണാർഹനായ അഭി വന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറി യോസ് തിരുമേനിയാണ് 1986-ൽ ഇവിടെ സഭാ ശുശ്രൂഷകൾക്ക് ഔദ്യോഗികമായി തുടക്കം കുറി ച്ചത്. ആദ്യകാലങ്ങളിൽ ഖത്ത റിൽ നിന്നുള്ള വൈദികരാണ് ഇവിടെ അജപാലന ശുശ്രൂഷ നിർവഹിച്ചിരുന്നത്. ഓരോ മാസത്തിലും രണ്ടാമത്തേതും നാലാമത്തതുമായ വെള്ളി, ശനി ദിവസങ്ങളിൽ വി. കുർബ്ബാനയർപ്പണവും മറ്റ് ആത്മീയ ശുശ്രൂഷകളും നടത്തപ്പെടുന്നു. ബഹു. വൈദികരുടെ നേതൃത്വത്തിൽ 12 പേരടങ്ങുന്ന ഒരു കമ്മിറ്റി സഭാസമൂഹത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി പ്രവർത്തിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 7 പ്രാർത്ഥനാ ഗ്രൂപ്പുകൾ രൂപീകരിച്ച് മാസത്തിലൊരിക്കൽ പ്രാർത്ഥനക്കായി ഒരുമിച്ചുകൂടുന്നു. ഭാവി തലമുറയുടെ വിശ്വാസ പരിശീല നത്തിനായി രൂപീകൃതമായ MCLOC (Malankara Catholic Liturgical Orientation Class) സമർദ്ധരായ 16 അദ്ധ്യാപ കരുടെ നേതൃത്വത്തിൽ 114 കുട്ടികൾക്ക് മതബോധന ക്ലാസ്സുകൾ ക്രമീകരിക്കുന്നു. കുട്ടികളുടെ സമഗ്രവിക സനം ലക്ഷ്യമാക്കി വിവിധ പ്രോഗ്രാമുകളും കോഴ്സു കളും കാലാകാലങ്ങളിൽ നടത്തുന്നു. യുവജനങ്ങൾ ക്കുവേണ്ടി MCYM' സംഘടന രൂപീകരിച്ച് യുവജനങ്ങ ളുടെ അജപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ഈ സമൂഹത്തിന്റെ ഉപവി പ്രവർത്തനങ്ങൾ പ്രധാന മായും വിദ്യാഭ്യാസസഹായം, ചികിത്സാസഹായം, ഭവനനിർമ്മാണ സഹായം എന്നിവയാണ്. ദൈവമാതാവി ന്റെയും വി. ഗീവർഗ്ഗീസ് സഹദായുടെയും തിരുനാളു കളും മാർ ഈവാനിയോസ് അനുസ്മരണവും സമുചിത മായി ആഘോഷിക്കുന്നു.

**2. കുവൈറ്റ് മലങ്കര റെറ്റ് മൂവ്മെന്റ് (K. M. R. M)**

1994 ഫെബ്രുവരി 27-ാം തീയതിയാണ് കുവൈറ്റ് മലങ്കര സമൂഹം ഔദ്യോഗികമായി ആരംഭിച്ചത്. കുവൈറ്റിൽ സമുദായിക സാംസ്ക്കാരിക സാമൂഹിക മേഖലകളിൽ തങ്ങളുടെ തനതയായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് മലങ്കരസഭയുടെ പ്രവർത്തനങ്ങൾ നടത്തുന്നു. ഇവിടെ യുള്ള മലങ്കര സഭാ സമൂഹത്തെ 4 ഏരിയകളായും 10 സെക്ടറുകളായും 28 കുടുംബ കൂട്ടായ്മകളായും തിരിച്ചി ട്ടുണ്ട്. ഈ നാലു ഏരിയകളിലായി ഏകദേശം 1500 അംഗങ്ങൾ സഭാശുശ്രൂഷകളിൽ പങ്കെടുക്കുന്നു. ഓരോ ഏരിയകളിലും പ്രത്യേകം കമ്മിറ്റിയും ഒരുമിച്ചുള്ള ക്രമീകരണങ്ങൾക്കായി കേന്ദ്രകമ്മിറ്റിയും പ്രവർത്തി ക്കുന്നു. ഇപ്പോൾ ബഹു. ജോൺ തുണ്ടിയത്തച്ചനാണ് സമൂഹത്തിന് വേണ്ട ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്. കുട്ടികളുടെ വിശ്വാസപരിശീലനത്തി നായി മലങ്കര കത്തോലിക്കാ വിശ്വാസരൂപീകരണം (MCFF) എന്ന പേരിലും യുവജനങ്ങൾക്കായി (MCYM), അമ്മമാർക്കായി Mother's Forum, എന്നിവയും എല്ലാവെള്ളിയാഴ്ചകളിലും കുടുംബ കൂട്ടായ്മതല ത്തിൽ പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കുന്നു.

**3. ഒമാൻ സീറോ മലങ്കര കത്തോലിക്കാ കൂട്ടായ്മ (OSMCC)**

കേവലം 75 അംഗങ്ങളിൽ ആരംഭിച്ച ഈ സമൂഹത്തിൽ ഇപ്പോൾ ഏകദേശം 1000 അംഗങ്ങൾ അവരുടെ അജ പാലന ആവശ്യങ്ങൾക്കായി ഒത്തുചേരുന്നു. മസ്കറ്റ്, ഗാല, സലാല, നിസ്വാ, സോഹാർ എന്നിങ്ങനെ അഞ്ചുയൂണിറ്റുകളിലായി 190 കുടുംബങ്ങളും 216 ബാച്ച്ലേഴ്സും അടങ്ങുന്നതാണ് ഈ സഭാസമൂഹം. ഓരോ മാസവും ഏതാണ്ട് 8 വി. കുർബ്ബാനകൾ മലങ്കര ആരാധനക്രമത്തിൽ അർപ്പിക്കപ്പെടുന്നു. ഈ സമൂഹ ത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു നടത്താൻ ഒരു കേന്ദ്ര കമ്മിറ്റിയും ഓരോ യൂണിറ്റിനും പ്രത്യേക കമ്മിറ്റികളും ഉണ്ട്. പ്രാർത്ഥനാ കൂട്ടായ്മകൾ യൂണിറ്റു തലത്തിലും കേന്ദ്രതലത്തിലും നടത്തപ്പെടുന്നു. കുട്ടികൾ ക്കായി MCCL സംഘടനയും വിശ്വാസ പരിശീലന ക്ലാസ്സും നടത്തുന്നു. യുവജങ്ങൾക്കുവേണ്ടി MCYM-ഉം അമ്മമാർക്കു വേണ്ടി മാതൃസമാജവും പ്രവർത്തിക്കുന്നു. ഈ സമൂഹത്തിന്റെ കാരുണ്യ പ്രവർത്തനങ്ങളെ

www.malankaralibrary.com

ഏകോപിപ്പിക്കുന്നതിന് 'കാരുണ്യ ചാരിറ്റി"എന്ന പേരിൽ ഒരു കമ്മിറ്റിയും പ്രവർത്തിക്കുന്നു. രണ്ടുമാസത്തിൽ ഒരിക്കൽ മലങ്കരനാദം'എന്ന പേരിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നുണ്ട്. MBOC, JESUS Camp, Angelic Meet, Malankara Fest or Malankara Meet എന്നീ ആഘോഷങ്ങൾ ഓരോ വർഷത്തിലും നടത്തപ്പെടുന്നു. ബഹു. ഫിലിപ്പ് നെല്ലിവിള അച്ചൻ ഇപ്പോൾ ഇവിടെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**4. ഖത്തർ മലങ്കര കത്തോലിക്കാസമൂഹം**

2001-ൽ ദോഹയിൽ മലങ്കരസഭാ മക്കൾക്കായി 'ബിൽ ഒമാൻ'എന്ന സ്ഥലത്ത് ഒരു മലങ്കര സുറിയാനി കത്തോലിക്കാ സമൂഹം ആരംഭിച്ചു. റവ. ഫാ. ബഹനാൻ ചെറുപാലത്തിലച്ചനായിരുന്നു പ്രഥമ വികാരി. 2009 ഏപ്രിൽ മാസത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു ദൈവാലയം പണിത് കൂദാശ ചെയ്തു. ഗൾഫ്രാജ്യത്ത് സ്ഥാപിതമായിട്ടുള്ള മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ ആദ്യത്തെ ദൈവാലയമാണ് ഇത്. ബഹു. മാത്യു പുനക്കുളത്തച്ചനാണ് ഈ ദൈവാലയ നിർമ്മാണത്തിന് നേതൃത്വം വഹിച്ചത്. ഇപ്പോൾ ബഹു. ഷാജി മാത്യൂസ് വാഴയിലച്ചനാണ് ഇവിടെ ശുശ്രൂഷ നിർവഹിക്കുന്നത്. K.G. മുതൽ 12-ാം ക്ലാസ്സുവരെ ആകെ 140 കുട്ടികൾവേദപാഠം പഠിക്കുന്നു. യുവജനങ്ങൾക്കായി MCYM' സ്ത്രീകൾക്കായി മാതൃസമാജം, MCA, നേഴ്സസ് മിനിസ്ട്രി എന്നീ ഭക്തസംഘടനങ്ങൾ പ്രവർത്തിക്കുന്നു. 4 പ്രാർത്ഥനാ ഗ്രൂപ്പുകളിലായി ഏതാണ്ട് 800-ൽ പരം അംഗങ്ങളുണ്ട് എല്ലാ ആഴ്ചയിലും ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നു. ഇടവകകളുടെ പ്രവർത്തങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് ബഹു. അച്ചന്റെ നേതൃത്വത്തിൽ 14 അംഗ കമ്മിറ്റിയുമുണ്ട്.

**5. സൗദി അറേബ്യ മലങ്കര സുറിയാനി കത്തോലിക്കാസമൂഹം:**

ഔദ്യോഗികമായി അനുവദിച്ചിട്ടില്ലെങ്കിലും അവിടെയുള്ള നമ്മുടെ സഭാമക്കളുടെ ആത്മീയ ഉയർച്ചയ്ക്കായി ബഹു. വൈദികർ അജപാലന ശുശ്രൂഷകൾ നിർവഹിക്കുന്നുണ്ട്. 1998-ലാണ് ഇവിടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. റിയാദ്, അൽക്കാസ്സീം, അൽക്കർജ്ജ്, ദമാം, അൽക്കോബാർ, അൽഹാസ്സാ, ജൂബൈൽ, ജിദ്ദാ, എന്നീസ്ഥലങ്ങളിലായി പ്രാർത്ഥനാക്കൂട്ടായ്മകളും വി. കുർബ്ബാനയും മറ്റു ശുശ്രൂഷകളും നടത്തുന്നു. ഓരോ യൂണിറ്റുകളിലും അതിന്റെപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് പ്രത്യേക കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

**6. യുണൈറ്റഡ് അറബ് എമിറേറ്റ്സ് (U.A.E) മലങ്കര സുറിയാനി കത്തോലിക്കാസമൂഹം**

U.A.E യിലെ വിവിധ എമിറേറ്റ്സ്കളിലായി 8 മലങ്കര സുറിയാനി കത്തോലിക്കാ സഭാസമൂഹങ്ങൾ പല സമയങ്ങളിലായിരൂപീകൃതമായി. എല്ലാസ്ഥലങ്ങളിലും കത്തോലിക്കാ ദൈവാലയങ്ങളിൽ നല്കപ്പെട്ടിട്ടുള്ള സമയത്ത് വി. കുർബ്ബാനകളും ശുശ്രൂഷകളും അർപ്പിക്കപ്പെടുന്നു. ഏകദേശം 5000-ത്തിനും 6000-ത്തിനുമിടയിൽ അംഗങ്ങൾ ഈ സമൂഹങ്ങളിൽ ആത്മീയ ശുശ്രൂഷകൾക്കായി ഒത്തുചേരുന്നു. ഓരോ സമൂഹത്തിനും അതിന്റെപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനായിപ്രത്യേക കമ്മിറ്റികളും U.A.E മുഴുവനിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനായി ഒരു കേന്ദ്ര കമ്മിറ്റിയും പ്രവർത്തിക്കുന്നു. ഇവിടുത്തെ സഭാസമൂഹങ്ങളുടെ പ്രവർത്തന ക്രമീകരണത്തിനായി അഭിവന്ദ്യ കാതോലിക്കാ ബാവാ അംഗീകരിച്ച ഒരു നിയമാവലിയും 2021 -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബഹു. റെജി മനയ്ക്കലേട്ടച്ചനും ബഹു. മാത്യൂസ് ആലുംമൂട്ടിലച്ചനും ഇപ്പോൾ ഈ സമൂഹങ്ങളിൽശുശ്രൂഷനടത്തുന്നു. ബഹു. റെജിഅച്ചൻ U.A.E മലങ്കരസുറിയാനി കത്തോലിക്കാസമൂഹങ്ങളുടെ കോഓർഡിനേറ്ററായുംപ്രവർത്തിക്കുന്നു. ഓരോസമൂഹത്തിനും കുട്ടികൾക്കുവേണ്ടി Catechism, MCCL, യുവജനങ്ങൾക്കുവേണ്ടി MCYM, അമ്മമാർക്കായി മാതൃസമാജം എന്നീ സംഘടനകൾ നിലവിലുണ്ട്. ചാരിറ്റി പ്രവർത്തനങ്ങൾക്കായി പ്രത്യേക കമ്മിറ്റികളും പ്രവർത്തിക്കുന്നു.

**ഉപസംഹാരം**

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗൾഫ് മദ്ധ്യപൂർവ്വ ദേശങ്ങളിലെത്തുന്ന മലങ്കര കത്തോലിക്കാ സഭാ മക്കൾക്ക് അവരുടെ പാരമ്പര്യമുസരിച്ചുള്ള ആരാധനാ ജീവിതത്തിനും അജപാലന ശുശ്രൂഷകൾക്കുമായി ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഇതിനകം നാം ചെയ്തിട്ടുണ്ട്. നാളിതുവരെ അജപാലന ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ പിതാക്കൻമാരെയും വൈദികരെയും അൽമായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. ഒരു സഭയായി, സമൂഹമായി നമ്മെ വളർത്തുന്ന കാരുണ്യവാനായ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. മലങ്കര സഭാ മക്കളായ പ്രവാസികൾ ചിതറിക്കപ്പെടാതെ കൂടുതൽ ഐക്യത്തിലും നമ്മുടെ പാരമ്പര്യങ്ങളിലും വളരുന്നതിന് നമുക്ക് ഒരുമയോടെ പ്രവർത്തിക്കാം.



www.malankaralibrary.com






# പാശ്ചാത്യ നാടുകളിലെ മലങ്കര സഭാ സാന്നിധ്യവും പ്രേഷിത ചൈതന്യവും



ഫാ. തോമസ് മടുക്കമ്മൂട്ടിൽ

ക്രൈസ്തവ വിശ്വാസത്തിന്റെ ശക്തിയേറിയ വിളനിലങ്ങളായിരുന്ന പല വിദേശ രാജ്യങ്ങളിലും വിശ്വാസജീവിതം ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യമാണ് നിലവിലുള്ളത്. കാലഘട്ടം ഉയർത്തിയ വെല്ലുവിളികളും വേറിട്ട പഠിപ്പിക്കലുകളും ഇതിനു പിന്നിലെ കാരണങ്ങളാകാം. വിശ്വാസികളുടെ എണ്ണം കുറഞ്ഞതുകൊണ്ടും നോക്കിനടത്താൻ ആളില്ലാത്തതുകൊണ്ടും കൂദാശകൾ പരികർമ്മം ചെയ്യാൻ വൈദികരില്ലാത്തതുകൊണ്ടും അടഞ്ഞുപോകുന്ന ദൈവാലയങ്ങൾ കരളലിയിപ്പിക്കുന്ന കാഴ്ചയായും വിശ്വാസജീവിതത്തിൽ അവശേഷിക്കുന്നവർക്കുള്ള ചോദ്യചിഹ്നവുമായും നിലകൊള്ളുന്നു. എന്നാൽ പാശ്യാത്യരാജ്യങ്ങളിലേക്ക് കുടിയേറിയിരിക്കുന്ന മലങ്കര കത്തോലിക്കാ സഭാമക്കൾ തികച്ചും സാക്ഷ്യത്തിന്റെ തളിർനാമ്പുകളാണ്. പ്രേഷിതരായ മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ വിദേശ രാജ്യങ്ങളിലെ പ്രേഷിത ചൈതന്യമായി മാറുകയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ രൂപീകൃതമായിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാസമൂഹങ്ങൾ അവ ആയിരിക്കുന്ന പ്രദേ

www.malankaralibrary.com



ശങ്ങളിലെല്ലാം സുവിശേഷ സാക്ഷ്യത്തിന്റെ പുത്തൻ ഉണർവ് പകർന്നു നൽകുന്നു എന്നതാണ് യാഥാർത്ഥ്യം.

ജോലിക്കും ഉപരി പഠനത്തിനുമായുള്ള കുടിയേറ്റമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭാകുടുംബങ്ങൾ എത്തിച്ചേരാൻ ഇടയാക്കിയത്. ഇത്തരത്തിൽ കുടിയേറ്റം നടന്ന അമേരിക്ക, കാനഡ, യൂറോപ്യൻ രാജ്യങ്ങൾ, ഓസ്ട്രേലിയ, തുടങ്ങിയ പ്രദേശങ്ങളിൽ സഭാസമൂഹങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. വരുംദിനങ്ങളിൽ ആഗോള കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വു പകരാൻ നമ്മുടെ സഭാശുശ്രൂഷകളിലൂടെ സാധ്യമാകുമെന്നതിൽ സംശയമില്ല.

**അമേരിക്കൻ ഐക്യനാടുകൾ- കാനഡ**

സഭയുടെ രൂപീകരണത്തിനുശേഷം ജോലി തേടിയുള്ള കുടിയേറ്റം നടന്ന പ്രദേശങ്ങളിലൊന്നാണ് അമേരിക്ക. ഒരു രൂപതാ സംവിധാനത്തിലേക്ക് ആദ്യമായി ഉയർത്തപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭാ സമൂഹമാണ് അമേരിക്കയിലേത്. ക്രമാനുഗതമായ വളർച്ച ഇവിടെ കാണാൻ സാധിക്കും. 1947-ൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ അമേരിക്ക സന്ദർശിച്ചു. തുടർന്ന് ഭാഗ്യസ്മരണാർഹരായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായും അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവും അമേരിക്ക സന്ദർശിച്ച് മിഷൻ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.നോർത്ത് അമേരിക്കയിലെ ആദ്യ മിഷൻ കേന്ദ്രം ന്യൂയോർക്കിൽ ആരംഭിച്ചു. ആദ്യകാല പ്രവർത്തനങ്ങൾക്ക് കാനോനിക സംവിധാനങ്ങളിലേക്ക് ആദ്യപടിയായി 2001-ൽ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് മെത്രാപ്പോലിത്താ (മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ) അപ്പസ്തോലിക വിസിറ്റേറ്റർ ആയി നിയമിതനായി. അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായും അപ്പസ്തോലിക വിസിറ്റേറ്റർ ആയി ഇവിടെ ശുശ്രൂഷ ചെയ്തു. 2010-ൽ അമേരിക്കൻ ഐക്യനാടുകൾക്കായി എക്സാർക്കേറ്റ് രൂപീകൃതമാവുകയും എക്സാർക്കായി അഭിവന്ദ്യ യൗസേബിയൂസ് മെത്രാപ്പോലീത്താ നിയമിതനാവുകയും ചെയ്തു. 2015-ൽ ഈ സമൂഹം രൂപതാ പദവിയിലേക്കുയർത്തപ്പെടുകയും അമേരിക്ക - കാനഡ രൂപത നിലവിൽ വരുകയും ചെയ്തു. അഭിവന്ദ്യ യൗസേബിയൂസ് മെത്രാപ്പോലീത്ത രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായി. 2017-ൽ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ രൂപതയുടെ



www.malankaralibrary.com



ദ്വിതീയ അദ്ധ്യക്ഷനായി ചുമതലയേറ്റു.

രൂപതയുടെ ആസ്ഥാന കാര്യാലയവും കത്തീഡ്രലും ന്യൂയോർക്കിലെ എഡ്മണ്ടിൽ സ്ഥിതി ചെയ്യുന്നു. സഭയിലെ എല്ലാ അജപാലന ശുശ്രൂഷാ വേദികളും സജീവമായി രൂപതയിൽ പ്രവർത്തിക്കുന്നു. 25 ഇടവക സമൂഹങ്ങളും നിരവധി മിഷൻ കേന്ദ്രങ്ങളും 14 കോൺവെന്റുകളുമാണ് രൂപതയിൽ ഇപ്പോഴുള്ളത്.

**ഇംഗ്ലണ്ടിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സാന്നിധ്യം**

ജോലിക്കും പഠനത്തിനുമായി കേരളത്തിൽ നിന്നും വലിയതോതിൽ കുടിയേറ്റം നടന്നതും ഇപ്പോഴും തുടരുന്നതുമായ പ്രദേശങ്ങളിൽ ഒന്നാണ് യു. കെ. 1932-ൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഇവിടം സന്ദർശിച്ചു. ഇംഗ്ലണ്ട് സന്ദർശിച്ച ചരിത്രത്തിലെ ആദ്യ മലങ്കര കത്തോലിക്കാ മിഷനറിയാണ് പുണ്യ പിതാവ്. 2002 മുതൽ ഇവിടെ മലങ്കര സുറിയാനി



കത്തോലിക്കാ കുടുംബങ്ങൾ എത്തിച്ചേർന്നു. 2005 ജൂലൈ 4-ന് അന്നത്തെ അപ്പസ്തോലിക വിസിറ്റേറ്റർ ആയിരുന്ന അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ ഇംഗ്ലണ്ട് സന്ദർശിച്ച് മിഷൻ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. തുടർന്ന് യൂറോപ്പ്യൻ രാജ്യങ്ങളിൽ ഉപരിപഠനത്തിലേർപ്പെട്ടിരുന്ന വൈദികർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 2009-ൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ സഭാശുശ്രൂഷകൾക്കായി വൈദികരെ നിയമിച്ചു. ബഹു. ദാനിയേൽ കുളങ്ങര അച്ചനും ബഹു. തോമസ് മടുക്കുമ്മൂട്ടിൽ അച്ചനും കോർഡിനേറ്റർമാരായി ശുശ്രൂഷ ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ അപ്പസ്തോലിക് വിസിറ്റേറ്ററായി ചുമതല വഹിച്ചുകൊണ്ട് സഭാ ശുശ്രൂഷകളെ ഏകോപിപ്പിക്കുന്നു. കോർഡിനേറ്ററായി ബഹു. കുര്യാക്കോസ് തടത്തിൽ അച്ചനും ചാപ്ലൈൻമാരായി 5 വൈദികരും വിവിധ പ്രദേശങ്ങളിൽ ശുശ്രൂഷകളെ ശക്തിപ്പെടുത്തുന്നു. നിലവിൽ 19 മിഷനുകളാണ് യു. കെ. യിലുള്ളത്.

**അയർലന്റ്**

2004 മുതൽ അയർലന്റിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാ കുടുംബങ്ങൾ കുടിയേറി താമസം ആരംഭിച്ചു. 2009 മുതൽ ബഹു. ദാനിയേൽ കുളങ്ങര അച്ചൻ സഭാ മക്കൾക്ക് നേതൃത്വം നൽകി. 2012-ൽ ആദ്യത്തെ സ്ഥിരം ചാപ്ലൈനായി ബഹു. എബ്രഹാം പതാക്കൽ അച്ചൻ നിയമിതനായി. നിലവിൽ ബഹു. ചെറിയാൻ താഴമൺ അച്ചൻ ഇവിടെ ശുശ്രൂഷ ചെയ്ത് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. 4 മിഷൻ കേന്ദ്രങ്ങളാണ് ഇപ്പോഴുള്ളത്.

**ജർമ്മനി**

19960-ൽ ജർമ്മനിയിലെ മ്യൂണിക്കിൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിനോടനുബന്ധിച്ചും തുടർന്നും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ്, അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാക്കന്മാരുടെ ശ്രമഫലമായി അനേകരെ നഴ്സിംഗ്

www.malankaralibrary.com

ജോലിക്കായി അയക്കുന്നതിന് ഇടയായി. 1996-ൽ അഭിവന്ദ്യ സിറിൾ ബസേലിയോസ് കാതോലിക്കാബാവാ, ബഹു. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ അച്ചനെ മലങ്കര കത്തോലിക്കാ സഭാശുശ്രൂഷകൾ ഏകോപിപ്പിക്കുന്നതിനായി നിയോഗിച്ചു. ബഹു. വിജയാനന്ദ് ഒ. ഐ. സി. അച്ചൻ 2006-ൽ കോർഡിനേറ്ററായി നിയമിതനായി. നിലവിൽ ബഹു. സന്തോഷ് കോയിക്കൽ അച്ചനാണ് കൂട്ടായ്മയുടെ കോർഡിനേറ്റർ.

**ഇതര യൂറോപ്യൻ രാജ്യങ്ങളിലെ സഭാകൂട്ടായ്മകൾ**

അയർലന്റ്, ജർമ്മനി, ഓസ്ട്രിയ, ഇറ്റലി, മാൾട്ട, സ്വിറ്റ്സസർലന്റ് എന്നീ പ്രദേശങ്ങളിൽ സഭാസമൂഹങ്ങൾ ശക്തിപ്പെട്ടു വരുന്നു. റോമിലെ സഭാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബഹു. ബനഡിക്ട് പെരുമുറ്റത്തിലച്ചനെ പരിശുദ്ധ സുനഹദോസ് നിയമിച്ചു.

**ഓസ്ട്രേലിയ-ന്യൂസിലാന്റ്**

മലങ്കര സുറിയാനി കത്തോലിക്കാ കുടുംബങ്ങളുടെ ശക്തമായ കുടിയേറ്റം നടന്നതും ഇപ്പോഴും നടക്കുന്നതുമായ പ്രദേശങ്ങളാണ് ഓസ്ട്രലിയായും ന്യൂസിലാന്റും. 1948-ൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഓസ്ട്രേലിയ സന്ദർശിച്ചിട്ടുണ്ട്. 2013-ൽ ബഹു. സ്റ്റീഫൻ കുളത്തുംകരോട്ട് അച്ചൻ കോർഡിനേറ്റർ ആയി നിയമിതനായി. വിവിധ പ്രദേശങ്ങളിൽ മിഷൻ ആരംഭിക്കുന്നതിന് ഇതിലൂടെ സാധിച്ചു. ഇന്ന് 12 മിഷൻ പ്രദേശങ്ങളിലായി മൂന്നു വൈദികർ ഇവിടെ ശുശ്രൂഷ ചെയ്യുന്നു.

**ഉപസംഹാരം**

ഭാരതത്തിൽ നിന്ന് അനേകം മലങ്കര കത്തോലിക്കർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. ഇത്തരം കുടിയേറ്റങ്ങൾ ഇന്നും വലിയ തോതിൽ നടക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിദേശ രാജ്യങ്ങളിലെ സജീവ സാന്നിധ്യമാണ് ഈ കുടുംബങ്ങൾ. ഇവരിലൂടെ ക്രൈസ്തവ വിശ്വാസം ഈ രാജ്യങ്ങളിൽ ശക്തിപ്പെടണം. ക്ഷയിച്ചുപോയ ക്രൈസ്തവ വിശ്വാസം വീണ്ടെടുക്കപ്പെടുകയും അടഞ്ഞുപോയ ദൈവാലയങ്ങൾ ആരാധനയ്ക്കായി തുറക്കപ്പെടുകയും വേണം. അതുപോലെ വളർന്നു വരുന്ന തലമുറയെ നമ്മുടെ വിശ്വാസ ജീവിതത്തിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നും അകന്നുപോകാതെ കാത്തു സൂക്ഷിക്കണം. നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതു തന്നെയാണ്. എല്ലാ തലങ്ങളിലുമുള്ള അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടത് ഇന്നിന്റെ ആവശ്യമായി നിലകൊള്ളുന്നു. എങ്കിൽ മാത്രമേ വരുന്ന തലമുറകൾ നമ്മുടെ കൂട്ടായ്മയിൽ നിന്ന് നഷ്ടമാകാതിരിക്കൂ. അവരിലൂടെ തദ്ദേശിയർ സുവിശേഷം അറിയാനും നമ്മുടെ മഹത്തായ ആരാധനാ പാരമ്പര്യങ്ങൾ സ്വീകരിക്കാനും ഇടയാകണം. അതിലൂടെ ജർമ്മൻകാരും ഇറ്റലിക്കാരും ഒക്കെ നമ്മുടെ സഭയുടെ ഭാഗമായിത്തീരട്ടെ. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത സന്ദർശിച്ച വിദേശരാജ്യങ്ങളിലെല്ലാം ഇന്നു നമ്മുടെ സഭയുടെ സജീവ സാന്നിധ്യമുള്ളതിൽ നമുക്ക് അഭിമാനിക്കാം.



www.malankaralibrary.com



# ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ സിൽവർ ജൂബിലിനിറവിൽ



ഡോ. ജോസഫ് മാർ തോമസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറിയും തിരുവല്ല അതിരൂപതയുടെ ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് തിരുമേനി തന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷയുടെ സിൽവർ ജൂബിലി നിറവിലാണ്. വന്ദ്യ തിരുമേനിക്ക് ജൂബിലിയുടെ എല്ലാ ആശംസകളും ഹൃദയപൂർവ്വം അർപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

അഭിവന്ദ്യ തിരുമേനി പത്തനംതിട്ട ജില്ലയിലെ കടപ്ര- മൂന്നാർ (കിഴക്കുഭാഗം) എന്ന സ്ഥലത്ത് 1958 ഒക്ടോബർ 19-ാം തീയതി ചക്കാലക്കപടിക്കൽ വീട്ടിൽ പരേതനായ നൈനാൻ വർഗീസിന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ചു. അദ്ദേഹത്തിന്റെ പേര് മാമൻ എന്നായിരുന്നു. പിതാവിന് മൂന്ന് സഹോദരന്മാരും രണ്ട് സഹോദരിമാരുമുണ്ട്. അമ്മ ഉൾപ്പെടെ എല്ലാവരും അമേരിക്കയിൽ സ്ഥിരതാമസമാണ്. മാമച്ചന്റെ പ്രൈമറി

www.malankaralibrary.com



ജോൺസ് കത്തീഡ്രൽ ദേവാലയത്തിന്റെ പുനർനിർമ്മാണ കമ്മിറ്റി ചെയർമാനായും, തുടർന്ന് 2003 ജനുവരി 15-ന് മൂവാറ്റുപുഴ രൂപതയുടെ ആദ്യത്തെ മെത്രാനായും നിയമിക്കപ്പെട്ടു. അതിനുശേഷം 2007 മാർച്ച് 26-ാം തീയതി അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് തിരുമേനി അദ്ദേഹത്തെ തിരുവല്ല അതിരൂപതയുടെ മെത്രാനായി നിയമിച്ചു. 2007 മെയ് രണ്ടാം തീയതി തിരുവല്ല അതിരൂപതയുടെ ആർച്ച് ബിഷപ്പായി ഉയർത്തപ്പെട്ടു. ആർച്ച് ബിഷപ്പായതിനുശേഷം തിരുമേനി സാർവത്രിക സഭയിലും ഭാരത സഭയിലും കേരളസഭയിലും മലങ്കര കത്തോലിക്കാ സഭയിലും നിരവധിയായ മഹനീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസം തേവർക്കുഴി സെന്റ് തോമസ് സ്കൂളിലും, അപ്പർപ്രൈമറിപഠനം കടപ്രമാർസേവേറിയോസ്സ്കൂളിലുമായിരുന്നു. അദ്ദേഹം സെന്റ് മേരീസ് ഹൈസ്കൂൾ നിരണം, എന്നിവിടങ്ങളിലും പഠിച്ചു. 1973-ൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. 1974 ജൂൺ പത്തിന് തിരുവല്ല ഇൻഫന്റ് മേരി മൈനർ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ചു. തുടർന്ന് പൂന പേപ്പൽ സെമിനാരിയിൽ പഠിച്ച് ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റും നേടി.

സെമിനാരി പഠനം പൂർത്തിയാക്കിയ തിരുമേനി 1985 ഡിസംബർ 30-ന് പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. തുടർന്ന് തിരുവല്ല അതിരൂപതയിലെ വണ്ടൻമേട്, ചേറ്റുകുഴി, മുളക്കരമേട്, കട്ടപ്പന, പഴരികണ്ടം, പാങ്ങൻകരി, നിരണം, ആലംതുരുത്തി, തുടങ്ങിയ ഇടവകകളിൽ അജപാലന ശുശ്രൂഷ നടത്തി. 1988 മുതൽ 1989 വരെ ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. അതോടൊപ്പം തിരുവല്ല രൂപതയുടെ ചാൻസലർ, ജുഡീഷ്യൽ വികാരി എന്നീ ശുശ്രൂഷകളും നിർവഹിച്ചു. 1997 മെയ് 26-ാം തീയതി വിശുദ്ധ ജോൺ പോൾ മാർപാപ്പ അദ്ദേഹത്തെ തിരുവല്ല രൂപതയുടെ സഹായ മെത്രാനായി നിയമിച്ചു. അദ്ദേഹത്തിന്റെ മാതൃ ഇടവകയായ സെന്റ് കാതറിൻ മലങ്കര കത്തോലിക്കാ പള്ളി (മൂന്നാർ വെസ്റ്റ്)യിൽ വെച്ച് അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയിൽ നിന്ന് റമ്പാൻ പട്ടം സ്വീകരിക്കുകയും 1997 ജൂലൈ 17-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. അഭിവന്ദ്യ കൂറിലോസ് തിരുമേനി മെത്രാനായ ശേഷം സെന്റ്

ശാന്തതയും സൗമ്യതയും ആണ് കൂറിലോസ് തിരുമേനിയുടെ സഹജമായ ഭാവം. ഹൃദയ നൈർമല്യം കൊണ്ടും വാക്കുകൾക്ക് അതിതമായ വിനയഭാവം കൊണ്ടും അടിപതറാതെ ഇടയ ധന്യതയിൽ കഴിയുന്ന പിതാവ് സഭയെയും സഭയുടെ പ്രബോധനങ്ങളെയും പാരമ്പര്യങ്ങളെയും ഹൃദയത്തോടെ ചേർത്തുവച്ച് ജീവിക്കുന്നു. ജീവിതത്തിലെ നേട്ടങ്ങളിലും ഭാഗ്യങ്ങളിലും അമിതമായി സന്തോഷിക്കുകയോ, ദുഃഖങ്ങളിൽ തീവ്രദുഃഖിതനാവുകയോ ചെയ്യാതെ സമചിത്തതയും പക്വതയും കാത്തുസൂക്ഷിക്കുന്ന ആചാര്യ ശ്രേഷ്ഠനാണ് അദ്ദേഹം. ഊർജ്ജസ്വലനും ധിഷണാശാലിയും, സൗമ്യഭാഷകനുമായി അദ്ദേഹം ശ്രേഷ്ഠാചാര്യ ശുശ്രൂഷ നിർവഹിക്കുന്നു. പൗരോഹിത്യം, സഭയുടെ പ്രബോധനങ്ങൾ, പാരമ്പര്യങ്ങൾ, ആരാധന ക്രമം എന്നിവയ്ക്ക് മങ്ങൽ ഏൽപ്പിക്കുന്ന വ്യക്തികളിൽ നിന്നും, ചിന്തകളിൽ നിന്നും, സന്ദർഭങ്ങളിൽ നിന്നും, അകന്നുനിന്ന് ആഴമായ സമർപ്പണത്തോടെയും വിശ്വാസ ബോധ്യത്തോടെയും ദൈവജനത്തെ നയിക്കുന്നു. തിരുവല്ല അതിരൂപതയുടെ തുടർവളർച്ചയ്ക്ക് ശ്രേഷ്ഠമായി നേതൃത്വം കൊടുക്കാൻ നിയോഗം ലഭിച്ച ദൈവകൃപയുള്ള ആചാര്യനാണ് കൂറിലോസ് തിരുമേനി.

**1) പാണ്ഡിത്യം :-** അഭിവന്ദ്യ തിരുമേനി സംഭവബഹുലമായ രണ്ടര പതിറ്റാണ്ട് കാലത്തെ ശ്രേഷ്ഠാചാര്യ

www.malankaralibrary.com

ശുശ്രൂഷ പൂർത്തിയാക്കുമ്പോൾ സഭയുടെയും സമൂഹത്തിന്റെയും വിവിധ തലങ്ങളിൽ അതുല്യമായ ബൗദ്ധിക നേതൃത്വമാണ് നൽകിക്കൊണ്ടിരിക്കുന്നത്. തത്വശാസ്ത്രം, ദൈവശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നീ വിഷയങ്ങളിൽ ബിരുദവും സഭാ നിയമത്തിൽ ഡോക്ടറേറ്റും സമ്പാദിച്ച തിരുമേനി ഇന്ത്യയിലെ അറിയപ്പെടുന്ന സഭാ നിയമ പണ്ഡിതൻ, ഭാരത സഭയുടെ ദൈവശാസ്ത്ര കൗൺസിൽ അധ്യക്ഷൻ, എക്യുമെനിക്കൽ ദാർശനികൻ, സഭാശാസ്ത്ര ചിന്തകൻ, ആരാധനക്രമ പണ്ഡിതൻ തുടങ്ങിയ നിരവധി തലങ്ങളിൽ ഉന്നത ബൗദ്ധിക നേതൃത്വം നൽകുന്നു. മലങ്കര കത്തോലിക്കാ സഭയിൽ മാത്രമല്ല കേരള സഭയിലും ഭാരത സഭയിലും വ്യക്തിമുദ്ര പതിപ്പിച്ച ദാർശനികനും സഭാ പ്രബോധകനും ആണ് തിരുമേനി.

ജീവിതം ഒരു അന്വേഷണമാണ്. സത്യം തേടിയുള്ള അന്വേഷണം. ഇതിൽ താത്വിക വിജ്ഞാനത്തിനും പ്രായോഗിക ജ്ഞാനത്തിനും അനുഭവസമ്പത്തിനും വലിയ പ്രാധാന്യമുണ്ട്. പഠനത്തിലൂടെയും നിരന്തരമായ പ്രവർത്തനത്തിലൂടെയുമാണ് ഈ ത്രിവിധ വൈജ്ഞാനിക സമ്പത്ത് നാം സ്വന്തമാക്കുന്നത്. ഒരു കാലഘട്ടത്തിൽ നാം സമ്പാദിച്ച ജ്ഞാനം പൂർണമല്ല അതിനെ പുതിയ അറിവിന്റെയും അനുഭവത്തിന്റെയും പ്രായോഗിക ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും വേണം. തിരുമേനിയുടെ പ്രഭാഷണങ്ങളും പ്രസംഗങ്ങളും ക്ലാസുകളും ഒക്കെ ശ്രദ്ധേയമാണ്. അത് വൈജ്ഞാനിക പ്രഭ ചൊരിയുന്നത് തിരുമേനി നിരന്തരമായി ഒരു സത്യാന്വേഷകന്റെ നിലയിൽ പ്രവർത്തിക്കുന്നത് കൊണ്ടാണ്. വിജ്ഞാനം ഒരുവനെ പൂർണ്ണ മനുഷ്യനും പുതിയ മനുഷ്യനുമാക്കുന്നു. മാനവ പുരോഗതിയുടെ പര്യായം വിദ്യാഭ്യാസമാണ്. ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും വികാസം വിജ്ഞാനത്തോട് ചേർന്നിരിക്കുന്നു. തിരുമേനി തിരുവല്ല അതിരൂപതയുടെ നേതൃത്വം ഏറ്റെടുത്ത ശേഷം അതിരൂപതയ്ക്കും അതിലെ കുടുംബങ്ങൾക്കും പൊതുസമൂഹത്തിനും നല്ല ദിശാബോധമുള്ള നേതൃത്വം ആണ് നൽകുന്നത്. പ്രത്യേകിച്ച് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പുഷ്പഗിരി മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും നൽകുന്ന സേവനങ്ങൾ മധ്യതിരുവതാംകൂറിന്റെയും കേരളത്തിന്റെയും സമഗ്രമായ വളർച്ചയ്ക്കും പുതിയ ചരിത്രത്തിനും ഹേതുവാകുന്നത് തിരുമേനിയുടെ ദാർശനികതയും സമർപ്പണവും കൊണ്ടാണ്. ചരിത്രം ഒരു ഓർമ്മയാണ്. ചരിത്രത്തിലൂടെ ഒഴുകിപ്പോകുന്നവരും ചരിത്രം സൃഷ്ടിച്ച് കടന്നു പോകുന്നവരും ഉണ്ട്. കൂറിലോസ് തിരുമേനിയുടെ രണ്ടര പതിറ്റാണ്ട് കാലത്തെ നേതൃത്വ ശുശ്രൂഷ സഭയിലും സമൂഹത്തിലും പുതിയ ചരിത്രം സൃഷ്ടിച്ച സന്ദർഭം എന്ന് വരും കാലം തിരിച്ചറിയും.

**2) അജപാലന ശുശ്രൂഷ:-** ഇടയ ശുശ്രൂഷ ഹൃദയ ശുശ്രൂഷയാണെന്ന് പറയാറുണ്ട്. ഇടയന്റെ ഹൃദയം ദൈവത്തോടും ദൈവജനത്തോടും ചേർത്തുവയ്ക്കുന്നതാണ്. എല്ലാവരെയും ഉൾക്കൊള്ളുന്ന ഹൃദയ വിശാലത കൂറിലോസ് തിരുമേനിയെ എല്ലാവർക്കും പ്രിയങ്കരനാക്കുന്നു. അടിയുറച്ച വിശ്വാസവും ദൈവാശ്രയ ശുശ്രൂഷയുമാണ് അദ്ദേഹത്തിന്റെ അജപാലനത്തിന്റെ അടിത്തറ. മെത്രാന്റെ യാത്ര വിശുദ്ധയാത്രയാണ്. അത് സ്വർഗ്ഗത്തെ നോക്കി കൊണ്ടുള്ള തീർത്ഥയാത്രയാണ്. പ്രാർത്ഥനയും ആരാധനയും കൗദാശിക നന്മകളും സ്വർഗ്ഗത്തിന്റെ അനുഭവമായി വിശ്വാസികൾക്ക് പകർന്നു കൊടുക്കുന്നവനാണ് മെത്രാൻ. അഭിവന്ദ്യ തിരുമേനിയുടെ പ്രാർത്ഥനകളും വിശുദ്ധ കുർബാനയും കൂദാശ അനുഷ്ഠാനവും അജഗണത്തെ ദൈവത്തിങ്കലേക്കും സ്വർഗ്ഗത്തിന്റെ അനുഭവത്തിലേക്കും നയിക്കുന്ന ശുശ്രൂഷകളാണ്. പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമത്തിന്റെ എല്ലാ നന്മകളും വിശ്വാസികൾക്ക് പകർന്നു കൊടുക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുമാണ്. അനേക വർഷങ്ങളായി മലങ്കര കത്തോലിക്കാ സഭയുടെ ലിറ്റർജിക്കൽ കമ്മീഷൻ ചെയർമാൻ ആയിരുന്നുകൊണ്ട് നമ്മുടെ ആരാധനക്രമത്തെ പരിഷ്കരിക്കുന്നതിനും പരിപോഷിക്കുന്നതിനും അദ്ദേഹംനൽകുന്ന സംഭാവനങ്ങൾ അതുല്യമാണ്. ഒരു സഭയുടെ തേജസ്സും ഓജസ്സും നാം തിരിച്ചറിയുന്നത് ആ സഭയുടെ ആരാധനാ ജീവിതത്തിൽ നിന്നാണ്. കൂറിലോസ് തിരുമേനി നമ്മുടെ സഭയുടെ ആരാധനാ ജീവിതവും പൗരസ്ത്യ പിതാക്കന്മാരുടെ നല്ല പാരമ്പര്യങ്ങളും കാത്തുസൂക്ഷിച്ച് സഭയെ പണിതുയർത്തുവാൻ കാണിക്കുന്ന സമർപ്പണം നമുക്കെല്ലാം അനുകരണീയമാണ്. അതുപോലെതന്നെ ഒരു സഭയുടെ ആരാധന ജീവിതം കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ആ സഭയിലെ കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വേദപാഠ പുസ്തകങ്ങൾ സോക്രട്ടിക് രീതിയിലാണ് പ്രധാനമായും രചിച്ചിരിക്കുന്നത്. അഭിവന്ദ്യ കൂറിലോസ് തിരുമേനി മതബോധന കമ്മീഷൻ ചെയർമാനായിരുന്ന കാലത്താണ് നമ്മുടെ പാഠപുസ്തകങ്ങൾക്ക് ശാസ്ത്രീയമായ ഒരു അടിത്തറ ഉണ്ടായത്. വേദപഠനം അടിസ്ഥാനപരമായി കുഞ്ഞുങ്ങളെ നമ്മുടെ ആരാധന ജീവിതത്തിലേക്ക് നയിക്കണം. അത് ചോദ്യങ്ങൾക്ക് ഉത്തരം നൽകി വിജയിക്കുന്നവർക്ക് ക്ലാസ് കയറ്റം നടത്തി തുടരുന്ന പ്രക്രിയ മാത്രമല്ല. മറിച്ച് അത് വ്യക്തിത്വ വികസനത്തിന്റെയും, സ്വഭാവ രൂപീകരണത്തിന്റെയും, മലങ്കര ആരാധന ജീവിതത്തിന്റെ മഹത്വത്തിലേക്ക്


www.malankaralibrary.com

നയിക്കുന്ന രൂപാന്തരീരണത്തിന്റെയും ശുശ്രൂഷയാണ്. ഈ ലക്ഷ്യം വച്ചുകൊണ്ട് കരിക്കുലം, സിലബസ്സുകൾ, പാഠ്യ-പാഠ്യേതര വിഷയങ്ങൾ എന്നിവ കൂട്ടിച്ചേർത്ത് നമ്മുടെ സൺഡേസ്കൂൾ പാഠപുസ്തകങ്ങൾക്ക് ശാസ്ത്രീയ അടിത്തറ ഇട്ടത് അഭിവന്ദ്യ തിരുമേനിയാണ്. അന്ന് പാഠപുസ്തക കമ്മിറ്റി ചെയർമാനായി ഈ ലേഖകനും, കരിക്കുലം കമ്മിറ്റി അംഗങ്ങളായി പ്രഗൽഭരായ എം. വി തോമസ് സാറും, മേരി മാത്യു ടീച്ചറും തുടങ്ങിയ നിരവധി പണ്ഡിതർ ഈ രംഗത്ത് തിരുമേനിക്കൊപ്പം പ്രവർത്തിച്ചതും ഞാൻ ഓർക്കുന്നു. നമ്മുടെ പാഠപുസ്തകങ്ങൾ ഒന്നു മുതൽ 10 വരെ ഏകീകൃതമായി, ശാസ്ത്രീയ അടിത്തറ, മലങ്കര സഭാപാരമ്പര്യം, ദൈവശാസ്ത്രം, ആരാധന ജീവിതം, ആധുനിക പഠന രീതികൾ എന്നിവ ചേർത്ത് പരിഷ്കരിച്ചത് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ സഭയ്ക്ക് ലഭിച്ച വലിയ സമ്മാനമാണ്.

മെത്രാൻ ഇടയനായി സഭയെ ശുശ്രൂഷിക്കുന്നത് പോലെ തന്നെ സമൂഹത്തെയും നന്മയിലേക്ക് നയിക്കണം. പരിഹരിക്കപ്പെടാത്ത നിരവധി സാമൂഹിക പ്രശ്നങ്ങളും, പ്രതിസന്ധികളും, ദുരന്തങ്ങളും വന്നു കൂടുമ്പോൾ മെത്രാൻ അവിടെയെല്ലാം അനുകമ്പയുടെ ദൂതനായി മാറണം. സഭയുടെ മുഖം സ്നേഹത്തിന്റെയും കരുണയുടെയും മുഖമാണ്. അഭിവന്ദ്യ കൂറിലോസ് തിരുമേനി കേരള കത്തോലിക്കാ സഭയുടെ ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ ചെയർമാൻ ആയിരുന്ന കാലത്താണ് പൊതുസമൂഹത്തിന് കരുണയുടെ മുഖം തെളിവാർന്നു കാണാൻ ഇടയായത്. ഓഖി ദുരന്തം, കവളപ്പാറ പ്രകൃതി ദുരന്തം തുടങ്ങിയ സന്ദർഭങ്ങളിൽ എല്ലാം വേദനിക്കുന്നവന്റെ കണ്ണുനീരൊപ്പാൻ കൂറിലോസ് തിരുമേനി നല്ല ശമ്രായക്കാരന്റെ രൂപത്തിൽ എത്തിച്ചേർന്നത് ജനങ്ങൾ കൃതജ്ഞതയോടെ ഓർക്കുന്നു. കരുതലിന്റെ ഹൃദയമുള്ള മെത്രാപ്പോലീത്തയായ അദ്ദേഹം ഭവനം ഇല്ലാത്തവർക്ക് ഭവനവും രോഗികൾക്കും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും സ്വാന്തനവുമേകുന്ന അനേകം പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇതൊക്കെ ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത് വിശുദ്ധ പൗലോസ് പറഞ്ഞതു പോലെ 'ക്രിസ്തുവിന്റെ സ്നേഹമാണ്'(2 കോരി : 5/14). പാർശ്വവൽക്കരിക്കപ്പെട്ട ജനത്തിന്റെ വളർച്ചയും, വിമോചനവും, അജപാലന ശുശ്രൂഷയുടെ മർമ്മമാണെന്ന് തിരുമേനി അത് മനസിലാക്കി പ്രവർത്തിക്കുന്ന ശ്രേഷ്ഠാചാര്യനാണ്.

**3) സഭൈക്യ പ്രവർത്തനം:-** വി. യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായം നാം വായിക്കുമ്പോൾ യേശു ശിഷ്യന്മാരുടെ ഐക്യത്തിനും വിശുദ്ധീകരണത്തിനും സംരക്ഷണത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതായി കാണുന്നു. സമൂഹത്തിൽ യേശുവിന്റെ രക്ഷാകരമായ സന്ദേശം അറിയിക്കാനും, പൊതുവായ സാക്ഷ്യം നൽകുവാനും സഭൈക്യ പ്രവർത്തനങ്ങൾ അനിവാര്യമാണ്. പുനരൈക്യ പ്രേക്ഷിത പ്രവർത്തനത്തിന്റെ മുഖ്യമായ ഒരു ലക്ഷ്യം സഭൈക്യ കാര്യങ്ങളിലുള്ള തീക്ഷ്ണതയാണെന്ന് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി പഠിപ്പിച്ചിട്ടുണ്ട്. വി. തോമാശ്ലീഹായിൽ നിന്നും ക്രിസ്തു വിശ്വാസം സ്വീകരിച്ച വിവിധ സഭകൾ കേരളത്തിലുണ്ട്. ഈ സഭകളുടെ കൂട്ടായ്മ നമ്മുടെ പ്രേക്ഷിത പ്രവർത്തനങ്ങൾ വിജയിക്കാൻ അനിവാര്യമാണ്. സഭകൾ തമ്മിലുള്ള ഐക്യങ്ങൾ കാത്തുസൂക്ഷിക്കാൻ കൂറിലോസ് തിരുമേനി ഉണർവോടെ പ്രവർത്തിക്കുന്നു. സഭൈക്യം കൊണ്ട് നാം ലക്ഷ്യമിടുന്നത് സഭകളെല്ലാം ഉടനെ ഒന്നായിത്തീരണം എന്നല്ല. വിവിധ സഭകൾക്ക് അവരുടെ വിശ്വാസത്തിലും, ആരാധനയിലും, ദൈവശാസ്ത്ര കാഴ്ചപ്പാടുകളിലും വൈവിധ്യമുണ്ട്. എന്നാൽ ഈ സഭകൾക്ക് യോജിച്ചു പ്രവർത്തിക്കാവുന്ന ധാരാളം മേഖലകളുണ്ട്. ആദിമസഭയുടെ അടിസ്ഥാനവിശ്വാസം യേശു രക്ഷകൻ ആകുന്നു (Jesus is the Lord) എന്നായിരുന്നു. ഈ അടിസ്ഥാന വിശ്വാസം വിവിധ ഭാഷകളിലും, സംസ്കാരങ്ങളിലും പകർന്നു നൽകിയപ്പോൾ വിവിധ സഭകൾ ഉണ്ടായി. കാലാന്തരത്തിൽ സഭയിൽ അനേകം വിഭജനങ്ങളും വ്യത്യസ്തമായ ചിന്താരീതികളും ദൈവ ശാസ്ത്രപരമായ വ്യതിരക്ത കാഴ്ചപ്പാടുകളും രൂപപ്പെട്ടു. ഇവയെല്ലാം വേഗത്തിൽ പരിഹരിക്കാവുന്ന കാര്യങ്ങളല്ല എങ്കിലും സഭകൾക്ക് യോജിച്ചു പ്രവർത്തിക്കാവുന്ന അനേകം മേഖലകൾ ഉണ്ട്. ഒന്നിച്ചു നിന്ന് പോരാടേണ്ട വെല്ലുവിളികൾ ഉണ്ട്. എല്ലാ സഭകളോടും തുല്യ പരിഗണനയും പങ്കാളിത്തവും പങ്കുവെച്ചുകൊണ്ട് സഭൈക്യപ്രവർത്തനങ്ങൾ നടത്താൻ പറ്റും. അഭിവന്ദ്യനായ കൂറിലോസ് തിരുമേനി എല്ലാ സഭാ വിഭാഗങ്ങളെയും ഒരുപോലെ കാണുകയും അവരെ സഭൈക്യവേദികളിൽ ഹൃദയത്തോട് ചേർത്ത് പിടിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. അദ്ദേഹം സഭൈക്യപ്രവർത്തനങ്ങളിൽ ശക്തമായ നേതൃത്വം നൽകുന്ന മെത്രാപ്പോലീത്തയുമാണ്. എല്ലാ സഭകളുടെയും വളർച്ചയ്ക്കും വിപുലീകരണത്തിനും നേതൃത്വം നൽകുന്ന തിരുമേനി എക്യുമെനിക്കൽ, സഭൈക്യ പ്രവർത്തനങ്ങളുടെ ഉത്തമ മാർഗ്ഗദർശിയുമാണ്. വരും നാളുകളിൽ സഭൈക്യ രംഗത്ത് നല്ല സംഭാവനങ്ങൾ കൊടുക്കുവാൻ അദ്ദേഹത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ഒരു പൊതു മാനവികത നഷ്ടപ്പെട്ട കാലത്താണ് നാം ഇന്ന് ജീവിക്കുന്നത്. അന്ധമായ മത താൽപര്യങ്ങളും, വർഗീയതയും, നമ്മുടെ നാടിനെ വല്ലാതെ ഉലയ്ക്കുമ്പോഴും സഭൈക്യ പ്രസ്ഥാനത്തിലൂടെ എല്ലാ ക്രൈസ്തവ സഭകൾക്കും സ്നേഹത്തി

www.malankaralibrary.com



ന്റെയും, കരുണയുടെയും, സേവനത്തിന്റെയും, മാനവിക തയുടെയും നല്ല സാക്ഷ്യം നൽകുവാൻ കഴിയണം. മതസൗഹാർദ്ദം, മാനവികത, സഭൈക്യം, എക്യുമെനിസം ഇവയെല്ലാം മനുഷ്യ പുരോഗതിക്ക് ആവശ്യങ്ങളായ ഘടകങ്ങളാണ്. ഈ രംഗത്ത് ഉറച്ച കാൽവയ്പ്പോടെ മുന്നേറുന്ന വ്യക്തിയാണ് ജൂബിലിയേറിയനായ അഭിവന്ദ്യ തിരുമേനി.

**4) ജൂബിലി:-** മെത്രാന്മാർ തങ്ങളുടെ നല്ല ജീവിത മാതൃകവഴിയും, പ്രബോധനങ്ങൾ വഴിയുംവിശ്വാസികളെ സ്വാതന്ത്ര്യത്തിലേക്കും സമാധാനത്തിലേക്കും രക്ഷയിലേക്കും നയിക്കുന്നു. നാം ജൂബിലി ആഘോഷിക്കുന്നത് ദൈവം നമ്മെ ഏൽപ്പിച്ച ദൗത്യം സന്തോഷപൂർവ്വം പൂർത്തിയാക്കാൻ സഹായിച്ച ദൈവത്തിന് നന്ദി പറയാൻ വേണ്ടിയാണ്. അതായത് ജൂബിലി ദൈവത്തിൽ നിന്ന് കൂടുതൽ കൃപകൾ സ്വീകരിക്കാനും കൃതജ്ഞത അർപ്പിക്കാനുമുള്ള സന്ദർഭമാണ്. ജൂബിലി അനേകം പേരെ ഓർമ്മിക്കാനുള്ള അവസരമാണ്. ഉത്തമരായ മാതാപിതാക്കൾ സഹോദരങ്ങൾ അയൽക്കാർ തുടങ്ങി അനവധി ആൾക്കാരുടെ ത്യാഗവും സഹായവും നമ്മുടെ വളർച്ചയിൽ ആഴത്തിലുള്ള അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവരെ ഓർത്ത് പ്രാർത്ഥിക്കാനുള്ള സമയം. ജൂബിലി അനേകം പേർക്ക് നന്മ ചെയ്യാനുള്ള പ്രേരണയാവണം. അഭിവന്ദ്യ കുറിയിലോസ് തിരുമേനി ജൂബിലിയുടെ ഭാഗമായി മുറിവേറ്റ അനേകം ആൾക്കാർക്ക് പുഷ്പഗിരി മെഡിക്കൽ കോളേജ് വഴി ആശ്വാസം നൽകുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഭവനം ഇല്ലാത്തവർക്ക് ഭവനം നൽകുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ക്രിസ്തീയ പൗരോഹിത്യവും ശ്രേഷ്ഠാചാര്യ ശുശ്രൂഷയുമൊക്കെ വലിയ വെല്ലുവിളികൾ നേരിടുന്ന ഈ കാലയളവിൽ അചഞ്ചലമായ വിശ്വാസ ബോധ്യവും, അകളങ്കിതമായ ഇടയ വിശുദ്ധിയും കാത്തുസൂക്ഷിച്ചുകൊണ്ട് അഭിവന്ദ്യ കൂറിലോസ് തിരുമേനി, വഴിയും സത്യവും ജീവനുമായ യേശുവിനെ പ്രതിഫലിപ്പിക്കുന്ന നല്ല ഇടയനായി ശുശ്രൂഷ ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സിൽവർ ജൂബിലിയുടെ എല്ലാ മംഗളങ്ങളും അനുഗ്രഹങ്ങളും ഒരിക്കൽ കൂടി നേരുന്നു.

**ഉപസംഹാരം**

ജൂബിലി കർത്താവിൽ സന്തോഷിക്കാനുള്ള അവസരമാണ് (ഫിലി 4:4). മെത്രാൻ ജൂബിലി ആഘോഷിക്കുന്നത് ദൈവത്തിന്റെ മഹത്വം പ്രകീർത്തിക്കാനും ഉത്തമമായ തീരുമാനങ്ങൾ എടുത്ത് മുന്നേറുന്നതിനുമാണ്. അദ്ദേഹം ദൈവരാജ്യത്തിന്റെ മേൽനോട്ടക്കാരനും ശുശ്രൂഷകനുമാണ്: (അപ്പ. 1/20-23) ദൈവകൃപയുടെ കാര്യസ്ഥനാണ്. ബർണാർഡ് ഷാ ഒരിക്കൽ പറഞ്ഞു 'ജീവിതം എനിക്ക് ഒരു തുണ്ടു മെഴുകുതിരി അല്ല. ഈ നിമിഷം മുതൽ ഞാൻ കയ്യിൽ കൊണ്ടു നടക്കുന്ന ദീപശിഖയാണ്'വരും തലമുറയിലേക്ക് കൈമാറും മുമ്പ് എനിക്കത് തേജസ്സിൽ ലയിപ്പിക്കണം. "അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ആചാര്യ ശുശ്രൂഷയുടെ ദീപശിഖ ഉയർത്തിപ്പിടിച്ച് ആരോഗ്യത്തോടും, വിശ്വാസ ബോധ്യത്തോടും കൂടി തേജസോടെ അനേകം വർഷത്തേക്ക് സഭയെ നയിക്കാൻ ഇടയാകട്ടെ. ജൂബിലിയുടെ എല്ലാ ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

സ്പെഷ്യൽ ഫീച്ചർ




# ശുഭപ്രതീക്ഷയുടെ പുതുവർഷം



ഷെവ. ബെന്നി പുന്നത്തറ

പുതിയൊരു വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ലോകം മുഴുവനും ആശങ്കകളുടെ പിടിയിലാണ്. യുദ്ധങ്ങളും യുദ്ധഭീതികളും ഒരു മൂന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകത്തെ നയിക്കുമോ എന്ന് എല്ലാവരും ഭയപ്പെടുന്നു. കൂടാതെ, വർദ്ധിച്ചുവരുന്ന തീവ്രവാദം, വിഭാഗീയത, രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ, സാമ്പത്തിക പ്രതിസന്ധി, കുടുംബത്തകർച്ച, കടക്കെണികൾ, ഇങ്ങനെ എല്ലാ മേഖലകളിലും അസ്വസ്ഥതയുടെ കഥകളാണ് പറയുവാനുള്ളത്. ഈ പശ്ചാത്തലത്തിൽ ഒരു ദൈവവിശ്വാസി എങ്ങനെയാണ് പുതുവർഷത്തെ വരവേൽക്കേണ്ടത്? 2023-ൽ എന്താണ് അവന് പ്രതീക്ഷിക്കാനുള്ളത്?

നമ്മുടെ ദൈവം ജീവിക്കുന്ന ദൈവമാണ്. അവിടുത്തെ കരങ്ങളിൽ തന്നെയാണ് ഇപ്പോഴും ജീവിതവും ലോകവും. അതിനാൽ എല്ലാ പ്രതികൂലങ്ങളുടെ നടുവിലും നന്മയുൽപാദിപ്പിക്കാനും നന്മയിൽ നമ്മെ വളർത്താനും അവിടുത്തേക്ക് കഴിയുമെന്ന് നാം വിശ്വസിക്കണം.

പോർച്ചുഗീസ് രാജാവായിരുന്ന ജോൺ രണ്ടാമനാണ് ബർത്തലോമിയ ഡയസിനെ ഒരു സമുദ്രപര്യവേക്ഷണത്തിനായി നിയോഗിച്ചത്. ആഫ്രിക്കയുടെ തെക്കേ അറ്റത്തേക്കും തുടർന്ന് ഇന്ത്യയിലേക്കുമുള്ള സമുദ്രപാത കണ്ടെത്തുകയായിരുന്നു ബർത്തലോമിയുടെ നിയോഗം. ലിസ്ബണിൽനിന്നും 16 മാസത്തെ യാത്രയ്ക്കുശേഷം അദ്ദേഹം ആഫ്രിക്കയുടെ ദക്ഷിണതീരത്തുള്ള ഒരു മുനമ്പിൽ എത്തിച്ചേർന്നു. സദാ കോളിളക്കങ്ങളും കൊടുങ്കാറ്റുകളും നിറഞ്ഞ കടലായിരുന്നു അവിടുത്തേത്. അതിനാൽ ബർത്തലോമിയാ ആ മുനമ്പിന് കൊടുങ്കാറ്റുകളുടെ മുനമ്പ് (Cape of Storms) എന്നു നാമകരണം

www.malankaralibrary.com

ചെയ്യുകയുണ്ടായി. പിന്നീടൊരു യാത്രയിൽ ഇതേ സ്ഥലത്തുവച്ച് അദ്ദേഹത്തിന്റെ കപ്പൽ കടൽക്ഷോഭത്തിൽ തകരുമെന്ന നിലയിലായി. മരണം മുന്നിൽ കണ്ട നിമിഷങ്ങൾ. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടു. പെട്ടെന്ന് കപ്പലിലുണ്ടായിരുന്ന ഒരു കൊച്ചുകുഞ്ഞിനെ കൈകളിലെടുത്തുയർത്തി ബർത്തലോമിയാ ഡയസ് ഇങ്ങനെ പ്രാർത്ഥിച്ചു:

''കർത്താവേ, നിഷ്കളങ്കനായ ഈ കുഞ്ഞിനെപ്രതി ഞങ്ങളോടു കരുണ കാട്ടേണമേ.''

പെട്ടെന്ന് കൊടുങ്കാറ്റ് ശമിച്ചു. കടൽ ശാന്തമായി. അപകടമൊന്നുമില്ലാതെ കപ്പൽ തീരത്തടുത്തു. നഷ്ടപ്പെട്ട പ്രതീക്ഷകളെല്ലാം വീണ്ടുകിട്ടിയ സന്തോഷത്തിൽ അദ്ദേഹം ആ മുനമ്പിനെ പുനർനാമകരണം ചെയ്തു- ''ശുഭപ്രതീക്ഷയുടെ മുനമ്പ്'' (Cape of Good Hope).

പിന്നീട് പോർച്ചുഗീസ് രാജാവ് ആഫ്രിക്കയുടെ തെക്കേയറ്റത്തുള്ള ഈ മുനമ്പിനെ ഔദ്യോഗികമായിത്തന്നെ - 'ഗുഡ്ഹോപ്പ് മുനമ്പ്' എന്ന് നാമകരണം ചെയ്യുകയുണ്ടായി. പ്രക്ഷുബ്ധമായ കടലാണെങ്കിലും ഇന്ത്യയിലേക്കും മറ്റു പൂർവദേശങ്ങളിലേക്കുമുള്ള സമുദ്രപാതകൾ കണ്ടെത്താൻ സഹായിച്ച ഇടം എന്ന നിലയിൽ ഈ മുനമ്പ് ശുഭപ്രതീക്ഷയുടെ മുനമ്പായിത്തീർന്നു.

കൊടുങ്കാറ്റു നിറഞ്ഞ ഇടങ്ങളിലും ദൈവം കടന്നുവരുമ്പോൾ ശുഭപ്രതീക്ഷയുടെ മുനമ്പുകൾ തെളിയും. കണ്ണുനീരു നിറഞ്ഞ ഇടങ്ങളിലും ദൈവം ഇറങ്ങിവന്നാൽ സന്തോഷത്തിന്റെ അരുവികൾ ഒഴുകും. ദാഹിച്ചു തളർന്ന ഇസ്രായേൽ ജനം മരുഭൂമിയിൽ കണ്ടെത്തിയ വെള്ളം കുടിക്കാനാകാത്തവിധം കയ്പുള്ളതായിരുന്നു. എന്നാൽ, അതേ ജലംതന്നെ ദൈവം മധുരപാനീയമായി മാറ്റി അവരുടെ ദാഹം ശമിപ്പിച്ചു. മുന്നിലുള്ള ചെങ്കടൽ രക്ഷപ്പെടാനുള്ള എല്ലാ പ്രതീക്ഷകളും തകർക്കുന്ന ഘടകമായിരുന്നു ഇസ്രായേൽജനത്തിന്. എന്നാൽ, ദൈവസാന്നിധ്യത്താൽ അതേ കടൽതന്നെ അവർക്ക് രക്ഷാമാർഗവും അവരുടെ ശത്രുക്കൾക്ക് നാശകാരണവും ആയിത്തീർന്നു.

അതിനാൽ, പ്രക്ഷുബ്ധമായ ജീവിതരംഗങ്ങൾ നമ്മെ തളർത്തരുത്. വഴിമുടക്കികളായ ചെങ്കടലുകളുടെ മുന്നിൽ പതറരുത്. കയ്പുനിറഞ്ഞ ജീവിതാനുഭവങ്ങളിൽനിന്ന് ഒളിച്ചോടരുത്. സാഹചര്യങ്ങൾക്ക് വ്യതിയാനമില്ലാതെയും പ്രതിബന്ധങ്ങൾ മാറാതെയുമിരിക്കുമ്പോഴും നമുക്ക് പ്രതീക്ഷിക്കാൻ വകയുണ്ട്. ദൈവത്തിന്റെ സാന്നിധ്യം നമുക്കിടയിലേക്ക് ഇറങ്ങിവന്നാൽ മാത്രംമതി. അതിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കുക. കൊടുങ്കാറ്റിന്റെ മുനമ്പിനെ ശുഭപ്രതീക്ഷയുടെ മുനമ്പാക്കി മാറ്റിയ ദൈവം ഭാവിയേക്കുറിച്ചുള്ള നമ്മുടെ ഭയങ്ങളെ പ്രത്യാശയാക്കി മാറ്റട്ടെ. 2023 നന്മകൾ കൊണ്ട് നമ്മുടെ ജീവിതം സമൃദ്ധമാകട്ടെ.



www.malankaralibrary.com





# വിശുദ്ധ കുർബാനയിലെ മരിയൻ ദർശനം മലങ്കര പാരമ്പര്യത്തിൽ



ഫാ. ഡോ. തോമസ് കാഞ്ഞിരമുകളിൽ

വിശുദ്ധ കുർബാന നമ്മുടെ വീണ്ടെടുപ്പിന്റേയും രക്ഷയുടേയും ആഘോഷമാണ്. പിതാവായ ദൈവം തന്റെ ഏകജാതനായ പുത്രനിലൂടെ പരിശുദ്ധാത്മാവിൽ നിർവഹിച്ച രക്ഷാകര രഹസ്യങ്ങളുടെ സാരാംശം ആണത്. ഇത് ആഘോഷിക്കപ്പെടുന്നത് യേശുവിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ട വിശുദ്ധ സഭയിലാണ്. സഭ യേശുവിന്റെ രക്ഷാകരസാന്നിദ്ധ്യത്തിന്റെ അടയാളവും കൃപയുടെ വിതരണക്കാരിയുമാണ്. അതിനാൽ വിശുദ്ധ കുർബാനയുടെ ആഘോഷം സഭയുടെ ഏറ്റം ശ്രേഷ്ഠമായ ശുശ്രൂഷയും സഭാജീവിതത്തിന്റെ മഹനീയ പ്രകടനവും ക്രിസ്തീയ ജീവിതത്തിന്റെ ലോകത്തിലേയും സഭയിലേയും തിരുസാന്നിദ്ധ്യവും ആണ്. വിശുദ്ധ വേദപുസ്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രക്ഷാകര രഹസ്യ മർമ്മങ്ങളാണ് മലങ്കര പാരമ്പര്യ പ്രകാരം വിശുദ്ധ കുർബാനയിൽ ആഘോഷിക്കുക. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച് ഏദനിലാക്കിയത്, മനുഷ്യന്റെ പതനം, രക്ഷയുടെ വാഗ്ദാനം, രക്ഷകനുവേണ്ടിയുള്ള കാത്തിരുപ്പും ഒരുക്കവും, രക്ഷകന്റെ മനുഷ്യാവതാരം, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവ് എന്നീ

www.malankaralibrary.com

വെളിവാക്കപ്പെട്ട രഹസ്യങ്ങൾ നാം വിശുദ്ധ കുർബന യിൽ ആഘോഷിക്കുന്നു. ഈ രക്ഷാകര രഹസ്യങ്ങ ളിൽ പരിശുദ്ധ ദൈവമാതാവായ കന്യക മറിയാമിന്റെ ദൃശ്യവും അദൃശ്യവുമായ പങ്കാളിത്തം സജീവമായി നമുക്ക് ദർശിക്കുവാൻ സാധിക്കും. രക്ഷകനായ യേശു വിന്റെ ജീവിതത്തിൽ പരിശുദ്ധ മറിയം ആരായിരു ന്നുവോ അത്രയും പ്രാധാന്യം വിശുദ്ധ കുർബാനയ യുടെ ആഘോഷത്തിലും പരിശുദ്ധ അമ്മയ്ക്ക് മലങ്കര പാരമ്പര്യത്തിൽ നൽകുന്നുണ്ട്.

വിശുദ്ധ കുർബാനയുടെ ഒരുക്ക ശുശ്രൂഷ സമയത്ത് അനു സ്മരണ പ്രാർത്ഥനയിൽ ആദിമാതാവായ ഹവ്വായോ ടുകൂടെ ദൈവമാതാവായ വിശുദ്ധ മറിയാമിനേയും സവിശേഷമായി അനുസ്മരിക്കുന്നു. കുർബാനയിലെ ഒരുക്കശുശ്രൂഷാ വേളയിലാണ് പഴയ നിയമ കാല ഘട്ടമായ രക്ഷകന്റെ വരവിനായുള്ള കാത്തിരിപ്പ് കാലം നാം അനുസ്മരിക്കുക. 'നൻമ തിൻമകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്' (ഉൽ പ്പത്തി 2/17). എന്ന കല്പനലംഘനത്തിന് ആദിമാതാവ് കാരണമായെങ്കിൽ, 'ഇതാ ഞാൻ കർത്താവിന്റെ ദാസി!' എന്നു പറഞ്ഞുകൊണ്ട് രണ്ടാം ഹവ്വയായ പരി ശുദ്ധ മറിയം രക്ഷകന്റെ അമ്മയാകുവാൻ സ്വയം സമർപ്പിച്ചു. സൃഷ്ടികളുടെ മകുടമായി സൃഷ്ടിക്കപ്പെട്ട ആദിമാതാപിതാക്കൾ പാപം മൂലം അപൂർണ്ണതയുടെ പര്യായമായി മാറിയപ്പോൾ മനുഷ്യകുലത്തിന്റെ പൂർണ്ണ തയ്ക്കുവേണ്ടി നമുക്ക് നൽകപ്പെട്ട രണ്ടാമത്തെ അമ്മയായി പരിശുദ്ധ മറിയം മാറി. 'ഹവ്വായുടെ അനുസരണക്കേടിന്റെ കെട്ട് മറിയത്തിന്റെ അനുസ രണം വഴി അഴിക്കപ്പെട്ടു. ഹവ്വാ അവിശ്വാസം വഴി ബന്ധിച്ചത് മറിയം എന്ന കന്യക വിശ്വാസം വഴി അഴിച്ചു.' (വിശുദ്ധ എരണേവൂസ്) ഉൽപ്പത്തിയിലെ രക്ഷാവാഗ്ദാനം ഇപ്രകാരമാണ്. 'നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും' (ഉല്പ. 3/15). ഇവിടെ സ്ത്രീയുടെ സന്തതിയാണ് സർപ്പത്തിന്റെ തല തകർക്കുന്നതെങ്കിലും അതിന്റെ നാശത്തിന് സ്ത്രീയും നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. വിശുദ്ധ കുർബാനയിലെ പരസ്യ ശുശ്രൂഷാ സമയത്തു ചൊല്ലുന്ന മാനീസായിൽ നാം ഇപ്രകാരമാണ് ചൊല്ലിയിരുന്നത്, 'തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവുട്ടികൊന്നവനും...' ഉല്പ ത്തിയിലെ രക്ഷാവാഗ്ദാനം മറിയം എന്ന സ്ത്രീയുടെ മകനായ യേശുവിലൂടെ പൂർണ്ണമാകുകയാണ്. പാപ ത്തിന്റെ പരിണിതഫലമായ മരണത്തെ യേശു തന്റെ കുരിശുമരണത്തിലൂടെ ഇല്ലാതാക്കി.

അനുസ്മരണ പ്രാർത്ഥനയിൽ തുടർന്ന് ഇപ്ര കാരം പരിശുദ്ധ ദൈവമാതാവിനെ സ്മരിക്കുന്നുണ്ട്:




'ദൈവമാതാവായ പരിശുദ്ധ മറിയാമിന്റെ ബഹുമതി ക്കായിഞങ്ങൾ അർപ്പിക്കുന്ന ഈ കുർബാനയിൽ അവളെ ഞങ്ങൾ പ്രത്യേകമായി സ്മരിക്കുന്നു. കർത്താവേ, അവളുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചിരി ക്കുന്ന നിന്റെ ദാസർക്ക് വേണ്ടി അവൾ നിന്നോട് പ്രാർത്ഥി ക്കുമാറാകേണമേ...' ഒരുക്ക ശുശ്രൂഷയിൽ ധൂപാർപ്പണ ത്തിന് തൊട്ടുമുമ്പുള്ള പ്രുമിയോനിൽ നാം ഇപ്രകാരം ചൊല്ലുന്നു. 'കന്യകയുടെ ഉദരത്തിൽ നിന്ന് ഉൽഭവിച്ച് ആ മാതാവിന്റെ സ്മരണയെ മഹത്വപ്പെടുത്തി ആഘോ ഷിച്ച മോഹനീയ ഫലവും...' യഥാർത്ഥത്തിൽ പരിശുദ്ധ കന്യകമറിയാമിന്റെ ഓർമ്മയെ മഹത്വപ്പെടുത്തി നമുക്ക് അനുഗ്രഹമായി നൽകുന്നത് തന്റെ പുത്ര നായ യേശു തന്നെയാണെന്ന് ഇതിൽ നിന്നും വ്യക്തമാ ണല്ലോ. ഈ പ്രാർത്ഥനയ്ക്ക് ശേഷമുള്ള അർപ്പിതധൂ പം സൂചിപ്പിക്കുന്നത് മറിയാം എന്ന ദാഹാർത്ത ഭൂമിയിൽ നിന്നുള്ള അനുഗ്രഹീത സസ്യവും തന്റെ മോഹനീയ സൗരഭ്യം ഭൂമി മുഴുവൻ നിറയുകയും വിശിഷ്ടോപ ദേശം മുഖാന്തരം സൃഷ്ടിയുടെ എല്ലാ ഭാഗത്തു നിന്നും അജ്ഞാനമാകുന്ന ദുർഗന്ധം അകറ്റുകയും ചെയ്ത യേശുവിനെയാണ്. ഇവിടെ മറിയാമിൽ നിന്ന് ജനിച്ച് വളർന്ന യേശുവിനെ അനുഗ്രഹീത സസ്യമായി വിശേഷി പ്പിക്കുന്നു. രക്ഷകനായ യേശുവിന്റെ തിരുശരീരവും

www.malankaralibrary.com

തിരുരക്തവും മരണത്തിൽ നിന്ന് ജീവനിലേക്ക് നമ്മെ കൂട്ടികൊണ്ടുപോകുന്നുവെന്ന് വിശുദ്ധ അപ്രേം സാക്ഷിക്കുന്നുണ്ട്. വിശുദ്ധ കുർബാനയെ അമൃതായും ഔഷധമായും സഭാപിതാക്കൻമാർ വിശേഷിപ്പിക്കുന്നു.

ഒരുക്കശുശ്രൂഷാ സമയത്ത് വിശ്വാസികൾ ആലപിക്കുന്ന ഗീതങ്ങൾ പരിശുദ്ധ മറിയത്തിന്റെ വചനിപ്പ് സംഭവവും അമ്മയുടെ കന്യകാത്വവും പ്രത്യേകമായി പ്രതിപാദിക്കുന്നു: 'എരിതീനിരവിട്ടീറേ ദൂതനിറങ്ങി ചെന്ന്...' എന്ന ഗീതത്തിൽ മംഗളവാർത്തയും "മുൾമരമെരിയാതെരിതീതൻ നടുവിൽ..., ധന്യേ മാതാവേ...' എന്നീ ഗീതങ്ങളിൽ മറിയത്തിന്റെ കന്യകാത്വവും പ്രത്യേകം പരാമർശിക്കുന്നുണ്ട്. സീനായ്മലയിൽ മഹോന്നതനായ ദൈവം മോശയ്ക്ക് മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട സംഭവമാണ് ഇവിടുത്തെ പരാമർശം. മുൾമരം എരിയാതെ എരിതീയിൽ ദൈവം പ്രത്യക്ഷപ്പെട്ടതുപോലെ പരിശുദ്ധമറിയാമിന്റെ കന്യാവ്രതത്തിന് ഭംഗം വരാതെ പുത്രൻ തമ്പുരാൻ മറിയാമിൽ നിന്ന് ശരീരമെടുത്ത വിശ്വാസ സത്യമാണ് ഇവിടെ ആലപിക്കുന്നത്.

രക്ഷകന്റെ വരവിനായുള്ള കാത്തിരിപ്പിന് സമാപനം കുറിച്ചുകൊണ്ടുള്ള വിശുദ്ധ കുർബാനയിലെ പരസ്യശുശ്രൂഷ യേശുവിന്റെ ജനനത്തിന്റേയും മാമ്മോദീസായുടെയും അനുസ്മരണമാണ്. ഇവിടെ തിരശ്ശീല നീക്കി മദ്ബഹാ തുറക്കപ്പെടുമ്പോൾ കാർമ്മികൻ ആദ്യം ഉച്ചരിക്കുന്ന വാക്ക് സുറിയാനി മൂല ഭാഷയിൽ മറിയാം എന്ന നാമമാണ് (മറിയാം ദീലേതോക്...) രക്ഷകനായ യേശുവിന് ജൻമം നൽകിയ മറിയാമിനേയും വഴി ഒരുക്കി മാമ്മോദീസാ നൽകിയ യോഹന്നാനേയും അനുസ്മരിച്ച് അവരുടെ മദ്ധ്യസ്ഥതയാൽ കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമെ എന്ന് പ്രാർത്ഥിക്കുന്നു. വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തി ഇവർ രണ്ട്പേരും യേശുവിനെ ലോകത്തിന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. കാനായിലെ കല്ല്യാണ വിരുന്നിൽ മറിയം പറഞ്ഞ വാക്കുകളും അന്ത്യ അത്താഴ വേളയിൽ യേശുനാഥൻ കല്പിച്ചതും തമ്മിലുള്ള പൊരുത്തം ശ്രദ്ധേയമാണ്. മറിയം പറഞ്ഞു, 'അവൻ നിങ്ങളോട് കല്പിക്കുന്നത് ചെയ്യുവീൻ' യേശുപറഞ്ഞു, 'ഇതെന്റെ ഓർമ്മക്കായി ചെയ്യുവീൻ'. രണ്ടിന്റേയും പശ്ചാത്തലം വിരുന്നാണല്ലോ. വെള്ളം വീഞ്ഞാകുന്ന അൽഭുതം, വീഞ്ഞ് രക്തമാകുന്ന വലിയ അൽഭുതം. കാനായിലെ അൽഭുതത്തെ വിശുദ്ധ കുർബാനയുടെ മുന്നാസ്വാദന വിരുന്നായി നമുക്ക് അനുമാനിക്കാം. സ്നാപകയോഹന്നാൻ യേശുവിനെ ലോകത്തിന് ഇപ്രകാരം പരിചയപ്പെടുത്തി: 'ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.' (യോഹ.1/29) ആ ദൈവ കുഞ്ഞാടിന്റെ ബലിയാണ് വിശുദ്ധ കുർബാന.

വിശുദ്ധകുർബാനയിലെ തുടർന്നുള്ള വചന ശുശ്രൂഷയിൽ നമ്മുടെ കർത്താവിന്റെ പരസ്യജീവിത കാലത്തെ അൽഭുതപ്രവർത്തികളും പഠിപ്പിയ്ക്കലുമാണ് പരാമർശിക്കുക. വിശുദ്ധ സുവിശേഷ വായനയ്ക്ക് മുമ്പുള്ള ആമുഖ പ്രാർത്ഥനയിൽ കർത്താവിനെ കുറിച്ച് പറയുന്നത്. 'വിശുദ്ധ കന്യകമറിയാമിൽ നിന്ന് ശരീരം എടുത്തവൻ' എന്നാണ്. മലങ്കര പാരമ്പര്യത്തിൽ എപ്പോഴെല്ലാം ഔദ്യോഗികമായി സുവിശേഷം വായിക്കുമോ അപ്പോഴെല്ലാം പരിശുദ്ധമറിയത്തേയും അനുസ്മരിക്കാറുണ്ട്. കൂടാതെ പരിശുദ്ധ ദൈവമാതാവിന്റെ തിരുനാളുകളിലും ഓർമ്മ ദിവസങ്ങളിലും സുവിശേഷവായനയ്ക്ക് ശേഷമുള്ള ഗീതം പരിശുദ്ധ അമ്മയുടെ ഓർമ്മയും അടങ്ങിയിട്ടുള്ളതായിരിക്കും.

ഇതിനുശേഷം ദിവ്യബലിയിൽ ചൊല്ലുന്ന പാപപരിഹാര പ്രാർത്ഥനയിലെ പ്രുമിയോനിലും സെദറാകളിലും പരിശുദ്ധ ദൈവമാതാവിനെകുറിച്ച് വളരെ മനോഹരമായി പ്രതിപാദിക്കുന്നുണ്ട്. അത്തരത്തിലുള്ള ഏതാനും കാവ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 'കന്യകയിൽ നിന്ന് ജനിച്ചവനും...'
2. 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ദാവീദിന്റെ പുത്രിയിൽ നിന്ന് പ്രത്യക്ഷപ്പെടുകയും...'
3. 'കർത്താവേ, നീ കാലത്തിന്റെ പൂർണ്ണതയിൽ മറിയാമിൽ നിന്ന് ജനിക്കുകയും...'
4. 'നിർമ്മല കന്യകയായ മുന്തിരിത്തണ്ടിൽ നിന്ന് ശേഖരിക്കുകയും...'
5. 'വിശുദ്ധ കന്യക പ്രസവിക്കുകയും ചെറിയ ബേത്ലേഹം ആദരിക്കുകയും...'
6. 'നിന്നെ പ്രസവിച്ച മാതാവും അനുഗ്രഹീതയും വിശുദ്ധ ദൈവമാതാവുമായ മറിയാമിന്റേയും...'
7. 'മഹത്വമുള്ള പിതാവിൽ നിന്ന് മാതാവില്ലാതെ ജാതനാവുകയും സ്വർഗ്ഗത്തിൽ നിന്ന് ഞങ്ങളുടെ പക്കലേയ്ക്ക് ഇറങ്ങി വരികയും ശരീരപ്രകാരം പിതാവില്ലാതെ കന്യകയായ മാതാവിൽ നിന്ന് ജനിയ്ക്കുകയും ചെയ്ത സ്വർഗ്ഗീയ കുഞ്ഞാട് നീയാകുന്നു.'"

വിശുദ്ധ കുർബാനയിലും യാമപ്രാർത്ഥനകളിലും ചൊല്ലുന്ന വിശ്വാസ പ്രമാണം രക്ഷാകര സംഭവങ്ങൾ ക്രോഡീകരിച്ച പ്രാർത്ഥന ആണല്ലോ. പ്രസ്തുത പ്രാർത്ഥനയിൽ യേശുവിന്റെ മനുഷ്യാവതാരത്തെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഇപ്രകാരം ചൊല്ലുന്നു: 'ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്ന് ശരീരിയായിത്തീർന്ന് മനുഷ്യനായി... "കൂടാതെ വിശ്വാസപ്രമാണ സമയത്ത് കാർമ്മികൻ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി ചൊല്ലുന്ന

www.malankaralibrary.com

രഹസ്യ പ്രാർത്ഥനയിലും വിശുദ്ധ മാതാവിന്റെ സ്മരണ ബലിപീഠത്തിൽ നടത്തുന്നുണ്ട്.

വിശുദ്ധ കുർബാനയിലെ അനാഫൊറായിലും ദൈവമാതാവിന്റെ സ്മരണ സജീവമായി നിലനിർത്തുന്നുണ്ട്. മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുമ്പോൾ കാർമ്മികൻ ഇപ്രകാരം രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു. 'അവൻ പരിശുദ്ധാത്മാവിൽ കന്യകാമറിയാമിൽ നിന്ന് മനുഷ്യാവതാരം ചെയ്ത് ക്ഷയിച്ചുപോയിരുന്ന നിന്റെ സാദൃശ്യത്തെ നവീകരിക്കുകയും ചെയ്തു. തുടർന്നുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളിൽ നാലാമത്തെ പ്രാർത്ഥന ശുദ്ധിമതിയും ഭാഗ്യവതിയും അനുഗ്രഹീതയും നിത്യകന്യകയും ദൈവമാതാവുമായ മറിയാമിന്റെ അപേക്ഷ യാചിച്ചുകൊണ്ടാണ് ചൊല്ലുന്നത്. വിശുദ്ധ പത്താം പീയുസ് മാർപ്പാപ്പ ഇപ്രകാരം പഠിപ്പിക്കുന്നു. 'യേശുമിശിഹാ തന്റെ മരണവും രക്തവും വഴി നേടിയെടുത്ത കൃപകളെല്ലാം വിതരണം ചെയ്യുന്നത് മറിയമാണ്. ദൈവപുത്രൻ ലോകത്തിലേക്ക് വന്നവഴി പരിശുദ്ധമറിയം ആയിരിക്കുന്നതുപോലെ രക്ഷകനായ യേശുക്രിസ്തുവിലേയ്ക്കുള്ള നമ്മുടെ ഉറപ്പായ വഴിയും പരിശുദ്ധ അമ്മയാണ്. ഈ പ്രത്യാശയിൽ നമ്മുടെ യാചനകളും അപേക്ഷകളും പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥതയിൽ ദിവ്യകാരുണ്യ സന്നിധിയിൽ നാം സമർപ്പിക്കുകയാണിവിടെ ചെയ്യുന്നത്.

വിശുദ്ധ കുർബാന സ്വീകരണത്തിന് മുമ്പായി ചൊല്ലുന്ന കുക്കിലിയോനുകളിൽ (അനുസ്മരണ ഗീതങ്ങൾ) പ്രഥമസ്ഥാനം പരിശുദ്ധ ദൈവമാതാവിന്റെ കുക്കിലിയോനാണ്. വിശുദ്ധ കുർബാനയിലെ പിതൃപുത്ര പരിശുദ്ധാത്മാവായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ കൃതജ്ഞതാ നിർഭരരായി പരിശുദ്ധ കന്യക മറിയാമിനേയും വിശുദ്ധരേയും സകല മരിച്ചുപോയവരേയും ഓർത്ത് യാചിക്കുന്ന പ്രാർത്ഥനാഗീതമാണിത്. ദൈവമാതാവിന്റെ കുക്കിലിയോനിലെ ആദ്യഭാഗം 45-ാം സങ്കീർത്തനം 9 മുതൽ 11 വരെയുള്ള വാക്യങ്ങളുടെ ക്രമീകൃത രൂപമാണ്. ഈ വാക്യങ്ങളുടെ പശ്ചാത്തലം രാജകീയ വിവാഹമാണ്. മണവാളനായ രാജാവിനെ വരിയ്ക്കണമെങ്കിൽ നിന്റെ സർവ്വസമ്പത്തും നിന്റെ ജനത്തേയും നിനക്ക് കിട്ടിയ പിതൃസ്വത്തും നിനക്കുള്ളതെല്ലാം മറക്കുക എന്ന് അർത്ഥമാക്കുന്ന ഈ സങ്കീർത്തനഭാഗം പരിശുദ്ധമറിയത്തിൽ പൂർണ്ണമാക്കപ്പെട്ട വസ്തുതകളാണല്ലോ. കുക്കിലിയോന്റെ രണ്ടാം പകുതി മംഗളവാർത്ത അനുസ്മരണവും മറിയത്തോടുള്ള പ്രാർത്ഥനായാചനയും ആണ്.

വിശുദ്ധകുർബാനയുടെ സമാപനാശീർവാദത്തിന് മുമ്പുള്ള ഹുത്തോമ്മോ (സമാപനഗീതം) കളിൽ അഞ്ച് ഗീതങ്ങൾ പരിശുദ്ധ ദൈവമാതാവിനെ അനുസ്മരിച്ച് പ്രാർത്ഥന അപേക്ഷിക്കുന്നവയാണ്. അവ ദൈവമാതാവിന്റെ തിരുനാളുകളിലും ഓർമ്മ ദിവസങ്ങളിലും ആലപിക്കുന്നു.

ചുരുക്കിപറഞ്ഞാൽ, മലങ്കര ആരാധാനക്രമത്തിൽ പ്രത്യേകിച്ച് വിശുദ്ധ കുർബാനയിൽ പരിശുദ്ധ മറിയത്തിന് സവിശേഷമായ ഒരു സ്ഥാനമുണ്ട്. രക്ഷാകര ചരിത്രത്തിൽ പരിശുദ്ധ മറിയത്തിന്റെ നിറസാന്നിദ്ധ്യം എപ്രകാരമായിരുന്നുവോ അതേ നിലയിൽ അതിന്റെ ആഘോഷത്തിലും പരിശുദ്ധ അമ്മ നിറഞ്ഞു നിൽക്കുന്നു. നമ്മുടെ കർത്താവിന്റെ അമ്മയും വിശുദ്ധ സഭയുടെ അമ്മയുമായ പരിശുദ്ധമറിയത്തിന്റെ അപേക്ഷ നമ്മുക്ക് അനുഗ്രഹമായിതീരട്ടെ.



www.malankaralibrary.com





# ഫ്രാൻസിസ് പാപ്പായുടെ ബഹ്റൈൻ സന്ദർനം നൽകുന്ന പാഠം!



ഫാ. വർഗീസ് വള്ളിക്കാട്ട്

ഫ്രാൻസിസ് പാപ്പാ ബഹ്റൈൻ സന്ദർശനം പൂർത്തിയാക്കി! ചരിത്രപരവും പ്രവാചക യുക്തിയുള്ളതുമായ ഒരു സന്ദർശനം എന്നാണ് അതിനെ വിശേഷിപ്പിക്കാൻ തോന്നുന്നത്. സാഹോദര്യത്തിന്റെ സന്ദേശം എല്ലാ വൈരുധ്യങ്ങൾക്കും മേലെയാണ് എന്നു പ്രഖ്യാപിക്കുന്ന ഒരു നടപടിയായി അതിനെ കാണാൻ ആഗ്രഹിക്കുന്നു. പ്രായത്തിന്റെയും അനാരോഗ്യത്തിന്റെയും വെല്ലുവിളിയെ അതിലംഘിച്ചുകൊണ്ട് പാപ്പാ, "നമ്മൾ സഹോദരർ" എന്നു പ്രഖ്യാപിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്! ലോകം ഇന്നു പിന്തുടരുന്ന വെറുപ്പിന്റെ യുക്തിയെ അതിലംഘിച്ചുകൊണ്ടു മാത്രമേ ലോകത്തിനു മുന്നോട്ടുപോകാൻ കഴിയൂ എന്നു ലോക രാജ്യങ്ങളെ ഓർമ്മിപ്പിക്കാനുള്ള പരിശ്രമമാണ് പാപ്പാ നടത്തുന്നത്! ആഗോളതലത്തിൽ ശക്തിപ്രാപിക്കുന്ന വിരുദ്ധ ചിന്താഗതികൾ ലോകത്തെ

www.malankaralibrary.com

നാശത്തിലേക്കു നയിക്കും എന്ന തിരിച്ചറിവാണ് പാപ്പായെ ഈ ദൗത്യത്തിനു പ്രേരിപ്പിക്കുന്നത് എന്നതിൽ സംശയമില്ല. ഇറ്റലിയിലും ഫ്രാൻസിലും ഇഗ്ലണ്ടിലും ഉൾപ്പെടെ, പാശ്ചാത്യ രാജ്യങ്ങളിൽ രാഷ്ട്രീയ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. മറ്റു പശ്ചാത്യ രാജ്യങ്ങളിലേക്കും വലതുപക്ഷ ചിന്താഗതിയിൽ ഊന്നിയ രാഷ്ട്രീയ മാറ്റങ്ങളുടെ കാറ്റു വീശി തുടങ്ങിയിരിക്കുന്നു! ഒപ്പം, അന്ധമായ മതാത്മക രാഷ്ട്രീയ ആദർശങ്ങളിൽ ഊന്നിയ പൊളിറ്റിക്കൽ ഇസ്ലാമിസ്റ്റുകളുടെ സ്വാധീനവും ആഗോളത്തലത്തിൽ ശക്തിയാർജിച്ചു വരികയാണ്. ഇതു ലോകത്തെ ഗുരുതരമായ ഒരു പ്രതിസന്ധിയിലേക്കു നയിക്കും എന്ന മുന്നറിവാണ് പാപ്പായെ ഇത്തരത്തിലുള്ള ഒരു അനുരഞ്ജന, സമാധാന ദൗത്യത്തിനു പ്രേരിപ്പിക്കുന്നത് എന്നതു വ്യക്തമാണ്.

മനുഷ്യനും മനുഷ്യനും തമ്മിലും വ്യത്യസ്ഥ സമുദായങ്ങളും മതങ്ങളും രാഷ്ട്രങ്ങളും തമ്മിലും സമാധാനവും സ്നേഹവും സാഹോദര്യവും നിലനിന്നെങ്കിലേ മനുഷ്യ വർഗ്ഗത്തിനു പ്രത്യാശയോടും ആത്മവിശ്വാസത്തോടുംകൂടി ഭാവിയിലേക്കു നോക്കാൻ കഴിയുകയുള്ളൂ. അതിനായുള്ള പരിശ്രമങ്ങൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. നിലനിൽക്കുക' എന്നതിന്റെ അർത്ഥം സഹാസ്തിത്വത്തിൽ, സഹോദര്യത്തിൽ സഹവസിക്കുക എന്നാണ് എന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്. 'അപരൻ നരകമാണ്' എന്ന കാഴ്ചപ്പാട് എല്ലാവർക്കും നരകം മാത്രമേ തീർക്കുകയുള്ളൂ. സ്വർഗ്ഗരാജ്യം സഹോദര്യത്തിന്റേതും സഹവർതിത്വത്തിന്റേതും സഹോദര്യത്തിന്റേതുമാണ്. അതു മാത്രമേ നിത്യമായി നിലനിൽക്കുകയുള്ളൂ. ഭൂമിയിൽ നമുക്കു വർഗശത്രുക്കളില്ല, വർഗ, വർണ്ണ, സഹോദര്യമേയുള്ളൂ എന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്. അതിനു വിരുദ്ധമായ പ്രത്യയശാസ്ത്രങ്ങൾ അധികാരത്തിനും കീഴടക്കലിനും മാത്രമുള്ളതാണ്. അവ, മനുഷ്യവർഗത്തെ അതിന്റെതന്നെ നിലനിൽപ്പിനു വിരുദ്ധമായി പ്രവർത്തിക്കാൻ മാത്രമേ പ്രചോദിപ്പിക്കുകയുള്ളൂ. സാഹോദര്യത്തിന്റെ കാഴ്ചപ്പാടിനെ വളർത്തിക്കൊണ്ടുമാത്രമേ ലോകത്തിനു മുന്നോട്ടുപോകാൻ കഴിയൂ എന്ന സന്ദേശമാണ് പാപ്പാ ലോകത്തിനു നൽകുന്നത്. ഭൂമിയിൽ, സന്മനസ്സുള്ളവർക്ക് സമാധാനം!

**വാൽകഷ്ണം: പാപ്പയുടെ ഇന്ത്യാ സന്ദർശനം യഥാർത്യമാകുമോ? പോളറൈസേഷൻ ജനാധിപത്യ യുക്തിയുടെ മർമ്മമാണ് എന്നു ചിന്തിക്കുന്ന സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിനു സാഹോദര്യത്തിന്റെയും സഹാസ്തിത്വത്തിന്റെയും യുക്തിയെ സ്വാഗതം ചെയ്യാൻ കഴിയുമോ?**



www.malankaralibrary.com





# നിയമം വരണം; മനോഭാവവും മാറണം



**പി.എം. ബിനുകുമാർ**

**അ**ന്ധവിശ്വാസങ്ങളും അനാചാരങ്ങളും മനുഷ്യ മനസുകളിൽ വേരോടിയതിന്റെ ആഴം കേരളീയ മന:സാക്ഷിയെ നടുക്കിയിട്ട് അധിക നാളുകളായിട്ടില്ല. എറണാകുളം ജില്ലയിലെ പൊന്നുരുന്നി, കാലടി എന്നിവിടങ്ങളിൽ നിന്ന് കാണാതായ മധ്യവയസ്കരായ രണ്ടു സ്ത്രീകളുടെ മൃതദേഹാവശിഷ്ടങ്ങൾ പാരമ്പര്യ വൈദ്യന്റെ വീട്ടുവളപ്പിൽ കണ്ടെത്തിയതോടെയാണ് സംഭവങ്ങളുടെ തുടക്കം. കൊലപാതകം എന്തിന് വേണ്ടി എന്ന ചോദ്യത്തിന്റെ ഉത്തരം തേടി പോയ ഉദ്യോഗസ്ഥർക്ക് മുന്നിലാണ് ഒടുവിൽ ആ സത്യം വെളിപ്പെടുത്തപ്പെട്ടത്. കൊന്നത് അനാചാര കർമ്മങ്ങളിലൂടെ സത്ഗതി നേടാൻ വേണ്ടി! ആദ്യം കേരളം ഇക്കഥ വിശ്വസിച്ചില്ല. അറസ്റ്റിലായ ഇലന്തൂർ സ്വദേശി വൈദ്യൻ ഭഗവൽ സിങ്, ഭാര്യ ലൈല, പെരുമ്പാവൂർ സ്വദേശി മുഹമ്മദ് ഷാഫി എന്ന റഷീദ് എന്നീ പ്രതികളെ വിശദമായി ചോദ്യംചെയ്തപ്പോൾ ഈ നിഷ്ഠുര കൃത്യത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവന്നു.

മൃതദേഹാവശിഷ്ടങ്ങൾ പരിശോധിച്ചതിൽനിന്ന് സ്ത്രീകളെ കഴുത്തറുത്തു കൊന്നതാണെന്ന് കണ്ടെത്തി. നരബലി നടന്നുവെന്ന നിഗമനത്തി

www.malankaralibrary.com

ലാണ് അന്വേഷണോദ്യോഗസ്ഥർ എത്തിയത്. കേരളത്തിൽ കേട്ടുകേൾവിയില്ലാത്ത സംഭവമാണ് ഇത്. ദേവപ്രീതിക്കായും ഐശ്വര്യലബ്ധിക്കായും മനുഷ്യരെ മനുഷ്യർ കൊല്ലുന്ന പ്രാചീനകാലത്തെ ദുരാചാരം ഈ ആധുനികയുഗത്തിൽ ഇവിടെയും നടന്നിരിക്കുന്നു. രണ്ടായിരത്തിഇരുപത്തിരണ്ടിൽ ഇങ്ങനെയെല്ലാം സംഭവിക്കുമോ എന്നാലോചിച്ച് തലപുണ്ണാക്കിയവർക്ക് മുന്നിൽ സംശയങ്ങൾ ശരിയാണെന്ന് തെളിഞ്ഞിരിക്കുന്നു.

എന്താണ് വിശ്വാസം? അജ്ഞാതമായ നമ്മുടെ ഭയങ്ങളെ നിയന്ത്രിക്കാനുള്ള ഒരു കുറുക്കുവഴിയാണോ വിശ്വാസം? അല്ല. വിശ്വാസം ഒരു ഉറപ്പാണ്. അത് ഒരു ശരിയാണ്. എന്നാൽ വിശ്വാസം അന്ധ വിശ്വാസമായി മാറുന്ന കാഴ്ചയാണ് സമീപകാലത്തായി ഒരു ന്യൂനപക്ഷത്തിനിടയിൽ കണ്ടു വരുന്നത്. അമാനുഷികമായ പലതും സംഭവിക്കുമെന്ന് അവർ വിശ്വസിക്കുന്നു. കേരളത്തിൽ ഇങ്ങനെയൊന്നും സംഭവിക്കില്ലെന്ന് നമ്മൾ ആശ്വസിക്കാറുണ്ടായിരുന്നു. എന്നാൽ, ഇലന്തൂരിലെ ഇരട്ടക്കൊലയുടെ വാർത്ത കേട്ട് സംസ്ഥാനം അക്ഷരാർഥത്തിൽ നടുങ്ങി. പരിഷ്കൃതസമൂഹത്തിന് ചിന്തിക്കാൻ കഴിയാത്ത നീചകൃത്യമാണ് ഇവിടെ നടന്നത്. ഇതിന്റെ ചൂടാറും മുമ്പാണ് കേരള – തമിഴ്നാട് അതിർത്തിയിൽ നടന്ന കൊലപാതകം. ഒരു പെൺകുട്ടി തന്റെ കാമുകനെ കഷായം കൊടുത്ത് കൊന്നു. കാരണമായി പറഞ്ഞത് വിചിത്രമായ ഒരു കാര്യമാണ്. തന്റെ ആദ്യ ഭർത്താവ് കൊല്ലപ്പെടുമെന്ന് ജാതകത്തിൽ ഉണ്ടത്രേ!

സാക്ഷരതയിലും ആധുനിക ചിന്തകളിലും ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിൽ അന്ധവിശ്വാസത്തിന്റെ കൊടുംകാട്ടിൽ ജീവിക്കുന്ന ഒരു വലിയൊരു വിഭാഗം ഉണ്ടെന്ന വാർത്ത ലജ്ജാകരമാണ്. എന്നോ പോയ് മറഞ്ഞ ചില ദുഷ്ചിന്തകൾ കൂടുതൽ പ്രഭാവത്തോടെ മടങ്ങിവരുന്നു എന്ന വസ്തുത നമ്മുടെ സമൂഹത്തിന്റെ മനസ് എത്രമാത്രം രോഗഗ്രസ്തമാണെന്ന സത്യത്തെക്കുറിച്ച് ചിന്തിപ്പിക്കുന്നു. മനഃസാക്ഷിയില്ലാത്തവർക്ക് മാത്രം ചെയ്യാനാകുന്ന കൃത്യമാണ് പത്തനംതിട്ടയിലും പാറശാലയിലും നടന്നത്. ധനാർത്തി ശമിപ്പിക്കാൻ വേണ്ടിയായിരുന്നു പത്തനംതിട്ടയിലെ ക്രൂരതയെന്ന് വ്യക്തമായിട്ടുണ്ട്. ശാസ്ത്രചിന്തയെ നിരാകരിച്ചുകൊണ്ട് അന്ധവിശ്വാസങ്ങൾ നമ്മുടെ സംവാദമണ്ഡലത്തിലേക്ക് തള്ളിക്കയറ്റുന്നവർക്ക് ഇത്തരം ദുഷ്പ്രവണത വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുണ്ട്. അന്ധവിശ്വാസ നിരോധിത നിയമം കൊണ്ടുവരാനുള്ള തയ്യാറെടുപ്പിലാണ് കേരള സർക്കാർ.

ചില സംസ്ഥാനങ്ങളിൽ ഇതുമായി ബന്ധപെട്ട് ശക്തമായ നിയമം നിലവിലുണ്ട്. ദുർമന്ത്രവാദവും കൂടോത്രവും ക്രിമിനൽ കുറ്റമാകുന്ന നിയമത്തിനാണ് നിയമപരിഷ്ക്കരണ കമ്മീഷൻ ശുപാർശ നൽകിയിരുന്നത്. നിയമം ലംഘിക്കുന്നവർക്ക് തടവും പിഴയും ലഭിക്കും. മന്ത്ര സിദ്ധി തിരിച്ചുപിടിക്കാനായി കമ്പക്കാനത്ത് നടന്ന കൂട്ടകൊലയെ തുടർന്നാണ് അന്ധവിശ്വാസ നിരോധന നിയമത്തെ കുറിച്ചുള്ള ചർച്ചകൾ സജീവമായത്. കൊല്ലപ്പെട്ട കൃഷ്ണന് ചില മൂർത്തികളുടെ ശക്തിയുണ്ടെന്നും കൊലപ്പെടുത്തിയാൽ ആ ശക്തി തനിക്ക് കിട്ടുമെന്നുമായിരുന്നു കൊല ചെയ്ത അനീഷിന്റെ വിശ്വാസം. കൃഷ്ണന്റെ വീട്ടിൽ സ്വർണാഭരണങ്ങളും. പണവുമുണ്ടെന്ന് പ്രലോഭിപ്പിച്ചാണ് തൊടുപുഴ സ്വദേശി ലിബീഷിനെ കൊലക്ക് കൂടെ കൂട്ടിയത്.

ഇത്തരം സംഭവങ്ങൾ നടക്കുന്നത് ഉത്തരേന്ത്യയിൽ മാത്രമാണെന്ന് പറഞ്ഞവർക്കുള്ള പ്രഹരമാണ് കേരളത്തിൽ നടന്ന സംഭവ വികാസങ്ങൾ. ധനാകർഷണ യന്ത്രങ്ങളുടെയും മറ്റും കാലമാണ് ഇന്ന്. പണവും വിദ്യാഭ്യാസവുമുള്ളവർ പോലും ഇത്തരം ആകർഷണങ്ങൾക്ക് പിന്നാലെ പായുന്നു. മഹാരാഷ്ട്രയിൽ ഇത്തരം ഒരു നിയമം ഉണ്ടാക്കിയതിനെ തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ടത് ഗുരുതര രോഗങ്ങൾക്ക് അത്ഭുത ചികിത്സ നടത്തുന്നവരാണ്. എന്നാൽ നിയമം കൊണ്ടു മാത്രം അന്ധവിശ്വാസങ്ങൾ അകറ്റാനാവുമെന്ന് ആരും കരുതുന്നില്ല. കർശനമായ ശിക്ഷകളിലൂടെ ഒരു പക്ഷേ ഇത്തരം ദുഷ്പ്രവണതകൾ നിയന്ത്രിക്കാൻ കഴിഞ്ഞേക്കും. എന്നാൽ മനോഭാവത്തിലാണ് മാറ്റം വരേണ്ടത്. തെറ്റുകളെ തെറ്റായി കാണാനും ശരികൾ മനസിലാക്കാനുമുള്ള ആർജവമാണ് ഉണ്ടാവേണ്ടത്. അതിന് ശാസ്ത്രീയ അടിത്തറ ഓരോരുത്തർക്കുമുണ്ടാവണം. അന്ധവിശ്വാസങ്ങൾക്ക് എതിരായ പ്രചരണം സ്കൂൾ തലം മുതൽ തുടങ്ങണം. അന്ധവിശ്വാസവും അനാചാരവും പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്ന വിശ്വാസം വളർത്തണം. ഇത്തരത്തിൽ മനോഭാവത്തിൽ മാറ്റം ഉണ്ടാക്കുക എന്നത് മാത്രമാണ് ഇത്തരം ദുഷ്പ്രവണതകൾ ഇല്ലാതാക്കാനുള്ള പോംവഴി.



www.malankaralibrary.com






# ഉത്തിഷ്ഠതാ ജാഗ്രതാ

'ഈ മനോഹര തീരത്തുതരുമോ
ഇനിയൊരു ജന്മം കൂടി'



ഡോ. ജിബി ഗീവർഗ്ഗീസ്

ഈ ഭൂമിയിലെമുഴുവൻസൗന്ദര്യവുംആസ്വാദ്യതയുംഅനുഭവിക്കുവാൻ ഇനിയും ജീവിതവും ജന്മവും ബാക്കി വേണമെന്നു വെമ്പുന്ന ഒരു മനസ്സോടെ വയലാർ രാമവർമ്മ കുറിച്ചിട്ട വരികൾ. എന്നാൽ ഇന്നു കുട്ടികൾ മുതൽ മുതിർന്നവർ വരെ മയക്കുമരുന്നിലും മറ്റു ലഹരി വസ്തുക്കളിലും ജീവിതം സ്വയം നശിപ്പിച്ചുകളയുന്നു എന്നു മാത്രമല്ല, സമൂഹത്തെ ഒന്നാകെ നാശത്തിൽ കൊണ്ടു ചെന്നെത്തിക്കുന്നു.

**ഇതു കഥയല്ല**

അടുത്ത കാലത്ത് ഒരു ഇരുപതു വയസ്സുകാരൻ ശരീരം മുഴുവൻ മയക്കുമരുന്നു കുത്തിവച്ച് ഒടുവിൽ ഞരമ്പു കിട്ടാതെ വന്നപ്പോൾ ജനനേന്ദ്രിയത്തിലൂടെ മയക്കു മരുന്നു കടത്തിവിട്ട്, ശരീരം മുഴുവൻ ബ്ലേഡുകൊണ്ട് വരഞ്ഞ നിലയിൽ, മരണപ്പെട്ടുകിടക്കുന്ന വാർത്ത നാം വായിച്ചു. ഇത്തരത്തിൽ അങ്ങേയറ്റം വേദനിപ്പിക്കുകയും നടുക്കുകയും ചെയ്യുന്ന വാർത്തകൾക്ക് അനുദിനം നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ എന്തുകൊണ്ട് നടക്കുന്നു? ലഹരിവസ്തുക്കൾ ഒന്നുമറിയാത്ത പിഞ്ചുകുട്ടികളിൽ വരെ സുലഭമായി എത്തപ്പെടുന്നു.

കുട്ടികളിലെ ലഹരിപ്രിയം

വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ലഹരിപ്രിയം വളരെ സങ്കീർണ്ണമായ ഒരു വിഷയമാണ്. നിലവിലെ സാഹചര്യത്തിൽ ഇവ പല രൂപത്തിലും ഭാവത്തിലും എളുപ്പത്തിൽ കുട്ടികളിൽ എത്തപ്പെടുന്നുമുണ്ട്. സിഗരറ്റ്, മിഠായി, ജാം, ചോക്ലേറ്റ്, ഐസ്ക്രീം തുടങ്ങിയവയുടെ രൂപത്തിൽ കുട്ടികൾ അറിയാതെ തന്നെ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് എത്തിപ്പെടുന്നുണ്ട്.

www.malankaralibrary.com

മയക്കുമരുന്നു മാഫിയാ സംഘങ്ങൾ ആരെയും കൂസാതെ ഒരു വലിയ വിപണനശൃംഖല തന്നെ വിദ്യാർത്ഥികൾക്കിടയിൽ വളർത്തിയെടുത്തിട്ടുണ്ട്.

**തുടക്കം സൗജന്യമായി**

മയക്കുമരുന്നു മാഫിയയുടെ ദൗത്യം തുടങ്ങുന്നത് ചെറിയ അളവിൽ സൗജന്യമായി ലഹരി നൽകിക്കൊണ്ടാണ്. മിഠായി, ജാം, സ്റ്റാമ്പ് തുടങ്ങിയവയിലൂടെ തുടക്കം. ക്രമേണ മയക്കുമരുന്നിന് അടിമയായിത്തീരുന്ന കുട്ടികൾ കൂടിയ അളവിൽ മയക്കുമരുന്ന് പണം നൽകി വാങ്ങാൻ നിർബന്ധിതരാകുന്നു. മാതാപിതാക്കളോട് തട്ടിക്കയറാനോ ആരെ വേണമെങ്കിലും ഉപദ്രവിക്കാനോ പോക്കറ്റടിക്കാനോ മാലപൊട്ടിക്കാനോ ഒന്നും മടിയില്ലാതെ കൊടും കുറ്റവാളികളായി ക്രമേണ കുട്ടികളെ അവർ മാറ്റിയെടുക്കുന്നു. മയക്കുമരുന്ന് മാഫിയകളെ വളരാൻ അനുവദിച്ച നമ്മുടെ അലംഭാവത്തിന് നാമിന്ന് വലിയ വില കൊടുത്തുകൊണ്ടിരിക്കുകയാണ്. ലഹരിമരുന്നു മാഫിയയ്ക്കുവേണ്ടി എന്തും ചെയ്യുന്ന ഗുണ്ടകളായി മാറുകയാണ് നമ്മുടെ കുഞ്ഞുങ്ങൾ...




**ഭാവിവാഗ്ദാനങ്ങൾ**

രാജ്യത്തിന്റെ ഭാവിവാഗ്ദാനങ്ങളായ കുഞ്ഞുങ്ങളുടെ തലച്ചോറും ഞരമ്പുകളും കരളും കിഡ്നിയുമൊക്കെ താറുമാറാക്കി, ചെറുപ്രായത്തിൽ തന്നെ ബോധം, ചിന്താശക്തി, പെരുമാറ്റം, വൈകാരികക്ഷമത, ശാരീരികക്ഷമത, ഊർജ്ജസ്വലത എല്ലാം നഷ്ടമാക്കി, ജീവിക്കുന്ന മൃതശരീരങ്ങളായി അവർ മാറുന്നു. കണ്ണീർ കണ്ടാൽ നെഞ്ചു തകരില്ല, നോവില്ല, ചുണ്ടിൽ പുഞ്ചിരി വിരിയില്ല, ദിനചര്യകളിൽ ശ്രദ്ധയില്ല, ഉറക്കമില്ല, ഉത്സാഹമില്ല... ഇതാണോ ജീവിതം?

**വിഷലോകത്തേക്കുള്ള വഴി അടയ്ക്കണ്ടേ?**

ഗവൺമെന്റ് തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സ്കൂളും കുടുംബവും സമൂഹവും സന്നദ്ധ സംഘടനകളും ഒന്നായി ഉണർന്ന് പ്രവർത്തിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ഏറ്റവും വിഷമകരമായ വസ്തുത ഇത്തരം സംഭവങ്ങൾ നടന്നതിനു ശേഷം കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് അന്വേഷണ, നിയമ നടപടികളിലൂടെ ശിക്ഷ ഉറപ്പാക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഇത്തരം സംഭവങ്ങൾ നമ്മുടെ വീടിനുള്ളിലോ സ്കൂളിലോ പരിസരങ്ങളിലോ ആവർത്തിക്കാതിരിക്കാൻ വേണ്ട കരുതലും ജാഗ്രതയും നാം കാട്ടണം.

പഠനത്തിനും ഉദ്യോഗത്തിനുമായി പുറത്തുപോകുന്ന നമ്മുടെ മക്കൾക്കും ഇത്തരം ദുരന്തങ്ങൾ വന്നു ഭവിക്കാമെന്നും അവരെയും ഹീനമായ കുറ്റകൃത്യങ്ങളിൽ കുരുക്കിയേക്കാമെന്നുമുള്ള ജാഗ്രത നമുക്കേവർക്കും ഉണ്ടാകേണ്ടതുണ്ട്. അത്തരമൊരു സാഹചര്യം എന്റെ വീട്ടിലെ ആർക്കും ഉണ്ടാകുകയില്ലെന്ന് ആർക്കെങ്കിലും നെഞ്ചിൽ കൈവച്ച് പറയാൻ കഴിയുമോ? ഈ ദുരിതങ്ങൾ നമ്മുടെ വീടിനു ചുറ്റും ഉണ്ട്, നമ്മുടെ മക്കൾ സഞ്ചരിക്കുന്ന വഴികളിലുണ്ട്, സ്കൂൾ ക്യാമ്പസിനുള്ളിൽ ഉണ്ട്. നമ്മുടെ മക്കളുടെ മനസ്സിൽ ഉണ്ടാക്കിയെടുക്കുന്ന ഇത്തരം ക്രിമിനലൈസേഷൻ പ്രക്രിയകളെക്കുറിച്ചുള്ള ബോധ്യം ഉണ്ടാകണം. ക്രിയാത്മകമായ പ്രവൃത്തികളിലൂടെ മയക്കുമരുന്നിന്റെ വേരുകൾ അറുത്തുമാറ്റണം. അതാണ് നമ്മുടെ കടമയും കാലഘട്ടത്തിന്റെ അനിവാര്യതയും.

ഒരു കുട്ടി റാങ്കു വാങ്ങുമ്പോഴും കഴിവുകൾ തെളിയിക്കുമ്പോഴും അവന്റെ നേട്ടത്തിൽ അവകാശം

www.malankaralibrary.com

പങ്കിടാൻ വെമ്പൽ കാട്ടുന്ന വീട്ടുകാരും നാട്ടുകാരും വിദ്യാഭ്യാസ സ്ഥാപനങ്ങളും നമ്മുടെ കുട്ടികളിലൊരാൾ ഒരു കുറ്റകൃത്യത്തിൽ പ്രതിസ്ഥാനത്താവുമ്പോൾ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാറില്ല. എല്ലാ തെറ്റുകൾക്കും ഉത്തരവാദി കുട്ടി മാത്രമാണെന്നു നാം ധരിക്കുന്നു. എന്നാൽ ഈ ദുരവസ്ഥയ്ക്ക് തങ്ങളും ഉത്തരവാദികളാണെന്ന തിരിച്ചറിവാണ് വേണ്ടത്.

**ജീവിതമാകട്ടെ ലഹരി**

നല്ല സൗഹൃത്ബന്ധങ്ങൾ പലർക്കും ലഹരിയാണ്. കുടുംബവുമായി ചേർന്ന് സന്തോഷം പങ്കിടുമ്പോഴും പാട്ടുപാടുമ്പോഴും നല്ല ഭക്ഷണം കഴിക്കുമ്പോഴും യാത്ര പോകുമ്പോഴും കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോഴും താളത്തിനൊപ്പം നൃത്തച്ചുവടുകൾ വയ്ക്കുമ്പോഴും പ്രകൃതിയെ വീക്ഷിക്കുമ്പോഴും ഒക്കെ നമ്മിൽ സന്തോഷം ഉണ്ടാകാറുണ്ട്. സന്തോഷത്തിന്റെ ഹോർമോൺ ആയ ഡോപ്പമിൻ തലച്ചോറിൽ ഉത്പാദിപ്പിക്കാറുണ്ട്. ഇത്തരത്തിലുള്ള ഡോപ്പമിൻ ഉത്പാദനം ശരീരത്തിനും നല്ലതാണ്. എന്നാൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുമ്പോൾ അമിതമായ അളവിൽ ഡോപ്പമിൻ ഉത്പാദിപ്പിക്കപ്പെടുകയും അതു തലച്ചോറിന്റെ കോശങ്ങളെ നശിപ്പിക്കുകയും ചെയ്യും. തലച്ചോറിലെ കോശങ്ങൾ നശിച്ചുപോയാൽ വീണ്ടും ഉണ്ടാവുകയില്ല. അതിനാൽ മിതമായ അളവിൽ ഡോപ്പമിൻ ഉദ്പാദിപ്പിക്കുന്ന നല്ല ബന്ധങ്ങളാകട്ടെ നമ്മുടെ ജീവിതലഹരി.

**ചില പരിഹാരമാർഗ്ഗങ്ങൾ**

1) നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കുക
2) അനുദിന, നിതാന്ത ജാഗ്രത തുടരുക
3) തെറ്റായ കാര്യങ്ങളോട് തന്റേടത്തോടെ 'No' പറയാൻ പരിശീലിക്കുക
4) കുട്ടികളുടെ ദിനചര്യകളിൽ, പഠനത്തിൽ, ഊർജ്ജസ്വലതയിൽ മാറ്റങ്ങൾ ഉണ്ടാകുന്നുവെങ്കിൽ മാതാപിതാക്കൾ കൂടുതൽ ശ്രദ്ധചെലുത്തുക. കുട്ടികളുടെ ഉൾവലിയൽ ലക്ഷണങ്ങളെ അവഗണിക്കരുത്.
5) വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിതാന്ത ജാഗ്രത പുലർത്തുക. മയക്കുമരുന്ന് സ്കൂൾ ക്യാംപസ്സിൽ ഒരു കാരണവശാലും അനുവദിക്കില്ലെന്ന് പ്രതിജ്ഞയെടുക്കുക
6) സർക്കാർ- സ്കൂൾ തലങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ക്രിയാത്മകമായി പ്രവർത്തിക്കുക
7) തങ്ങളുടെ പ്രശ്നങ്ങൾ രക്ഷിതാക്കൾ, അദ്ധ്യാപകർ, കൗൺസിലർമാർ എന്നിവരുമായി പങ്കുവയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകുക
8) ദൈവത്തിൽ ആശ്രയിക്കാൻ കുട്ടികളെ പഠിപ്പിക്കുക. പ്രത്യേകിച്ച് പ്രാർത്ഥനയിൽ വളർത്തുക.

* നാലാഞ്ചിറ മാർ തെയോഫിലോസ് ട്രയിനിംഗ് കോളജിലെ മനശാസ്ത്രവിഭാഗത്തിൽ നിന്നും വിരമിച്ച അദ്ധ്യാപികയാണ് ലേഖിക.



www.malankaralibrary.com



ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ
വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട
മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായ്ക്ക്

**പ്രാർത്ഥനാശംസകൾ**

www.malankaralibrary.com

RHYTHM OF FAITH
Registered
KERMAL 15375/11/1/2013-TC
Ministry of Information and Broadcasting

# ബത്തേരി രൂപതാ പ്രസിദ്ധീകരണം




## വായിക്കുക
## പ്രചരിപ്പിക്കുക

## ക്രിസ്തുമസ് പുതുവത്സരാശംസകൾ

Published by The Chairman, Media Commission, Diocese of Bathery
Catholic Bishops House, Sulthan Bathery, Wayanad, Kerala,
Email: frbiji@gmail.com